# രഘുവംശചരിത്രം

(ഗദ്യകാവ്യം)

---

പരിഭാഷകൻ

സി. കുഞ്ഞിരാമമേനോൻ.

---

[illegible]

11C
16(1)
14/102

# രഘുവംശചരിത്രം

(ഗദ്യകാവ്യം)

---

പരിഭാഷകൻ

സി. കുഞ്ഞിരാമമേനോൻ.

---

പ്രസാധകൻ

പി. എസ്സ്. അനന്തനാരായണശാസ്ത്രി.

---

(പകൎപ്പവകാശം പരിഭാഷകന്ന്.)

---

1093

---

PRINTERS & PUBLISHERS

THE MANGALODAYAM CO., LTD., TRICHUR.

വില അണ പന്ത്രണ്ട്] [12-ണ

# മുഖവുര.

പൌരാണികവും ആധുനികവുമായ വിദ്യാഭ്യാസരീതികളെ തമ്മിൽ തട്ടിക്കിഴിച്ചുനോക്കിയും, നവീനജീവിതത്തിന്റെ ആവശ്യങ്ങളെ മനസ്സിലാക്കിയും, ഭാരതീയനേതാക്കന്മാർ മാത്രമല്ലാ സർവ്വകലാശാലക്കാർ കൂടി ദേശഭാഷാഭ്യസനത്തിന്നു പ്രാധാന്യം കൊടുക്കേണ്ടതാണെന്നു അഭിപ്രായപ്പെട്ടുതുടങ്ങിയ കാലമാണല്ലൊ ഇത്. 'ഇംഗ്ലീഷുഭാഷയിൽ ആലോചിച്ചു ദേശഭാഷയിൽ എഴുതുന്ന സമ്പ്രദായവും, ദേശഭാഷയിൽ മതിയായ പരിജ്ഞാനമില്ലാത്തവർ വിദേശഭാഷയിൽനിന്നു തർജ്ജമ ചെയ്യുന്ന സമ്പ്രദായവും നിർത്തൽചെയ്താലല്ലാതെ ദേശഭാഷയ്ക്കു അഭിവൃദ്ധി ഉണ്ടാകുന്നതല്ലെ'ന്നാണു സർ. രവീന്ദ്രനാഥടാഗോർ ബലമായി അഭിപ്രായപ്പെട്ടിട്ടുള്ളത്. ഇംഗ്ലീഷുഭാഷയിൽ അനന്യസാധാരണമായ വ്യുൽപത്തിസമ്പാദിച്ചിട്ടുള്ള സർ. ടാഗോർ എഴുതുന്നതെല്ലാം ആദ്യം ദേശഭാഷയായ ബങ്കാളിയിലാണ്. ഇതു നിമിത്തം ഭാഷയ്ക്കുണ്ടാകുന്ന ഗുണത്തിന്നു പുറമെ അദ്ദേഹത്തിന്റെ ഏതു കൃതി

ക്കം ഒരു പുതുമയും തന്മയത്വവും കാണ്മാനുണ്ട്. ഈ പുതുമ അദ്ദേഹത്തിന്റെ തൎജ്ജമകൾക്കും ഉണ്ട്. അതുകൊണ്ട് വിദേശഭാഷാജ്ഞാനമുള്ളവൎക്ക ദേശഭാഷയിൽ നല്ല അറിവുണ്ടായി, തൎജ്ജമചെയ്തു തുടങ്ങുന്നതിന്നുമുമ്പായി ദേശഭാഷയിൽ വിഷയങ്ങൾ ആലോചിച്ചെഴുതുവാനുള്ള സാമൎത്ഥ്യം ഉണ്ടാക്കിക്കൊടുക്കണം എന്നാണ് ഒരഭിപ്രായം.

ദേശഭാഷാഭ്യസനത്തിന്ന പ്രാധാന്യം കൊടുക്കേണ്ടതാണെന്നുള്ള അഭിപ്രായത്തിന്ന ദിവസം ചെല്ലുംതോറും ശക്തി കൂടിക്കൊണ്ടിരിക്കയാണു ചെയ്യുന്നത്. രാജഭാഷയിലും മററു വിദേശഭാഷകളിലും ജ്ഞാനം സമ്പാദിപ്പാൻ ആവശ്യമുള്ളവരും, നിവൃത്തിയുള്ളവരും, ഉത്സാഹമുള്ളവരും അപ്രകാരം ചെയ്തുകൊള്ളട്ടെ. സാമാന്യവിദ്യാഭ്യാസം അതാതു ദേശഭാഷയിൽ തന്നെ ആവണം. അങ്ങിനെ ആവേണമെങ്കിൽ ശാസ്ത്രീയവിഷയങ്ങളെ പ്രതിപാദിക്കുന്ന പുസ്തകങ്ങൾ അധികം ഉണ്ടാകാതെ തരമില്ല. സാങ്കേതികശബ്ദങ്ങൾ ഉള്ളതു ശേഖരിച്ചും ഇല്ലാത്തതു കടംവാങ്ങിയും, ഉണ്ടാക്കിയാൽകൂടി ദേശഭാഷയിലും വിദേശഭാഷയിലും ഒരുപോലെ പാണ്ഡിത്യം സിദ്ധിച്ച തൎജ്ജമകാരൻ

വേണ്ടിവരുന്നു. ഇതാണ് രണ്ടാമത്തെ അഭിപ്രായം.

മതിയായ അന്വേഷണങ്ങൾ ചെയ്യാതെ വിദേശികൾ എഴുതിയ നമ്മുടെ ചരിത്രങ്ങളും നമ്മുടെ പ്രത്യേകോപയോഗത്തിന്നായി വിദേശികൾതന്നെ വിദേശങ്ങളെപ്പററി എഴുതിയ ചരിത്രങ്ങളും വായിച്ചുകഴിച്ച് വളരെ ചെറുപ്പം മുതല്ക്കുതന്നെ സ്വദേശത്തെപ്പററിയും പൂർവ്വികന്മാരെപ്പററിയും നിന്ദ ഉണ്ടായിത്തീൎന്ന് സ്വാത്മാഭിമാനവും സ്വരാജ്യസ്നേഹവും ഇല്ലാതാകുന്നുവെന്നാണ് ചിലർ പറയുന്നത്. ഇപ്പോഴത്തെ വിദ്യാഭ്യാസരീതി കാരണം നേരിട്ടിട്ടുള്ള ഈ ദോഷത്തിന്നു പരിഹാരം വരുവാനുപകരിക്കുന്ന പുസ്തകങ്ങൾ പലതരത്തിലും ധാരാളം ദേശഭാഷയിൽ ഉണ്ടായിത്തീരേണമെന്നാണ് മൂന്നാമത്തെ അഭിപ്രായം.

ഇപ്രകാരമുള്ള അഭിപ്രായങ്ങളൊക്കെ പുതിയപുസ്തകങ്ങൾ എഴുതുന്നവരുടെ മൂലതത്വങ്ങളായിരിക്കേണ്ടതാണെങ്കിൽ ആ തത്വങ്ങളെ അവലംബിച്ചാണ് ഈ പുസ്തകം എഴുതീട്ടുള്ളതെന്ന് ഒരു സമാധാനത്തിന്നവകാശമുണ്ട്. ഈ ശ്രമം എല്ലാ സംഗതികളിലും ഒരുപോലെ ഫലിച്ചിട്ടുണ്ടെന്നു എ

നിക്ക് അഭിമാനമില്ല. കാളിദാസമഹാകവിയുടെ രഘുവംശകാവ്യത്തിന്നു പ്രാധാന്യം കൊടുപ്പാനും ഗദ്യത്തിൽ എഴുതുവാനും ഉണ്ടായ കാരണങ്ങൾ സഹൃദയന്മാർ ആലോചിച്ചറിവാൻ പ്രയാസമില്ലെന്നു വെച്ച് അതിനെപ്പററി പ്രത്യേകമായൊന്നും പറയുന്നില്ല. പൂർവ്വകാലങ്ങളിൽ സാഹിത്യത്തിലും മററു വിഷയങ്ങളിലും ഉൽകൃഷ്ടവിദ്യാഭ്യാസം വേണ്ടിവരുമ്പോൾ രഘുവംശകാവ്യം എല്ലാ വിദ്യാർത്ഥികളും പഠിപ്പാൻ നിർബ്ബന്ധിതന്മാരായിരുന്നു. ആ മഹാകാവ്യത്തെ ഭാഷയിൽ ഗദ്യകാരന്മാരായി തീരേണ്ടവരായ വിദ്യാർത്ഥികളുടെ ഉപയോഗത്തിന്നായി തർജ്ജമചെയ്തെഴുതിയത് ആവശ്യമല്ലെന്നു വരുന്നതല്ലല്ലൊ. ഈ രഘുവംശകാവ്യത്തെത്തന്നെ തെരഞ്ഞെടുത്തതിന്നു വേറെയും പല കാരണങ്ങളില്ലെന്നില്ല.

1. കാളിദാസമഹാകവിയെപ്പററി വളരെയൊക്കെ കേട്ടിട്ടുണ്ടെങ്കിലും, അദ്ദേഹത്തിൻെറ ആശയവിശേഷങ്ങളെ അന്യാപേക്ഷകൂടാതെ മനസ്സിലാക്കുവാൻ സംസ്കൃതജ്ഞാനം ഇല്ലാത്തവരെ സഹായിക്കണം.

2. കാളിദാസമഹാകവിയുടെ രഘുവംശം മൂ

ലമോ അതിന്റെ പദ്യതർജ്ജമയോ പഠിപ്പാൻ തുടങ്ങുന്നതിന്നുമുമ്പായി ഈ മഹാകാവ്യത്തിൽ എളുപ്പമായ ഒരു പ്രവേശം സിദ്ധിക്കുന്നതിന്നായി കവിയുടെ യോഗ്യതയും, കഥാസ്വരൂപവും ഏതാണ്ട് മനസ്സിലാക്കുന്നതിന്നുപകരിക്കണം.

3. ദേശഭാഷയിൽ ഗദ്യം എഴുതുന്നതിൽ അലങ്കാരസമ്മിശ്രമായ ഒരു പുതിയ പന്ഥാവ് ഉണ്ടാവണം. എന്നാലേ വിദേശഭാഷാസങ്കരംകൊണ്ട് അല്പം മലിനപ്പെട്ടു കിടക്കുന്ന നമ്മുടെ ഭാഷയ്ക്കു തന്മയത്വവും പ്രൌഢതയും കിട്ടുകയുള്ളു. സംസ്കൃതഭാഷയുടെ സംരക്ഷണയിൽ ജനിച്ചുവളൎന്നു പുഷ്ടിപ്പെട്ട കേരളഭാഷയ്ക്കു വിദേശഭാഷയുടെ സംരക്ഷണയിൽ സുഖം തോന്നുവാൻ വഴിയില്ലല്ലോ.

4. കേരളത്തിൽ ഗദ്യമെഴുത്തും പദ്യമെഴുത്തും രണ്ടുംകൂടി ശീലമുള്ളവർ കുറവായതുകൊണ്ടും സംസ്കൃതപാണ്ഡിത്യം കൂടാതെ മനസ്സിലാക്കുവാൻ സാധിക്കുന്ന കൃതികൾ ഇക്കാലങ്ങളിൽ കുറെ കുറവായതുകൊണ്ടും വിദ്യാൎത്ഥികളിൽ ഭൂരിപക്ഷവും അധികം കാഠിന്യമില്ലാത്ത ഗദ്യകാവ്യങ്ങളാണ് ഇഷ്ടപ്പെടുന്നത്.

5. രാമായണം കഥ സാമാന്യം എല്ലാവൎക്കും

ഗദ്യപദ്യരൂപേണ അറിവാൻ ഇടയായിട്ടുണ്ട്. ഒരു പ്രസിദ്ധകവിയുടെ മനോധൎമ്മത്തോടും ചമല്ക്കാരത്തോടുംകൂടി എഴുതിയുണ്ടാക്കിയതും രാമായണകഥയ്ക്കു മുമ്പുള്ളതുമായ ഈ കഥക്കു ചരിത്രദൃഷ്ട്യാ പ്രാധാന്യം ഉള്ളതുകൊണ്ടു പ്രാചീനഭാരതത്തെപ്പററി ബഹുമാനം തോന്നിക്കുവാൻ ഈ കാവ്യത്തിൽ അധികം ശക്തി കാണ്മാനുണ്ട്.

6. ക്ലാസ്സിൽ പാഠങ്ങൾ പഠിപ്പിക്കുമ്പോൾ പണ്ഡിതന്മാൎക്കു വിവരിക്കുവാനും അവരവരുടെ പാണ്ഡിത്യത്തെ വിദ്യാൎത്ഥികൾക്കുപയോഗപ്രദമാക്കുവാനും കാളിദാസമഹാകവിയുടെ ഈ കാവ്യത്തിൽ വളരെ സന്ദൎഭങ്ങൾ കാണ്മാനുണ്ട്.

7. ഉയൎന്ന ക്ലാസ്സുകളിൽ ദേശഭാഷയ്ക്കും വിഷയത്തിനും അല്പം പ്രൌഢതകൂട്ടേണ്ടതാവശ്യമാണെന്ന് ഒരു നിശ്ചയം കാണ്മാനുണ്ട്. പ്രത്യയങ്ങൾ മാററി അപ്രസിദ്ധവും അനാവശ്യവുമായ സംസ്കൃതപദങ്ങൾ ചേൎത്തുകൊണ്ടു മാത്രം പ്രൌഢത സിദ്ധിക്കുന്നതല്ലല്ലൊ.

ഈ വക സംഗതികളും ഇപ്രകാരം ഒരു തൎജ്ജമ ആവശ്യമാണെന്ന് ആലോചിച്ചുറപ്പാൻ കാരണങ്ങളായിട്ടുണ്ട്. പലതരത്തിലുമുള്ള വ്യാഖ്യാന

ങ്ങളുടെ സഹായത്തോടും, വ്യംഗ്യാർത്ഥങ്ങളെ വേണമെന്നു തോന്നിയ ദിക്കിലൊക്കെ വിവരിച്ചു ചേൎക്കുന്നതിലും ശ്ലോകങ്ങൾ തമ്മിലുള്ള ബന്ധത്തെ ക്രമപ്പെടുത്തുന്നതിലും എടുത്ത സ്വാതന്ത്ര്യത്തോടും, പണ്ഡിതന്മാരായ പലരുടേയും ഉപദേശത്തോടും കൂടി എഴുതിയുണ്ടാക്കിയ ഈ കൃതിക്കു ഞാൻ പ്രത്യേകം യാതൊരഭിനന്ദനവും അൎഹിക്കുന്നില്ല. അങ്ങിനെ ഒരു മോഹം തന്നെ ഉണ്ടായിട്ടില്ല. ഗദ്യകാവ്യനിൎമ്മാണത്തിൽ ഇപ്രകാരം ഒരു പുതിയ പ്രസ്ഥാനം കണ്ടുപിടിച്ചതിന്നു വല്ല സമ്മാനവും ഉണ്ടെങ്കിൽ അതു നല്ലതായാലും ചീത്തയായാലും എനിക്കു മാത്രമുള്ള പ്രതിഫലമാണെന്നു മഹാജനങ്ങളെ മുൻകൂട്ടി അറിയിപ്പാൻ ഞാൻ കടപ്പെട്ടിട്ടുണ്ട്.

രഘുവംശകാവ്യത്തിൽ പല പാഠഭേദങ്ങളും കാണ്മാനുണ്ട്. എന്നാൽ സൎവ്വസമ്മതമായ അരുണാമലയുടെ പാഠത്തെയാണ് ഞാൻ സ്വീകരിച്ചിട്ടുള്ളത്.

ചരിത്രദൃഷ്ട്യാ നോക്കുമ്പോൾ ശ്രീരാമന്റെ കാലത്തിന്നും മുമ്പുള്ള രാജാക്കന്മാരുടെ ചരിത്രത്തിന്നു വളരെ ഗൌരവമുള്ളതുകൊണ്ടും ആ ചരിത്ര

ങ്ങളുടങ്ങിയ ഈ ആറു സൎഗ്ഗങ്ങൾ ഗദ്യരീതിയിൽ പരിഭാഷപ്പെടുത്തുവാൻ അധികം യോജിച്ചതാക കൊണ്ടും രഘുവംശത്തിൽ ആദ്യത്തെ ആറു സൎഗ്ഗങ്ങൾ മാത്രമേ തൽക്കാലം ഇതിൽ തൎജ്ജമ ചെയ്തിട്ടുള്ളു.

ഈ പുസ്തകം എഡിററുചെയ്തു പ്രസിദ്ധപ്പെടുത്താമെന്നു സദയം സമ്മതിച്ച പ്രസിദ്ധപണ്ഡിതനായ മ. രാ. രാ. പി. എസ്സ്. അനന്തനാരായണശാസ്ത്രി അവർകളോടും, ഈ തൎജ്ജമ മുഴുവനും വായിച്ചു പ്രസ്സിൽ ഏല്പിച്ചുകൊടുക്കുന്നതിന്നു മുമ്പായി വിലയേറിയ ഉപദേശങ്ങൾ തന്ന പണ്ഡിതർ കെ. വാസുദേവൻ മൂസ്സത് അവർകളോടും എനിക്കുള്ള കൃതജ്ഞതയെ റിക്കാൎട്ടാക്കാതെ ഈ മുഖവുര പൂൎണ്ണമാകുന്നതല്ല.

എന്ന്

തൃശ്ശിവപേരൂർ
16—12—92

സി. കെ. ആർ. എം.

## കാളിദാസനും

# രഘുവംശകാവ്യവും.

---

മഹാകവി കാളിദാസരുടെ ജീവകാലത്തെപ്പററി പൌരസ്ത്യരും പാശ്ചാത്യരുമായ ചരിത്രജ്ഞന്മാർ പല പ്രകാരത്തിൽ നിരൂപണം ചെയ്തു പല അഭിപ്രായങ്ങളും പുറപ്പെടുവിച്ചിട്ടുണ്ടു്. അദ്ദേഹത്തിൻെറ ജന്മഭൂമി മാളവദേശത്താണെന്നും അധികകാലം അദ്ദേഹം പാർത്തതു് ഉജ്ജയിനിയിലാണെന്നും ചിലർ അഭിപ്രായപ്പെടുന്നുണ്ടു്. അദ്ദേഹത്തിൻെറ ഋതുസംഹാരം മുതലായ കാവ്യങ്ങളിലുള്ള വർണ്ണനകൾ നോക്കിയാൽ മാളവദിക്കിനെപ്പററി അദ്ദേഹത്തിന്നു വളരെ അറിവുണ്ടായിരുന്നുവെന്നും മേഘസന്ദേശത്തിൽ ഉജ്ജയിനിയെപ്പററി പ്രത്യേകപ്രതിപത്തിയോടെ വർണ്ണിച്ചുകാണുന്നതുകൊണ്ടു് അദ്ദേഹം ഉജ്ജയിനിയിൽ പാർത്തിട്ടുണ്ടായിരുന്നുവെന്നും ഊഹിക്കുന്നു. ജീവിതകാലം ക്രിസ്താബ്ദം 6-ാം നൂററാണ്ടിലാണെന്നു് അധികം പേർ അഭിപ്രായപ്പെടുന്നുണ്ടു്. ഭോജരാജാവിൻെറ സദസ്സിൽ കാളിദാസൻ പ്രധാനപ്പെട്ട ഒരു കവിയായിരുന്നുവെന്നു പല ഐതിഹ്യങ്ങളുമുണ്ടു്. എന്നാൽ പരേതനായ അപ്പാശാസ്ത്രികൾ എന്ന വി

ദാൻ കാളിദാസരുടെ കാലം 6-ാം നൂറ്റാണ്ടാണെന്നുള്ള പക്ഷത്തെ ഖണ്ഡിച്ചു ക്രിസ്ത്വാബ്ദാരംഭത്തിന്നുമുമ്പ് 1-ാം നൂറ്റാണ്ടിലാണെന്നും, അദ്ദേഹം വിക്രമാൎക്കരാജാവിന്റെ സദസ്സിൽ 'നവരത്നങ്ങൾ' എന്നു പ്രസിദ്ധന്മാരായ ധന്വന്തരി മുതലായ മഹാകവികളോടുകൂടിയാണ് പാൎത്തിരുന്നതെന്നും യുക്തിപ്രമാണങ്ങളോടുകൂടി സ്ഥാപിച്ചിട്ടുണ്ട്.

ഈ മഹാകവിയുടെ കൃതിയായ ശാകുന്തളം, വിക്രമോൎവ്വശീയം, മാളവികാഗ്നിമിത്രം എന്നു മൂന്നു നാടകങ്ങളും, രഘുവംശം, കുമാരസംഭവം, മേഘസന്ദേശം, ഋതുസംഹാരം എന്നീ കാവ്യങ്ങളും ഇപ്പോൾ പ്രചാരത്തിലിരിക്കുന്നുണ്ട്. പദ്യകൃതികളിൽ ആദ്യത്തേതാണ് രഘുവംശം എന്നു വിചാരിച്ചുവരുന്നു. 19 സൎഗ്ഗമുള്ള ഈ കാവ്യം എത്രയോ ഹൃദ്യമാണെന്നു സൎവ്വരും സമ്മതിക്കുന്നുണ്ട്. ഈ കാവ്യത്തെ പല പാശ്ചാത്യഭാഷകളിലും തൎജ്ജമ ചെയ്തിട്ടുമുണ്ട്. ഇതിൽ ആദ്യത്തേതായ 'വാഗൎത്ഥാവിവസംപൃക്തൌ' എന്ന ശ്ലോകം വിദ്യാരംഭസമയത്തു ഗുരുക്കന്മാർ ശിഷ്യൎക്ക് ഉപദേശിക്കാറുണ്ട്. രമണീയങ്ങളായ ശബ്ദാൎത്ഥങ്ങളെക്കൊണ്ടും, ഹൃദയത്തിൽ അനായാസേന പതിയുന്ന ഭംഗിയേറിയ അലങ്കാരങ്ങളെക്കൊണ്ടും, മനോഹരങ്ങളായ

രസഭാവാദികളെക്കൊണ്ടും, വിശിഷ്ട വ്യംഗ്യാൎത്ഥ പ്രാധാന്യംകൊണ്ടും ഈ കാവ്യം സൎവ്വഥാ മനോഹരമാകുന്നു.

രാമായണകഥയ്ക്കു മുമ്പും പിമ്പുമുള്ള പല രാജാക്കന്മാരുടെ കഥകൾ ഇതിൽ വൎണ്ണിക്കുന്നുണ്ട്. അവയൊക്കെ ഇന്ത്യാചരിത്രത്തിന്റെ ഭാഗമാണെന്നു പറയേണ്ടതില്ലല്ലോ. ഈ രാമായണം കഥ തന്നെ ഇതിൽ വൎണ്ണിച്ചിട്ടുള്ളത്, ആദികവിയായ വാല്മീകിയൊഴിച്ചുള്ള കവികൾക്കു സ്മരിക്കുവാൻകൂടി കഴിയാത്തവിധം അത്ര ഭംഗിയോടുകൂടിയാണ്. ദിലീപന്റെ ഭരണത്തോടുകൂടി ആരംഭിക്കുന്ന ഈ കാവ്യം, ധൂൎത്തനും സ്ത്രീജിതനുമായ അഗ്നിവൎണ്ണൻ എന്ന രാജാവ് അതിഭോഗത്താൽ ക്ഷയം പിടിച്ചു മരിച്ചതോടുകൂടി അദ്ദേഹത്തിന്റെ ഗൎഭിണിയായ ഭാൎയ്യയിൽ രാജ്യഭാരം അൎപ്പിച്ചുകൊണ്ടാണ് അവസാനിക്കുന്നത്. (ഇതിനുശേഷം കാളിദാസൻ എഴുതിയ ഭാഗം നശിച്ചുപോയതാണെന്നു ഒരു പക്ഷാന്തരമുണ്ട്.) ഈ അതിദീൎഘമായ കാലത്തിനുള്ളിൽ സൂൎയ്യവംശത്തിൽ എത്രയോ യോഗ്യന്മാരായ രാജാക്കന്മാർ—രാമായണകഥാപുരുഷനായ സാക്ഷാൽ ശ്രീരാമൻ കൂടി— രാജ്യം വാണിട്ടുണ്ട്.

അവരിൽ ഒരാളാണ് രഘു. ഈ സ്ഥിതിക്ക് ഈ കാവ്യത്തിന്ന 'സൂൎയ്യവംശം' എന്നോ മറോറാ പേർ കൊടുക്കാതെ രഘുവിൻെറ പേർ പിടിച്ച 'രഘുവംശം' എന്ന പേരിട്ടതു, മററെല്ലാ രാജാക്കന്മാരെക്കാളും ഗുണവാൻ രഘുവാകയാലായിരിക്കണമെന്ന ചിലർ അഭിപ്രായപ്പെടുന്നുണ്ട്. ദിലീപൻ രഘുവിന്ന് ആ പേരിടുവാൻ കാരണം 'രഘു' എന്ന ശബ്ദത്തിൽ ഘടിതമായ ധാതുവിൻെറ അൎത്ഥം നോക്കി രഘു ഭൂമിക്കൊക്കയും നാഥനാവുമെന്നും ദിഗന്തവിശ്രാന്തകീൎത്തിയാവുമെന്നും കണ്ടിട്ടാണെന്ന കവി പറയുന്നു. അതുപ്രകാരം ഈ കാവ്യവും ലോകത്തിലൊക്കയും പ്രസിദ്ധമായി, സാഹിത്യലോകചക്രവൎത്തിയായിത്തീരുമെന്ന കണ്ടിട്ടാണോ കവി ഈ കാവ്യത്തിന്ന രഘുവംശം എന്ന പേരിട്ടത് എന്ന തോന്നും. മഹാകവിയുടെ ഇംഗിതം എങ്ങിനെ അറിയാം? അതിരിക്കട്ടെ.

ഇതിൽ വൎണ്ണിക്കപ്പെട്ട ഓരോ രാജാക്കന്മാരുടേയും ചരിത്രം ഓരോ പ്രകാരത്തിൽ വിശേഷം കൂടിയതും ഓരോ പ്രത്യേകപാഠങ്ങൾ പഠിക്കുവാൻ ഉപകരിക്കുന്നതുമാണ്. കാവ്യത്തിൻെറ ഉദ്ദേശം പുരുഷാൎത്ഥോപദേശവും രസാസ്വാദനവുമാണല്ലോ.

ഇതിൽ ദിലീപൻ മുതലായ ചില രാജാക്കന്മാരു ടെ ചരിത്രത്തിൽനിന്നു നാം ധമ്മരഹസ്യത്തെ മ നസ്സിലാക്കുന്നു. അവയിൽ വീരരസമാണ് പ്രധാ നം. രഘു മുതലായവരുടെ ചരിത്രത്തിൽ അത്ഥ ത്തേയും മോക്ഷത്തേയും സംബന്ധിച്ച ഉപദേശം അടങ്ങിയിരിക്കുന്നു. അവയിൽ വീരരസവും ശാ ന്തരസവും പ്രധാനമാണ്. അഗ്നിവണ്ണചരിത്രത്തി ലും മറ്റും കാമോപദേശവും ശൃംഗാരരസവുമാണ് പ്രധാനം. അജവിലാപാദിഘട്ടങ്ങളിൽ കരുണം, താടകാദികഥകളിൽ ബീഭത്സം, ശൂപ്പണകാദിക ഥയിൽ ഹാസ്യഭയാനകങ്ങൾ, പരശുരാമവണ്ണന യിൽ രൌദ്രം, മായാസിംഹവണ്ണനയിൽ അത്ഭു തം എന്നീ രസങ്ങൾ പ്രധാനമായി വ്യഞ്ജിക്കുന്നു ണ്ട്. ഇപ്രകാരം സകല പുരുഷാത്ഥങ്ങളേയും ഉപ ദേശിക്കുന്നതും, സകല രസങ്ങളും, ഇതരകാവ്യല ക്ഷണങ്ങളും ചേൎന്നതുമായ ഈ മഹാകാവ്യം ഇത രകാവ്യങ്ങളെക്കാൾ ഉൽകൃഷ്ടമാണെന്നു നിസ്സംശ യം പറയാം.

രഘുവംശത്തെപ്പറ്റി പ്രത്യേകിച്ച ചില സം ഗതികൾ പ്രസ്താവിക്കേണ്ടതുണ്ട്. ഇതിൽ 6-ാം സൎഗ്ഗത്തിൽ സ്വയംവരവണ്ണനയിൽ മഞ്ചസ്ഥന്മാ

രായ രാജാക്കന്മാരിൽ ഓരോരുത്തരെയായി ഉപേക്ഷിച്ചുപോകുന്ന ഇന്ദുമതിയെ 'ദീപശിഖ'യോടുപമിച്ചതിലുള്ള ഔചിത്യം കണ്ട്, കവിസമാജത്തിൽനിന്നു കാളിദാസൎക്ക 'ദീപശിഖാകാളിദാസൻ' എന്നു ബിരുദു കൊടുക്കുകയുണ്ടായത്രെ. അഞ്ചാം സൎഗ്ഗത്തിൽ 'വന്യഃസരിത്തോഗജഉന്മമജ്ജ' എന്നതിലെ സരിത്തഃ എന്ന പദത്തിൽ ചില കവികൾക്കു വിപ്രതിപത്തി തോന്നി ആ പദം മാററാൻ ശ്രമിച്ചുവെന്നും, എങ്കിലും അവൎക്കതിനു സാധിച്ചില്ലെന്നും കേൾക്കുന്നു. ആറാം സൎഗ്ഗത്തിന്റെ നിൎമ്മാണത്തിൽ ഒരു ശ്ലോകത്തിന്റെ അവസാനത്തിലെ 'ആപ്രസാദാൽ' എന്ന ഭാഗം സരസ്വതി തന്നെ പ്രത്യക്ഷമായി പറഞ്ഞുകൊടുത്തതാണെന്നു പറയാറുണ്ട്. ഇങ്ങിനെ രഘുവംശത്തിന്റെ ശ്രേഷ്ഠതയെ കാണിക്കുന്ന ഐതിഹ്യങ്ങൾ എത്രയോ ഉണ്ട്. അവയുടെ പ്രാമാണ്യം എങ്ങിനെയെങ്കിലുമിരിക്കട്ടെ. ഈ കാവ്യരത്നത്തിന്റെ ശ്രേഷ്ഠതക്കു യാതൊരു കെട്ടുകഥകളുടേയും ആവശ്യമില്ലെന്ന് ഇതു വായിക്കുന്ന സഹൃദയന്മാൎക്ക ബോദ്ധ്യപ്പെടാതിരിക്കയില്ല.

# അനുക്രമണിക.


1. മുഖവുര.
2. കാളിദാസനും രഘുവംശകാവ്യവും
3. അനുക്രമണിക.
4. രഘുവംശചരിത്രം:—

| | |
|---|---|
| ഒന്നാമദ്ധ്യായം | 1—23 ഭാഗം. |
| പ്രസ്താവന | 1 |
| ദിലീപചക്രവൎത്തി | 4 |
| ദിലീപന്റെ രാജ്യഭാരം | 5 |
| ദിലീപന്റെ വിവാഹം | 9 |
| വസിഷ്ഠാശ്രമയാത്ര | 10 |
| വസിഷ്ഠാശ്രമം | 13 |
| വസിഷ്ഠദിലീപസംവാദം | 15 |
| രണ്ടാമദ്ധ്യായം | 24—45 ” |
| വ്രതാരംഭം | 24 |
| ആശ്രമത്തിലേക്കുള്ള മടക്കം | 27 |
| ദിലീപപരീക്ഷ | 30 |
| ദിലീപനും സിംഹവും | 31 |
| വ്രതാവസാനം | 41 |
| രാജ്യപ്രത്യാഗമനം | 44 |

| | |
|---|---|
| മൂന്നാമദ്ധ്യായം | 46—64 ഭാഗം |
| സുദക്ഷിണയുടെ ഗർഭകാലം | 46 |
| രഘുവിന്റെ ജനനം | 49 |
| രഘുവിന്റെ ചെറുപ്പകാലം | 51 |
| യൌവരാജ്യാഭിഷേകം | 55 |
| രഘുവും ഇന്ദ്രനും തമ്മിലുള്ള യുദ്ധം | 55 |
| രഘുവിന്റെ മടക്കം | 63 |
| നാലാമദ്ധ്യായം | 65—83 ,, |
| രഘുവിന്റെ സ്ഥാനാരോഹണം | 65 |
| ശരൽക്കാലാഗമം | 68 |
| രഘുവിന്റെ ദിഗ്ജയം (മാപ്പോടുകൂടി) | 70 |
| അഞ്ചാമദ്ധ്യായം. | 84—103 ,, |
| കൌത്സാഗമനം | 84 |
| അജോൽപത്തി | 93 |
| സ്വയംവരയാത്ര | 94 |
| പ്രഭാതവർണ്ണനം | 100 |
| ആറാമദ്ധ്യായം | 104—123 ,, |
| സ്വയംവരസഭാപ്രവേശം | 104 |
| രാജാക്കന്മാരുടെ ചേഷ്ടകൾ | 106 |
| സുനന്ദാവചനം | 108 |
| ഇന്ദുമതീസ്വയംവരം | 121 |

5. പദാർത്ഥവിവരണം.

# രഘുവംശചരിത്രം.

## ഒന്നാമദ്ധ്യായം.

### പ്രസ്താവന.

വാക്കും അൎത്ഥവും എന്നപോലെ നിത്യസംബന്ധമുള്ളവരായും, പ്രപഞ്ചത്തിന്റെ മാതാപിതാക്കന്മാരായും ഇരിക്കുന്ന പാൎവ്വതീപരമേശ്വരന്മാരെ വാഗൎത്ഥബോധത്തിന്നായി ഞാൻ വന്ദിക്കുന്നു.

ആദിത്യങ്കൽനിന്നുത്ഭവിച്ച രാജവംശം എവിടെ? എന്റെ അല്പഗ്രാഹിയായ ബുദ്ധി എവിടെ? ഞാൻ മോഹംകൊണ്ടു് ഒരു പൊങ്ങുതടിയിൽ കയറി ദുസ്തരമായിരിക്കുന്ന സമുദ്രം കടപ്പാനാണു് ആഗ്രഹിക്കുന്നതു്. മന്ദനും കവിയശസ്സു വേണമെന്നാഗ്രഹിക്കുന്നവനുമായ ഞാൻ ഉയരമുള്ളവൎക്കുമാത്രം പറിച്ചെടുപ്പാൻ കഴിവുള്ള ഫലത്തിന്നായി കൈ ഉയൎത്തുന്ന ഹ്രസ്വകായനെപ്പോലെ പരിഹാസപാത്രമായിത്തീൎന്നേക്കാം. എന്നിരുന്നാലും പൂൎവ്വവിദ്വാ

ന്മാർ ഉണ്ടാക്കീട്ടുള്ള പ്രബന്ധങ്ങളാകുന്ന പ്രവേശമാർഗ്ഗമുള്ള ഈ വംശത്തിൽ വജ്രസൂചികൊണ്ടു തുളച്ചിട്ടുള്ള രത്നത്തിൽ ചരടിന്നെന്നപോലെ എനിക്കു പ്രവേശം ഉണ്ടാകുന്നതാണ്. ഞാൻ വാഗ്വൈഭവം പോരാത്തവനാണെങ്കിലും സൂര്യവംശരാജാക്കന്മാരുടെ യോഗ്യതകൾ ചെവികൾക്കടുത്തു വന്നു് ഈ ചാപലകർമ്മത്തിന്നായി എന്നെ പ്രേരിപ്പിക്കുക നിമിത്തം അവരുടെ വംശചരിത്രം വർണ്ണിപ്പാൻ ഭാവിക്കുന്നു. ജനനംമുതല്ക്കു ശുദ്ധിയുള്ളവരും*, ഫലസിദ്ധിയുണ്ടാകുന്നതുവരെ കർമ്മങ്ങൾ ചെയ്യുന്നവരും, സമുദ്രംവരെയുള്ള ക്ഷിതിക്കു് അധീശന്മാരായവരും, സ്വർഗ്ഗംവരെ രഥത്തിന്നു മാർഗ്ഗം ഉണ്ടാക്കീട്ടുള്ളവരും, വിധിയാംവണ്ണം അഗ്നിയിങ്കൽ† ഹോമം ചെയ്യുവരും, അർത്ഥികളെ യഥാകാമം പൂജിച്ചിരുന്നവരും, അപരാധത്തിന്നു തക്ക ദണ്ഡനം ചെയ്തി

* ജനനശുദ്ധി: ഗർഭാധാനകാലം തുടങ്ങിയുള്ള സംസ്കാരങ്ങൾകൊണ്ടു ശുദ്ധിയുണ്ടായിട്ടുള്ളവർ എന്നർത്ഥം.

† അഗ്നികൾ: ഗാർഹപത്യാഗ്നി, ദക്ഷിണാഗ്നി, ആഹവനീയാഗ്നി എന്നീ മൂന്നു അഗ്നികളേയും ഗൃഹസ്ഥനായാൽ സന്തോഷിപ്പിക്കേണ്ടതാണു.

രുന്നവരും, കാലം തെറ്റാത്ത ഉണൎച്ചയുണ്ടായിരു ന്നവരും, ദാനത്തിന്നായി ധനം വളരെ സമ്പാദി ച്ചിരുന്നവരും, സത്യത്തിന്നുവേണ്ടി മിതമായി സം സാരിച്ചിരുന്നവരും, യശസ്സിന്നുവേണ്ടി ജയേച്ഛയോ ടുകൂടിയവരും, സന്തത്യൎത്ഥം മാത്രം ഗൃഹസ്ഥാശ്രമം സ്വീകരിച്ചിരുന്നവരും, ശൈശവത്തിൽ വിദ്യകൾ§ അഭ്യസിച്ചിരുന്നവരും, യൌവനകാലത്തു വിഷയ സുഖം വേണ്ടപോലെ അനുഭവിച്ചിരുന്നവരും, വാ ൎദ്ധക്യത്തിൽ മുനിവൃത്തിയെ സ്വീകരിച്ചിരുന്നവരും, ഒടുവിൽ യോഗാഭ്യാസംകൊണ്ടു ദേഹവിയോഗം ചെയ്തിരുന്നവരും ആയിരുന്നു ആ രഘുവംശരാജാ ക്കന്മാർ. അവരുടെ വംശചരിത്രം ഞാൻ പറയു ന്നതു, നല്ലതും ചീത്തയും വേർതിരിവാൻ കാരണ ഭൂതന്മാരായ സജ്ജനങ്ങൾ കേൾക്കേണ്ടതാണ്. സ്വൎണ്ണത്തിന്റെ ശുദ്ധിയും അശുദ്ധിയും തീയ്യിലി ടുമ്പോളാണല്ലോ കാണുന്നത്.

---

§ വിദ്യകൾ: ഋക്ക്, യജുസ്സ്, സാമം, അഥൎവ്വം (ഇങ്ങിനെ നാലു വേദങ്ങൾ) നിരുക്തം, ജ്യോതിഷം, വ്യാകരണം, കല്പം, ശിക്ഷ, ഛന്ദസ്സ് (ഇങ്ങിനെ ആറു വേദാംഗങ്ങൾ) മീമാംസ, ന്യായശാസ്ത്രം, പുരാണം, ധൎമ്മശാസ്ത്രം ഇപ്രകാരം ആകെ പതിന്നാലു വിദ്യകൾ.

## ദിലീപചക്രവൎത്തി.

വിദ്വാന്മാൎക്കു മാനനീയനായി, ഛന്ദസ്സുകൾക്കു പ്രണവമെന്നപോലെ രാജാക്കന്മാൎക്കു് ആദ്യനായി, വൈവസ്വതമനു* എന്നു പ്രസിദ്ധനായ ഒരു രാജാവുണ്ടായി. ശുദ്ധിമത്തായ അദ്ദേഹത്തിന്റെ വംശത്തിൽ, പാൽക്കടലിൽ ചന്ദ്രനെന്നപോലെ, ഏററവും ശുദ്ധിമാനായി ദിലീപനെന്നു പ്രസിദ്ധനായ ഒരു രാജചന്ദ്രനുണ്ടായി. വിശാലമായ മാറിടത്തോടും കാളയുടെ സ്കന്ധംപോലെയുള്ള സ്കന്ധത്തോടും ഉന്നതമായ ശരീരത്തോടും ദീൎഘങ്ങളായ ഭുജങ്ങളോടും കൂടിയ അദ്ദേഹത്തെ കണ്ടാൽ ക്ഷത്രിയധൎമ്മം തന്നെ അതിന്റെ കൎമ്മം നടത്തുവാൻ ശക്തിയുള്ള ഒരു ദേഹം എടുത്തിരിക്കയാണോ എന്നു തോന്നും. മഹാമേരുപൎവ്വതം† എല്ലാം

---

* മനു: ബ്രഹ്മാവിന്റെ കീഴിൽ സൃഷ്ടി നടത്തുവാനായി പതിന്നാലു മനുക്കളാണുള്ളതു്. അതിൽ ആദ്യത്തെ മനു സ്വായംഭുവനാണു്.

† മഹാമേരു: ലവണസമുദ്രത്താൽ ചുററപ്പെട്ട ഭൂഭാഗത്തെയാണു ജംബൂദ്വീപമെന്നു പറയുന്നതു്. ഭൂലോകത്തിന്റെ മദ്ധ്യത്തിലാണു മഹാമേരു. മഹാമേരുവിന്റെ ഒരു പാൎശ്വമാണു ഭാരതവൎഷമെന്നു നാം വിളിക്കുന്ന ഈ ഇന്ത്യാസാമ്രാജ്യം.

വസ്തുക്കളിലുംവെച്ച് അധികമായ ബലത്തോടും, സൎവ്വാതിശായിയായ തേജസ്സോടും, എല്ലാ ഉന്നത വസ്തുക്കളിലുംവെച്ച് അധികമായ ഉയരത്തോടും കൂടി ഭൂമിയെ മുഴുവൻ വ്യാപിച്ചാണല്ലോ ഇരിക്കുന്നത്. അപ്രകാരംതന്നെ ദിലീപനും എല്ലാററിലും അധികമായ ബലത്തോടും എല്ലാ രാജാക്കന്മാരുടേയും പ്രതാപത്തെ ജയിക്കുന്ന തേജസ്സോടും, സകലരാജ്യകാൎയ്യങ്ങളും എല്ലാ സമയവും അറിഞ്ഞുകൊണ്ടിരിപ്പാൻ തക്കവണ്ണം വലുതായ ബുദ്ധിയോടും കൂടി ലോകമെങ്ങും വ്യാപിച്ചാണ് ഇരുന്നിരുന്നത്. ആകൃതിക്കൊത്ത ബുദ്ധിയും, ബുദ്ധിക്കൊത്ത പഠിപ്പും, പഠിപ്പിന്നൊത്ത കാൎയ്യാരംഭവും, ആരംഭത്തിന്നൊത്ത ഫലപ്രാപ്തിയും ദിലീപന്നുണ്ടായിരുന്നു. രൌദ്രങ്ങളും സൌമ്യങ്ങളുമായ രാജഗുണങ്ങൾ തികഞ്ഞിരുന്ന അദ്ദേഹം ജലജന്തുക്കളും രത്നങ്ങളും നിറഞ്ഞ സമുദ്രമെന്നപോലെ ഉപജീവികൾക്ക് അതിക്രമിപ്പാൻ പാടില്ലാത്തവനും അഭിഗമിക്കപ്പെടാവുന്നവനും ആയിരുന്നു.

## ദിലീപന്റെ രാജ്യഭാരം.

നിപുണനായ സാരഥിയുടെ രഥനേമിയെന്നപോലെ ശാസിതാവായ ദിലീപന്റെ കീഴിൽ

നിന്നിരുന്ന പ്രജകഠം മനുവിന്റെ കാലം മുതൽ പ്രഥമമായ പദ്ധതിയിൽനിന്ന് അണുമാത്രവും തെറ്റിപ്പോയിരുന്നില്ല. ദിലീപൻ പ്രജകളിൽനിന്നു കരം പിരിച്ചിരുന്നതു പ്രജകളുടെ അഭ്യുദയത്തിന്നു വേണ്ടിത്തന്നെ ആയിരുന്നു. സൂര്യൻ ഭൂമിയിൽനിന്നു ജലം ആകർഷിച്ചെടുക്കുന്നതു സുവൃഷ്ടി ഉണ്ടാക്കുന്നതിന്നായിട്ടാണല്ലോ. അദ്ദേഹത്തിന്നു സൈന്യം ആഡംബരം മാത്രമായിരുന്നു. കാര്യസിദ്ധിക്കു രണ്ടു കൂട്ടമേ ആദ്ദേഹത്തിന്ന് ആവശ്യമുണ്ടായിരുന്നുള്ളു; ശാസ്ത്രങ്ങളിൽ തടവില്ലാതെ പ്രവേശിക്കുന്ന ബുദ്ധിയും, വില്ലിൽ കുലയേററിയ ഞാണും. നിഗൂഢമായ മന്ത്രാലോചനയും ഗംഭീരമായ ആകൃതിയിൽ ഒതുങ്ങിക്കിടക്കുന്ന മനോഭാവങ്ങളും ഉള്ള ദിലീപന്റെ കാര്യാരംഭങ്ങഠം ഇദാനീന്തനമായ ഫലംകൊണ്ട് ഊഹിക്കപ്പെടേണ്ടതായ പൂർവ്വജന്മവാസനകഠംപോലെ ഫലസിദ്ധികൊണ്ടു മാത്രം ഊഹിച്ചറിയേണ്ടവയായിരുന്നു. ദിലീപൻ ആത്മരക്ഷ ചെയ്യുന്നതു ഭീതനായിട്ടല്ല; ധർമ്മമനുഷ്ഠിച്ചതു രോഗാദിബാധകളുണ്ടായിട്ടല്ല; ധനം സമ്പാദിച്ചതു ലുബ്ധുകൊണ്ടല്ല; സുഖമനുഭവിച്ചതു രാഗമുണ്ടായിട്ടുമല്ല. ജ്ഞാനമുണ്ടായിരുന്നിട്ടും മൌനം, ശക്തിയു

ണ്ടായിരുന്നിട്ടും ക്ഷമ, ത്യാഗമുണ്ടായിരുന്നിട്ടും ആത്മശ്ലാഘയില്ലായ്മ, ഇങ്ങിനെ ദിലീപന്റെ ഗുണങ്ങൾ മറ്റോരോ ഗുണങ്ങളോടു ചേൎന്നിരുന്നതിനാൽ സഹോദരന്മാരെപ്പോലെ അന്യോന്യം യോജിച്ചിരുന്നിരുന്നു. വിഷയങ്ങൾക്കു വശപ്പെടാതെയും, വിദ്യകളുടെ കരകണ്ടും, ധൎമ്മത്തിൽ താല്പൎയ്യത്തോടുകൂടിയും ഇരുന്നിരുന്ന അദ്ദേഹത്തിന്നു ജരകൂടാതെയുള്ള വൃദ്ധത്വം* തികഞ്ഞിട്ടുണ്ടായിരുന്നു. വിനയം ഉണ്ടാക്കുക, രക്ഷിക്കുക, ഭരിക്കുക എന്നീ കൃത്യങ്ങളെ നിൎവ്വഹിക്കുക കാരണം, ദിലീപനായിരുന്നു പ്രജകളുടെ പിതാവ്; യഥാൎത്ഥപിതാക്കന്മാർ ജനനത്തിന്നു മാത്രം കാരണമായതേയുള്ളു. ദിലീപൻ മൎയ്യാദയെ നിലനിൎത്തുവാൻവേണ്ടി മാത്രമായിരുന്നു അപരാധികളെ ശിക്ഷിച്ചത്; സന്തതിയുണ്ടാവാൻ മാത്രമായിരുന്നു വിവാഹംചെയ്തത്; ഇതുകാരണം പുരുഷാൎത്ഥമായ അൎത്ഥകാമങ്ങളുംകൂടെ അദ്ദേഹത്തിന്നു ധൎമ്മമായിട്ടാണ് വന്നുചേൎന്നത്

* വൃദ്ധത്വം: വൈരാഗ്യവൃദ്ധൻ, ജ്ഞാനവൃദ്ധൻ, ധൎമ്മവൃദ്ധൻ, വയോവൃദ്ധൻ ഇങ്ങിനെ വൃദ്ധന്മാർ നാലുതരം. ആദ്യത്തെ മൂന്നു വൃദ്ധതയും ദിലീപനുണ്ടെന്നു വിശേഷണങ്ങളാൽ സൂചിപ്പിച്ചിരിക്കുന്നു.

യാഗത്തിന്നു വേണ്ടുന്ന ധനങ്ങളൊക്കയും ഭൂമിയിൽ നിന്നെടുത്തു ഹവിൎഭാഗം ഭക്ഷിക്കുന്ന ദേവകളുടെ തൃപ്തിക്കായി അദ്ദേഹം യാഗം കഴിച്ചു. ദേവകളുടെ രാജാവായ ഇന്ദ്രൻ വൎഷരൂപേണ ഭൂലോകത്തിൽ സസ്യങ്ങളും വൎദ്ധിപ്പിച്ചു. ഇപ്രകാരം ദിലീപനും ഇന്ദ്രനും അവരവരുടെ സമ്പത്തുകളെ മാററംചെയ്താണ് ഭൂലോകത്തേയും ദേവലോകത്തേയും ഭരിച്ചതു്. ദിലീപൻ രാജ്യഭാരം ചെയ്യുന്ന കാലത്തു് മോഷണമെന്ന ക്രിയപോയിട്ടു മോഷണമെന്ന വാക്കുതന്നെ കേൾപ്പാനുണ്ടായിരുന്നില്ല. ഇതു കാരണം മററൊരു രാജാക്കന്മാൎക്കും അദ്ദേഹത്തിൻെറ യശസ്സിനെ അനുഗമിപ്പാൻകൂടി കഴിഞ്ഞില്ല. ദിലീപനു ധൎമ്മനിഷ്ഠയുള്ളവൻ ശത്രുവായാലും രോഗിക്കു ദുസ്സ്വാദുള്ള ഔഷധമെന്നപോലെ ഇഷ്ടനായിത്തീൎന്നു. ഇഷ്ടനായാലും ദോഷവാനായാൽ പാമ്പു കടിച്ച വിരലിനെ എന്നപോലെ അവനെ ത്യജിക്കുവാൻ ദിലീപൻ മടി കാട്ടിയിരുന്നില്ല. ബ്രഹ്മാവു പഞ്ചഭൂതങ്ങളെ സൃഷ്ടിക്കുമ്പോൾ ചെയ്തിരുന്ന ധ്യാനത്തോടുകൂടിയായിരിക്കണം ദിലീപനേയും സൃഷ്ടിച്ചതു്. അതുകൊണ്ടു തന്നെയല്ലെ അദ്ദേഹത്തിൻെറ എല്ലാം ഗുണങ്ങളും പഞ്ചഭൂതങ്ങളുടെ ഗുണങ്ങൾപോലെ

പരോപകാരത്തിന്നു മാത്രമായി പരിണമിച്ചിരുന്നത്. ദിലീപരാജ്യത്തിന്റെ മതിൽ സമുദ്രതീരമായിരുന്നു. സമുദ്രം കിടങ്ങുമായിരുന്നു. ഇങ്ങിനെ ഭൂമിയെ മുഴുവൻ ഒരു രാജധാനിയെ പരിപാലിക്കുന്നതുപോലെ അന്യശാസനകൂടാതെ അദ്ദേഹം രക്ഷിക്കുകയും ചെയ്തു.

## ദിലീപന്റെ വിവാഹം.

യാഗത്തിന്നു ദക്ഷിണ എന്നതുപോലെ ദാക്ഷിണ്യത്താൽ അന്വൎത്ഥമായ സുദക്ഷിണയെന്നു പ്രസിദ്ധമായ പേരോടുകൂടിയ മഗധരാജകന്യക ദിലീപന്നു പത്നിയായി വന്നു. അന്തഃപുരത്തിങ്കൽ ഭാൎയ്യാജനം വളരെ ഉണ്ടായിരുന്നുവെങ്കിലും, മനസ്വിനിയായ സുദക്ഷിണയേയും രാജലക്ഷ്മിയേയും മാത്രമാണ് ദിലീപൻ ധൎമ്മപത്നിമാരായി കരുതിയിരുന്നത്. തനിക്കു സദൃശിയായ സുദക്ഷിണയിൽ വിചാരിച്ച കാലങ്ങളിൽ പുത്രനുണ്ടാവാഞ്ഞതുകൊണ്ടു പുത്രനുണ്ടാകുമെന്ന സങ്കല്പം ഫലിക്കാതെ കാലം കുറെ കഴിച്ചു. എന്നിട്ടും ഫലപ്രാപ്തിയുണ്ടായിക്കാണാഞ്ഞയാൽ സന്തത്യൎത്ഥം സൽകൎമ്മങ്ങൾ ചെയ്യാനായി ഭൂഭാരമൊക്കെ മന്ത്രിമാരെ ഏല്പിച്ചു, ബ്ര

ഷമായിനെ പൂജിച്ചു* കുലഗുരുവായ വസിഷ്ഠന്റെ ആശ്രമത്തിലേക്കു ഭാൎയ്യാസമേതനായി ദിലീപൻ പുറപ്പെട്ടു.

വ സി ഷ്ഠ ാ ശ്ര മ യാ ത്ര.

വൎഷക്കാലത്തുണ്ടാകുന്ന കാർമേഘത്തിന്റെ ഉപരിഭാഗത്തിങ്കൽ മിന്നൽപ്പിണരും മഹാമേഘവും† കയറിയിരിക്കുന്നതുപോലെ മനോഹരവും ഗംഭീരമായ ശബ്ദം പുറപ്പെടുവിക്കുന്നതും ആയ ഒരു രഥത്തിൽ കയറിയാണ് രാജദമ്പതിമാർ വസിഷ്ഠാശ്രമത്തിലേക്കു പുറപ്പെട്ടത്. ആശ്രമോപദ്രവമൊന്നും വരുപോകരുതെന്ന വിചാരത്തോടെ അകമ്പടിക്കാരെ വളരെയൊന്നും കൂടെ കൊണ്ടുപോയിരുന്നില്ലെങ്കിലും സുദക്ഷിണാദിലീപന്മാരുടെ തേജോവിശേഷംകൊണ്ട് അവർ നാലുപുറവും സേനയാൽ ചുററപ്പെട്ടിട്ടുണ്ടോ എന്നു കാണികൾക്കു തോന്നിയിരുന്നു. വനരാജികളിൽ തട്ടി മന്ദതയെ പ്രാപിച്ചതും, സുഗന്ധമുള്ള വൃക്ഷങ്ങളിൽ തട്ടി പുഷ്പപരാഗത്തോടു കൂടിയതും, പയന്മരങ്ങളിൽ തട്ടി

* സൃഷ്ടികൎത്താവായ ബ്രഹ്മാവിനെ പൂജിക്കുന്നതു സന്തതിക്കു നല്ലതാണ്.

† ഐരാവതഗജവും എന്ന് അൎത്ഥാന്തരമാവാം.

പയൻപശയുടെ സൌരഭ്യത്തോടുകൂടിയതും ആയ കാററുകൾ ഈ രാജദമ്പതിമാരെ വഴിയിൽവെച്ചു സേവിച്ചിരുന്നു. രഥചക്രങ്ങളുടെ ശബ്ദം കേട്ടു (ഇടിമുഴക്കമാണെന്നു ശങ്കിച്ചു്) ഉൽഗ്രീവങ്ങളോടുകൂടി സന്തോഷിച്ചും രാജാവിനേയും രാജ്ഞിയേയും കണ്ടു വിസ്മയിച്ചും മയിലുകൾ പുറപ്പെടുവിക്കുന്ന ഷഡ്ജസ്വരമായും മനോഹരമായും ഇരിക്കുന്ന 'കേകാ'രവങ്ങൾ അവൎക്കു കൎണ്ണസുഖത്തെ കൊടുത്തു. ഈ യാത്രയിൽ പ്രാൎത്ഥനാസിദ്ധിയെ സൂചിപ്പിച്ചുംകൊണ്ടു പോകുന്നവഴിക്കു കാററു വീശിയിരുന്നു. വായുഭഗവാന്റെ ഈ അനുകൂലത കാരണം കുതിരയുടെ കുളമ്പുകൾകൊണ്ടു പുറപ്പെട്ടിട്ടുള്ള പൊടിപടലങ്ങൾ സുദക്ഷിണയുടെ കുറുനിരകളിലും, ദിലീപന്റെ തലപ്പാവിന്മേലും സ്പൎശിക്കാതെ കഴിഞ്ഞു. രഥമാൎഗ്ഗംവിട്ടു് അല്പം അകലെ പോയിനിന്നു രഥത്തെ വീക്ഷിക്കുന്ന മൃഗങ്ങളുടെ എണകളിൽ മാൻപേടയും സുദക്ഷിണയും തമ്മിലും, മാനിനും ദിലീപനും തമ്മിലും ഉള്ള അക്ഷിസാദൃശ്യം അന്യോന്യം നോക്കിക്കാണ്മാൻ രാജദമ്പതിമാൎക്കു് ഈ യാത്രയിൽ അവസരം കിട്ടി. തങ്ങളുടെ സമൂഹംകൊണ്ടുതന്നെ ആകാശത്തിൽ തൂണി

ല്ലാതെ തോരണമാല കെട്ടി മനോഹരശബ്ദം പുറ പ്പെടുവിക്കുന്ന വണ്ടാരംകോഴികളെ ഇടയ്ക്കിടെ മുഖം ഉയൎത്തി അവർ നോക്കി. യാഗം ചെയ്തിട്ടുള്ളവരുടെ പശുബന്ധസ്തംഭങ്ങളാകുന്ന അടയാളങ്ങളോടു കൂടിയതും, താൻ പണ്ടു ബ്രാഹ്മണൎക്കു ദാനം ചെയ്തതും ആയ ഗ്രാമങ്ങൾ യാത്രാമദ്ധ്യത്തിൽ അവിടവിടെ കാണ്മാനുണ്ടായിരുന്നു. ദിലീപന്റെ രഥം ആവക ഗ്രാമങ്ങളിൽക്കൂടി കടന്നുപോകുമ്പോൾ അവിടെയുള്ള കൎമ്മികളുടെ അൎഘ്യം മുതലായ സല്ക്കാരങ്ങളും സഫലങ്ങളായിരിക്കുന്ന ആശീൎവ്വാദങ്ങളും അദ്ദേഹം സ്വീകരിച്ചു. രഥമാൎഗ്ഗത്തിന്നരികെയുള്ള താമരപ്പൊയ്കകളിൽ തിരമാലകളുടെ അടികൊണ്ടു ജലബിന്ദുക്കൾ തട്ടിത്തണുത്തിരിക്കുന്ന താമരപ്പൂക്കളുടെ സ്വനിശ്വാസതുല്യമായ സൌരഭ്യത്തെ അവർ അനുഭവിച്ചു. വൃദ്ധന്മാരായ ഗോപന്മാർ വെണ്ണനെയ്യ് തിരുമുൽക്കാഴ്ചവെച്ചു തൊഴുതുനില്ക്കുമ്പോൾ വനമാൎഗ്ഗത്തിലുള്ള വൃക്ഷങ്ങളുടെ പേർ ചോദിച്ചാണ് രാജദമ്പതിമാർ അവരെ സന്തോഷിപ്പിച്ചത്. മഞ്ഞില്ലാത്ത ദിവസം ചിത്രാനക്ഷത്ര*വും ചന്ദ്രനും

---

* ചൈത്രമാസത്തിലെ പൌൎണ്ണമാസിയിൽ ചന്ദ്രനു യോഗ കൂട്ടമെന്നാണ്.

തമ്മിൽ ചേരുമ്പോൾ അവക്കുണ്ടാകുന്ന കാന്തി ശു ദ്ധവേഷന്മാരായി പോകുന്ന സുദക്ഷിണാദിലീപന്മാ ക്കുണ്ടായി. പ്രിയദൎശനനും, ബുധോപമനും ആയ ദി ലീപൻ വഴിയിൽ കാണുന്ന ഓരോ വസ്തുവിനേയും ഭാൎയ്യക്കു കാണിച്ചുകൊടുത്തും സല്ലാപിച്ചും യാത്ര ചെയ്യുകയാൽ വഴിപോയതേ അറിഞ്ഞില്ല. ഇങ്ങി നെ സന്ധ്യാസമയം അടുത്തപ്പോൾ തേർ വലിച്ചു തളൎന്ന കുതിരകളോടു കൂടി ഈ രാജദമ്പതിമാർ ജിതേന്ദ്രിയനായ വസിഷ്ഠമഹൎഷിയുടെ ആശ്രമ ത്തിലെത്തി.

## വസിഷ്ഠാശ്രമം.

ഈ ആശ്രമമാകട്ടെ സന്ധ്യാകാലത്തു, വന മദ്ധ്യങ്ങളിൽ പോയി പുല്ലും ചമതയും ഫലങ്ങളും കൊണ്ടു മടങ്ങിവന്നവരും, ആശ്രമത്തിലെ അദൃശ്യ നായ അഗ്നിയാൽ എതിരേല്ക്കപ്പെട്ടവരും, ആയ മഹൎഷിമാരാൽ നിറയപ്പെട്ടിരുന്നു. ഈ ആശ്രമ ത്തിന്നു ചുററുമുള്ള ബാലവൃക്ഷങ്ങളുടെ തടങ്ങളിൽ മുനികന്യകമാർ അല്പം മുമ്പു നനച്ചിട്ടുള്ള വെള്ളം കുടിപ്പാൻ വരുന്ന പക്ഷികൾക്കു വിശ്വാസം ജ നിപ്പാനായി അവർ പിൻമാറിനില്ക്കുന്നുണ്ടായിരു ന്നു. വെയിലാറിയതുകൊണ്ടു് അടിച്ചുകൂട്ടിയ വരി

നെല്ലോടുകൂടിയ പൎണ്ണശാലയുടെ മുററത്തു കിടന്നു മൃഗങ്ങൾ അയവിറക്കുന്നതും കാണ്മാനുണ്ടായിരുന്നു. അഗ്നിപ്രണയനം കഴിഞ്ഞുവെന്നു് ആരും പറയാതെതന്നെ അറിയിക്കുന്ന ഹോമദ്രവ്യങ്ങളുടെ ഗന്ധത്തോടുകൂടി വായുവിനാൽ ഇളക്കപ്പെട്ട പുക ആശ്രമത്തിന്നഭിമുഖമായി വരുന്നവരുടെ പാപത്തെ കളഞ്ഞു് അവൎക്കു ശുദ്ധി വരുത്തിയിരുന്നു. ദിലീപൻ ആശ്രമം സമീപിച്ചപ്പോൾ കുതിരകളുടെ തളൎച്ച തീൎക്കുവാൻ തേരാളിയോടാജ്ഞാപിച്ചു, പത്നിയെ തേരിൽനിന്നിറക്കി താനും താഴെയിറങ്ങി. ഇന്ദ്രിയങ്ങളെ വിഷയങ്ങൾക്കു കണ്ടുകിട്ടാത്തവിധം ഒളിപ്പിച്ചുവെച്ചവരും സഭ്യന്മാരുമായ മഹൎഷിമാർ, നീതിശാസ്ത്രംകൊണ്ടു സൂക്ഷ്മകാൎയ്യങ്ങളെ എപ്പോഴും കാണുന്നവനും, പൂജ്യനും സഭാൎഹനും ആയ ദിലീപനെ യഥായോഗ്യം സല്ക്കരിച്ചു. സന്ധ്യാവന്ദനം ചെയ്തതിന്നു ശേഷം അരുന്ധതീസഹിതനായി, സ്വാഹാസഹിതനായ അഗ്നിയെപ്പോലെ ശോഭിക്കുന്ന വസിഷ്ഠമഹൎഷിയെ ആ രാജദമ്പതിമാർ ചെന്നുകണ്ടു. അവർ വസിഷ്ഠമഹൎഷിയുടേയും അരുന്ധതീദേവിയുടേയും പാദങ്ങളിൽ നമസ്കരിച്ചു. അവർ സന്തോഷത്തോടെ രാജദമ്പതിമാരെ അനുഗ്രഹിക്കുകയും ചെയ്തു.

## വസിഷ്ഠദിലീപസംവാദം.

രഥക്ഷോഭംകൊണ്ടു രാജദമ്പതിമാൎക്കുണ്ടായിരുന്ന തളൎച്ചയൊക്കെ വസിഷ്ഠന്റെ അതിഥിസല്ക്കാരംകൊണ്ടു തീൎന്നതിന്നു ശേഷം രാജ്യത്തിലെ യോഗക്ഷേമത്തെപ്പറ്റി വസിഷ്ഠമഹൎഷി രാജൎഷിയായ ദിലീപനോടു് ഓരോന്നു ചോദിച്ചു തുടങ്ങി. ശത്രുക്കളെ ജയിച്ചവരിലും, വാഗ്‌വൃത്തിയുള്ളവരിലുംവെച്ചു ശ്രേഷ്ഠനായ രാജാവു് അഥൎവ്വവേദത്തിന്റെ* വാസസ്ഥാനമായ വസിഷ്ഠമഹൎഷിയോടു് അൎത്ഥപുഷ്ടിയോടുകൂടി താഴെ പറയുംപ്രകാരം മറുവടി പറഞ്ഞു.

"ദൈവികമായും മാനുഷികമായും ഉള്ള ആപത്തുകൾക്കൊക്കെ പ്രതിവിധിചെയ്തുംകൊണ്ടു് നിന്തിരുവടി ഇരിക്കുമ്പോൾ, എന്റെ രാജ്യാംഗങ്ങൾക്കു§ ക്ഷേമമല്ലാതെ വരുവാൻ ഒരു വഴിയും ഇല്ല.

---

* അഥൎവ്വവേദത്തിൽ രാജാക്കന്മാരുടെ ആപത്തിന്റെ നിവൃത്തിക്കും, ഇഷ്ടപ്രാപ്തിക്കും വേണ്ടതിനെ പ്രതിപാദിക്കുന്നു.

§ സ്വാമി, അമാത്യൻ, സുഹൃത്തു്, കോശം, രാഷ്ട്രം, ദുൎഗ്ഗം, ബലം എന്നിങ്ങിനെ രാജ്യാംഗങ്ങൾ ഏഴാകുന്നു.

നിന്തിരുവടി ഓരോ ഫലപ്രാപ്തിക്കായി ജ്ഞാനദൃഷ്ടിയാൽ കണ്ടെത്തുന്ന മന്ത്രങ്ങൾ എന്റെ ശരങ്ങളെക്കൂടി ജയിച്ചിരിക്കുന്നു. എന്റെ ശരങ്ങൾക്കു ദൃഷ്ടലക്ഷ്യങ്ങളെ ജയിപ്പാനേ ശക്തിയുള്ളു. നിന്തിരുവടിയുടെ മന്ത്രങ്ങളാണെങ്കിൽ ദൂരത്തിരുന്നു പ്രയോഗിച്ചാലും ശത്രുക്കളെ ഇല്ലാതാക്കുന്നുണ്ട്. ഹോതാവായ നിന്തിരുവടി വിധിയാംവണ്ണം ഹോമിക്കുന്ന ഹവിസ്സ് വൃഷ്ടിയായി പരിണമിച്ചു വർഷമില്ലാഞ്ഞാൽ ഉണങ്ങിപ്പോകുന്ന സസ്യങ്ങൾക്കു പുഷ്ടി വരുത്തുന്നു.* എന്റെ പ്രജകൾ പുരുഷായുസ്സു മുഴുവനും വ്യാധികൂടാതെ ജീവിച്ചിരുന്നതിന്നു ശേഷമേ മരിക്കാറുള്ളു. അവക്ക് അതിവർഷംകൊണ്ടോ, അല്പവർഷംകൊണ്ടോ, എലികൾ പാററകൾ മുതലായവയെക്കൊണ്ടോ യാതൊരുപദ്രവവും ഉണ്ടാകുന്നില്ല. നിന്തിരുവടിയുടെ ബ്രഹ്മതേജസ്സു തന്നെയാണ് ഇതിന്നൊക്കെ കാരണം. ഇപ്രകാരം നിന്തിരുവടി എന്റെ ശ്രേയസ്സുകളിൽ എപ്പോഴും ശ്രദ്ധവെച്ചുംകൊണ്ടിരിക്കുമ്പോൾ എന്റെ സമ്പത്തുകൾ എങ്ങിനെയാണ് ആപത്തകുന്നു മേൽ

---

* അഗ്നിയിൽ പ്രക്ഷേപിക്കുന്ന ആഹുതി ആദിത്യനിൽ പ്രവേശിച്ചു വൃഷ്ടിയെ ജനിപ്പിക്കുന്നുവെന്നു പ്രമാണം.

ക്കമേൽ വൎദ്ധിക്കാതിരിക്കുക. ഇതൊക്കെ ഇപ്രകാരമാണെങ്കിലും, നിന്തിരുവടിയുടെ പുത്രഭാൎയ്യയെപ്പോലുള്ള ഇവൾ പ്രസവിച്ച് എനിക്കു സദൃശനായ ഒരു പുത്രൻ ഉണ്ടാവാത്തതുകൊണ്ട്, രത്നങ്ങളെ പ്രസവിക്കുന്നതും ദ്വീപുകൾ നിറഞ്ഞിരിക്കുന്നതും ആയ ഭൂമി എനിക്കു സന്തോഷത്തെ തരുന്നില്ല. എന്റെ കാലം കഴിഞ്ഞാൽ പിതൃകൎമ്മങ്ങൾ ചെയ്യാൻ ആരും ഇല്ലല്ലൊ എന്നു വിചാരിച്ചു പിതൃക്കൾ സങ്കടപ്പെട്ട്, അവരുടെ ദീൎഘശ്വാസങ്ങൾ തട്ടി ചൂടുപിടിച്ചതിനു ശേഷമെ പിതൃതൎപ്പണത്തിൽ ഞാൻ കൊടുത്തുവരുന്ന ഉദകം അനുഭവിക്കുന്നുള്ളു. അതുമാത്രമല്ല അവരെ ഉദ്ദേശിച്ചു കൊടുക്കുന്ന പിണ്ഡം ഈ വ്യസനം കാരണം മതിയാകുന്നതുവരെ അവർ ഭക്ഷിക്കുന്നുമില്ല. ചിലേടങ്ങളിൽ പ്രകാശം കിട്ടിയും ചിലേടങ്ങളിൽ പ്രകാശം കിട്ടാതേയും കിടക്കുന്ന ലോകാലോകപൎവ്വതമെന്നപോലെ* യാഗം ചെയ്കയാൽ പാപം തീൎന്ന് നിൎമ്മലതയോടും സന്തതിയില്ലാ

* ലോകാലോകമെന്ന പൎവ്വതം വൃത്താകാരത്തിലാണെന്നും സൂൎയ്യരശ്മി ഈ പൎവ്വതത്തിന്റെ ഉള്ളിൽ മാത്രം തട്ടുന്നതുകൊണ്ട് ഉള്ളിൽ വെളിച്ചവും പുറമെ ഇരുട്ടും ആണെന്നും പ്രമാണം.

സ്സയാൽ മനോവ്യസനം തീരാതെ ഇരുട്ടിൽ പെട്ട
മാണ് ഞാൻ കഴിച്ചുകൂട്ടുന്നത്. തപസ്സും ദാന
വും ചെയ്തുണ്ടാകുന്നതായ പുണ്യം പരലോകത്തിൽ
മാത്രമാണല്ലോ സുഖത്തെയുണ്ടാക്കുന്നത്. ശുദ്ധ
കുലത്തിൽ ജനിക്കുന്ന സന്തതിയാകട്ടെ പരലോക
ത്തിലും ഇഹലോകത്തിലും ഒരുപോലെ സുഖത്തെ
യുണ്ടാക്കുന്നു. നിന്തിരുവടി സ്നേഹിച്ചു നനച്ചു വള
ൎത്ത ഒരു ബാലവൃക്ഷം ഫലിക്കാതിരുന്നാൽ അതി
നെക്കണ്ടു ദുഃഖിക്കുന്നതുപോലെ സന്തതിയില്ലാത്ത
എന്നെ കണ്ടിട്ട് ഒരു പ്രകാരത്തിലും അങ്ങുന്ന് ദുഃ
ഖിക്കാതെ ഇരിപ്പാൻ സംഗതിയില്ല. കുളിപ്പി
ക്കാതെ ഒരു ദിക്കിൽ കെട്ടിയിട്ടുള്ള ഗജത്തിന് അ
തിന്റെ കെട്ടുകുററി ഏതുപ്രകാരം ഉപദ്രവം കൊ
ടുക്കുമോ അതുപ്രകാരം എനിക്കു എന്റെ മൂന്നാമ
ത്തെ കടം* അസഹ്യമായ പീഡയെ ജനിപ്പിക്കുന്നു.
എനിക്കു പിതൃക്കളുടെ ഋണത്തിൽനിന്നു മോചിപ്പാ
നുള്ള വഴി ഇന്നതാണെന്നു വിധിപ്പാനുള്ള അഹ

---

* ഒരുവന്നുള്ള മൂന്നു കടങ്ങളിൽ ഋഷികളുടെ കടം ബ്ര
ഹ്മചൎയ്യംകൊണ്ടും, ദേവകളുടെ കടം യാഗംകൊണ്ടും,
പിതൃക്കളുടെ കടം സന്തതികൊണ്ടും തീരേണ്ടതാണു.

ത നിന്തിരുവടിക്കാണ്. ഇക്ഷ്വാകുവംശത്തിൽ‡ ജ
നിച്ചവക്ക് ഇല്ലാത്തതിനെ ഉണ്ടാക്കിക്കൊടപ്പാനു
ള്ള ശക്തി അവിടയ്ക്കു് അധീനമാണല്ലോ.

ദിലീപന്റെ മേൽപ്രകാരമുള്ള നിവേദനങ്ങ
ളെ കേട്ടു്, ഉറക്കംകൊണ്ടിളകാതെ കിടക്കുന്ന മ
ത്സ്യങ്ങളോടുകൂടിയ കയംപോലെ, ധ്യാനനിഷ്ഠ
യിൽ കണ്ണിളകാതെ വസിഷ്ഠമഹഷി കുറെ നേരം
ഇരുന്നു്, ചിത്തൈകാഗ്ര്യത്തോടെ ദിലീപന്റെ സ
ന്തതിവിഘ്നത്തെപ്പററി ആലോചിച്ചു കാരണം ഗ്ര
ഹിച്ചതിന്നു ശേഷം ഇപ്രകാരം മറുവടി പറഞ്ഞു.

"പണ്ട് അങ്ങുന്നു് സ്വൎഗ്ഗത്തിൽ പോയി ഇ
ന്ദ്രനെ സേവിച്ചു ഭൂമിയിലേക്കു മടങ്ങിവരുമ്പോൾ
വഴിയിൽ കല്പകവൃക്ഷത്തിന്റെ നിഴലിൽ കാമധേ
നു ഉണ്ടായിരുന്നു. അന്നു ഋതുസ്നാതയായ രാജ്ഞി
യെ വിചാരിച്ചു് ധൎമ്മലോപത്തെ* ഭയപ്പെട്ടു പ്രദ

‡ ദിലീപന്റെ പൂൎവ്വികനായി ഇക്ഷ്വാകുവെന്നു പേരോ
ടു കൂടി സൂൎയ്യവംശത്തിൽ ഒരു രാജാവുണ്ടായിരുന്നു.

* ഋതുസ്നാനാനന്തരം ഭാൎയ്യാഗമനം വേണ്ടതാണെന്നു
ശാസ്ത്രവിധിയുണ്ട്. അതിനെ അനുഷ്ഠിക്കാതിരു
ന്നാലുള്ള ദോഷമാണ് ധൎമ്മലോപമെന്നതുകൊണ്ടു
നിൎദ്ദേശിച്ചിരിക്കുന്നത്.

ക്ഷിണാൎഹയായ കാമധേനുവിനെ ആദരിക്കാതെ അങ്ങുന്നു് വേഗം ഭൂലോകത്തേക്കു തിരിക്കുകയാണു ഉണ്ടായതു്. അവളെ അനാദരിച്ചതുകൊണ്ടാണു് അങ്ങയുടെ ഇഷ്ടപ്രാപ്തിക്കു തടസ്ഥം നേരിടുന്നതു് പൂജ്യന്മാരെ പൂജിക്കാതിരുന്നാൽ ഇഷ്ടപ്രാപ്തിക്കു വിഘ്നം വരുമെന്നു പറയേണ്ടതില്ലല്ലോ. കാമധേനുവിനെ ചെന്നു കണ്ടു ദോഷമോചനം വരുത്താമല്ലോ എന്നു വിചാരിക്കുകയാണെങ്കിൽ അവൾ വരുണഭഗവാൻ ദീൎഘകാലംകൊണ്ടു് അവസാനിക്കുന്നതായ ഒരു യാഗം തുടങ്ങീട്ടുള്ളതിന്നു ഘൃതാദിഹോമദ്രവ്യങ്ങൾ കൊടുപ്പാനായി പാതാളത്തിൽ പോയിരിക്കയാണു്. പാതാളത്തിൽ പോയി അവളെ കണ്ടുകളയാമെന്നുവെച്ചാൽ പാതാളത്തിലേക്കുള്ള പ്രവേശമാൎഗ്ഗങ്ങളൊക്കെയും പാമ്പുകൾ വന്നു തടുത്തു കടപ്പാൻ പാടില്ലാതേയും ആക്കിയിരിക്കുന്നു. എന്നാലും ഒരു നിവൃത്തിമാൎഗ്ഗം ഞാൻ കാണുന്നുണ്ടു്. അങ്ങുന്നു് ഭാൎയ്യയോടുകൂടി ശുചിയായിട്ടു കാമധേനുവിന്റെ മകളെ പ്രതിനിധിയാക്കി സേവിക്കുക. അവൾ സന്തുഷ്ടയായാൽ ഇഷ്ടലാഭമുണ്ടാകും.”

വസിഷ്ഠമഹൎഷി ഇപ്രകാരം പറഞ്ഞുകൊണ്ടിരിക്കുമ്പോൾതന്നെ അദ്ദേഹത്തിന്നു ഹോമദ്രവ്യങ്ങൾ

കൊടുക്കുന്ന നന്ദിനിയെന്നു പേരോടുകൂടിയ പശു വ
നത്തിങ്കൽനിന്ന് അവിടേക്കു വന്നു. തളിരുപോ
ലെ സ്നിഗ്ദ്ധതയോടും ഇളംചുകപ്പോടുംകൂടിയ നിറ
ത്തോടും, സന്ധ്യാസമയത്തെ ബാലചന്ദ്രനെപ്പോ
ലെ നെററിമേൽ വളഞ്ഞു വെളുത്ത അടയാളത്തോ
ടും, കുടംപോലെ വലുതായിരിക്കുന്ന അകിട്ടിൽനി
ന്നു തന്റെ കുട്ടിയെ കാണുമ്പോൾ ചുരന്നുവരുന്ന
തായ ഇളംചൂടോടുകൂടിയതും അവഭൃഥസ്നാനത്തേ
ക്കാൾ* ശുദ്ധികരമായതും ആയ ക്ഷീരത്തിന്റെ പ്ര
വാഹംകൊണ്ടു ഭൂമിയെ നനച്ചുംകൊണ്ടും, കുളമ്പു
കൾകൊണ്ടിളകി ഭൂമിയിൽനിന്നു പുറപ്പെടുന്ന പൊ
ടികൾകൊണ്ടു തീൎത്ഥസ്നാനശുദ്ധിയെ† ദിലീപനു
ദാനം ചെയ്തുകൊണ്ടും വരുന്ന കാമധേനുവിന്റെ
മകളായ ആ നന്ദിനിയെ കണ്ടിട്ട് ശകുനജ്ഞനായ
വസിഷ്ഠമഹൎഷി അഭീഷ്ടസിദ്ധിക്കായുള്ള അപേക്ഷ

---

* യാഗദീക്ഷയുടെ അവസാനത്തിലുള്ള കുളി അവഭൃഥ
സ്നാനം.

† പശുവിന്റെ കുളമ്പുകൊണ്ടുണ്ടായ പൊടി ദേഹ
ത്തെ സ്പൎശിച്ചാൽ തീൎത്ഥസ്നാനഫലമുണ്ടെന്നു ശാ
സ്ത്രോക്തം. ഇതിന്നു വായവ്യസ്നാനമെന്നു പേർ.

യോടെ നില്ക്കുന്ന രാജാവിനോടു വീണ്ടും ഇങ്ങിനെ പറഞ്ഞു.

“പേർ പറഞ്ഞപ്പോൾത്തന്നെ ഈ കല്യാണിയായ പശു നമ്മുടെ അടുക്കെ വന്നതുകൊണ്ട് ഇഷ്ടപ്രാപ്തിക്കു താമസമില്ലെന്നു തീൎച്ചയാക്കാം. വന്യപദാൎത്ഥങ്ങളെക്കൊണ്ടു വൃത്തി നിൎവ്വഹിച്ച് അങ്ങുന്ന് ഈ പശുവിനെ അനുസരിച്ചു നടന്നു വിദ്യയെ അഭ്യാസംകൊണ്ടെന്നപോലെ പ്രസാദിപ്പിക്കണം. അങ്ങുന്ന് ഈ പശു ഒരേടത്തുനിന്നു പുറപ്പെടുമ്പോൾ ഒരുമിച്ചു പുറപ്പെടുകയും, നില്ക്കുമ്പോൾ നില്ക്കുകയും വേണം. ഇരിക്കുകയോ കിടക്കുകയോ വേണമെങ്കിൽ ഈ പശു കിടക്കുമ്പോൾ ചെയ്യാം. വെള്ളം കുടിക്കേണമെങ്കിൽ ഈ പശു വെള്ളം കുടിക്കുമ്പോൾ ആവാം. വധുവും ഭക്തിയോടുകൂടി ഇവളെ പൂജിച്ചു രാവിലെ തപോവനത്തോളം അനുഗമിക്കുകയും, വൈകുന്നേരം മടങ്ങിവരുമ്പോൾ എതിരേല്ക്കുകയും ചെയ്യണം. ഇപ്രകാരം അങ്ങുന്ന് ഇവൾക്കു പ്രസാദമാകുന്നതുവരെ പൂജിക്കണം. അങ്ങേയ്ക്ക് അവിഘ്നം ഭവിക്കട്ടെ. അങ്ങയുടെ അച്ഛനെപ്പോലെ അങ്ങുന്നു പുത്രവാന്മാരിൽ അഗ്രേസരനായി ഭവിക്കുക.”

ശിഷ്യൻ ശാസിതാവായ വസിഷ്ഠന്റെ ഈ ആദേശത്തെ ഭാൎയ്യയോടുകൂടി താണു വണങ്ങി സന്തോഷത്തോടെ കൈക്കൊണ്ടു. അനന്തരം രാത്രിയായപ്പോൾ ബ്രഹ്മപുത്രനും സൂനൃതവാക്കുമായ മഹൎഷി ശ്രീമാനായ രാജാവിനെ കിടക്കുവാനായി അയച്ചു. കല്പശാസ്ത്രംകൊണ്ടു വ്രതാനുഷ്ഠാനങ്ങൾ ഇന്നപോലെ വേണമെന്നു ഗ്രഹിച്ചിട്ടുള്ള വസിഷ്ഠമഹൎഷി രാജയോഗ്യമായ ആഹാരസാധനങ്ങളും ഭക്ഷണസാധനങ്ങളും ഉണ്ടാക്കുവാൻ തപശ്ശക്തികൊണ്ടു തനിക്കു സാധിക്കുമായിരുന്നുവെങ്കിലും ദിലീപനു വ്രതാരംഭമായതിനാൽ വ്രതത്തിങ്കൽ യോഗ്യമായ ഫലമൂലാദികൾ ഭക്ഷണത്തിനായിട്ടും ദൎഭശയ്യ കിടക്കുവാനായിട്ടും കൊടുത്തു. ദിലീപൻ ഋഷികുലപതിയായ വസിഷ്ഠൻ ഏൎപ്പാടു ചെയ്ത പൎണ്ണശാലയിൽ ഭാൎയ്യാസഹിതനായി ദൎഭശയ്യയിൽ കിടന്നു. വസിഷ്ഠശിഷ്യന്മാരുടെ വേദാധ്യയനംകൊണ്ടു് അവസാനിച്ചതായി അറിയപ്പെട്ട രാത്രി അവിടെ കഴിച്ചുകൂട്ടി.

# രണ്ടാം അദ്ധ്യായം.

## വ്രതാരംഭം.

പ്രഭാതമായപ്പോൾ ഗന്ധപുഷ്പമാല്യങ്ങളെക്കൊണ്ടു സുദക്ഷിണ പശുവിനെ പൂജിക്കയും, പശുക്കുട്ടിയെ കുടിപ്പിച്ചു കെട്ടുകയും ചെയ്തതിന്നുശേഷം രാജാവ് വസിഷ്ഠന്റെ പശുവിനെ വനത്തിലേക്കു മേയുവാൻ വിട്ടു. പതിവ്രതമാരിൽവെച്ച് അഗ്രഗണ്യയായ രാജഭാൎയ്യ ആ പശുവിന്റെ കുളമ്പുകൾ തട്ടി പരിശുദ്ധമായ പൊടിയോടുകൂടിയ മാൎഗ്ഗത്തെ സ്മൃതി വേദാൎത്ഥത്തെ എന്നപോലെ പിന്തുടൎന്നു. കീൎത്തിമാനും ദയാലുവുമായ രാജാവു ഭാൎയ്യയെ ആശ്രമത്തിങ്കലേക്കുതന്നെ മടക്കി അയച്ചു, നാലു സമുദ്രങ്ങൾ മുലയാക്കി പശുവിന്റെ രൂപം ധരിച്ചു വന്ന ഭൂമിദേവിയെപ്പോലുള്ള നന്ദിനിയുടെ രക്ഷാകൎത്തൃത്വം കയ്യേററു പിന്തുടൎന്നു. നന്ദിനിയുടെ പിന്നാലെ വ്രതം സ്വീകരിച്ചു നടപ്പാൻ ആരംഭിച്ചിട്ടുള്ള ദിലീപമഹാരാജാവ്, ശേഷമുള്ള അനുചരന്മാരേയും മടക്കി അയച്ചു. അദ്ദേഹത്തിന്റെ ശരീരരക്ഷയ്ക്കു അന്യസഹായം വേണ്ടിയിരുന്നില്ല. വൈവസ്വതമനുവിന്റെ സന്തതികൾ സ്വപരാക്ര

മംകൊണ്ടു രക്ഷിക്കപ്പെടുന്നവരാണല്ലോ. മണ്ഡലേശ്വരനായ ദിലീപൻ സ്വാദുള്ള പുല്ലുകൾ ചുരുളുകളാക്കി തിന്മാൻ കൊടുത്തും, ചൊറിഞ്ഞു കൊടുത്തും, കാട്ടീച്ചകളെ ആട്ടിക്കളഞ്ഞും, സ്വച്ഛന്ദം പോകുവാനനുവദിച്ചും വസിഷ്ഠധേനുവിനെ സന്തോഷിപ്പിപ്പാനുള്ള ആഗ്രഹത്തോടെ പിന്നാലെ നടന്നു. നന്ദിനി നില്ക്കുന്ന സമയം രാജാവും നില്ക്കും, നടക്കുന്ന സമയം നടക്കും, നന്ദിനി കിടക്കുമ്പോൾ താനിരിക്കും, വെള്ളം കുടിക്കുമ്പോൾ വെള്ളം കുടിക്കും, ഇങ്ങിനെ നിഴൽപോലെ രാജാവു നന്ദിനിയെ അനുഗമിച്ചു. വെൺകൊററക്കുട വെൺചാമരം മുതലായ രാജചിഹ്നങ്ങൾ ഒന്നും ഉണ്ടായിരുന്നില്ലെങ്കിലും, പുറത്തേക്കിളകി പ്രകാശിക്കാത്ത മദരേഖയോടുകൂടിയ ഗജേന്ദ്രനെപ്പോലെ, രാജലക്ഷ്മിയുടെ തേജോവിശേഷംകൊണ്ടു മഹാരാജാവു ശോഭിച്ചുകൊണ്ടിരുന്നു. വള്ളിനാരുകൊണ്ടു തലമുടി മേല്പട്ടാക്കി കെട്ടി, ഞാണേററിയ വില്ലും കയ്യിലെടുത്തു വസിഷ്ഠമഹർഷിയുടെ ഹോമധേനുവിനെ രക്ഷിപ്പാനെന്ന വ്യാജേന കാട്ടിലുള്ള ദുഷ്ടമൃഗങ്ങളെ ശാസിപ്പാൻ തുടങ്ങുകയാണോ എന്നു തോന്നുംവണ്ണം, ദിലീപൻ എല്ലാ ദിക്കിലും സഞ്ചരിച്ചു

തുടങ്ങി. പാൎശ്വാനുചരന്മാരെ വേണ്ടെന്നു വെച്ചിട്ടുള്ള ദിലീപന്റെ ഇരുവശവുമുണ്ടായിരുന്ന വൃക്ഷങ്ങൾ അവകളിൽ മദിച്ചുകളിക്കുന്ന പക്ഷികളുടെ ശബ്ദങ്ങൾകൊണ്ടു "ജയ! ജയ!" ശബ്ദത്തെ പുറപ്പെടുവിക്കുകയാണോ എന്നു തോന്നി. വായുസഖനായ അഗ്നിഭഗവാനെപ്പോലെ തേജസ്വിയായി പൂജ്യനായിരിക്കുന്ന ദിലീപൻ അടുത്തെത്തിയപ്പോൾ വായുവാൽ പ്രേരിപ്പിക്കപ്പെട്ട ബാലലതകൾ, പൌരകന്യകമാർ ഉപചാരത്തിന്നായി മലരുകൊണ്ടെന്നപോലെ, പുഷ്പങ്ങളെക്കൊണ്ടൎച്ചിച്ചു. വില്ലു ധരിച്ചിട്ടുണ്ടെങ്കിലും ദയകൊണ്ടലിഞ്ഞിട്ടുള്ള മനസ്സോടുകൂടിയവനാണെന്നു നിൎഭയമായ തങ്ങളുടെ അന്തഃകരണംകൊണ്ടുതന്നെ അറിയപ്പെടാവുന്ന ദിലീപന്റെ സൌഭാഗ്യത്തെ മാൻപേടകൾ അടുത്തുചെന്നു നോക്കി, അവയുടെ വലുതായ കണ്ണുകൾക്കു ഫലപ്രാപ്തി വരുത്തി. വണ്ടുകൊത്തിയ മുളകളുടെ തുളകളിൽ കാറ്റുനിറഞ്ഞു് അതുകളിൽനിന്നു പുറപ്പെടുന്ന ശബ്ദത്തെ ശ്രുതിയാക്കി വനദേവതമാർ ലതാഗൃഹങ്ങളിലിരുന്നു തന്റെ കീൎത്തിയെ പാടിപ്പുകഴ്ത്തുന്നതും ദിലീപൻ കേട്ടു. പൎവ്വതങ്ങളിലുള്ള ജലപ്രവാഹങ്ങളിൽ തട്ടി ജലബിന്ദുക്കളേ

റു തണുപ്പോടുകൂടിയവനും, വൃക്ഷങ്ങളിൽ മന്ദമായടിച്ചു പുഷ്പസൌരഭ്യത്തോടുകൂടിയവനും ആയ പവനൻ കുടയില്ലായ്കയാൽ വെയിലുകൊണ്ടു തളൎന്നവനും, ആചാരശുദ്ധിയുള്ളവനും ആയ ദിലീപനെ സേവിച്ചു. രക്ഷിതാവായ ദിലീപൻ കാട്ടിൽ പ്രവേശിച്ചപ്പോൾ മഴകൂടാതെതന്നെ കാട്ടു തീ കെട്ടു; ഫലപുഷ്പങ്ങൾ അധികമായി വൎദ്ധിച്ചു. ബലമേറിയ ജന്തുക്കൾ ബലം കുറഞ്ഞവറ്റയെ ഹിംസിച്ചതേയില്ല. തളിർപോലെ ചുകന്ന നിറത്തോടുകൂടിയ സൂൎയ്യപ്രഭയും, വസിഷ്ഠമഹൎഷിയുടെ പശുവും തങ്ങളുടെ സഞ്ചാരംകൊണ്ടു ദിഗന്തരങ്ങളെ ശുദ്ധിവരുത്തി സന്ധ്യാസമയമായപ്പോൾ* നിലയത്തിലേക്ക പോകുവാനാരംഭിച്ചു.

## ആശ്രമത്തിലേക്കുള്ള മടക്കം.

ദേവക്രിയയായ യാഗത്തിന്നും പിതൃക്രിയയായ ശ്രാദ്ധത്തിന്നും അതിഥിക്രിയയായ സൽകാരത്തിന്നും ആവശ്യമായതിനെ കൊടുക്കുന്ന ആ നന്ദിനിയെ ഭൂലോകനാഥൻ അനുസരിച്ചു നടന്നു. സജ്ജനസമ്മതനായ ദിലീപനോടുകൂടിയ നന്ദിനി ക

* അസ്തമയം ഗൃഹം എന്നു യഥാക്രമമായി അൎത്ഥം.

ൎമ്മാനുഷ്ഠാനത്തോടുകൂടിയ ആസ്തിക്യബുദ്ധി എന്ന പോലെ ശോഭിച്ചു. ചെറുപൊയ്കകളിൽനിന്നു കയറിനില്ക്കുന്ന പന്നിക്കൂട്ടങ്ങളോടും, രാത്രി കഴിച്ചുകൂട്ടുവാനായി മരങ്ങളിൽ കയറുവാൻ ഉദ്യുഖമുഖത്തോടെ നില്ക്കുന്ന മയിലുകളോടും, ഇളമ്പുല്ലുള്ള പ്രദേശങ്ങളിൽ നില്ക്കുന്ന മാൻകൂട്ടങ്ങളോടും കൂടിയതും എല്ലാടത്തും ശ്യാമവൎണ്ണമായി കാണപ്പെടുന്നതുമായ കാട്ടുപ്രദേശങ്ങളെ നോക്കിക്കണ്ടുംകൊണ്ടു ദിലീപൻ നടന്നു. പാൽ നിറഞ്ഞിട്ടുള്ള വലുതായ അകിട് വഹിപ്പാനുള്ള പ്രയാസംകൊണ്ടു നന്ദിനിയും, ശരീരഗൌരവംകൊണ്ടു ദിലീപനും, സാവധാനവും മനോഹരവുമായ ഗതികൊണ്ടു തപോവനത്തിലേക്കുള്ള മാൎഗ്ഗത്തെ ശോഭിപ്പിച്ചു. ദിലീപനെ വളരെ നേരമായി കാണാതെ ഉപവാസമനുഷ്ഠിച്ച സുദക്ഷിണാനേത്രങ്ങൾ നന്ദിനിയുടെ പിന്നാലെ വനത്തിൽനിന്നു വരുന്ന അദ്ദേഹത്തെ പോളകൾകൂട്ടാതെ നോക്കിക്കൊണ്ടിരിക്കുന്നുണ്ടായിരുന്നു. പിന്നിൽ വരുന്ന ദിലീപന്റേയും, എതിരേല്ക്കുവാനായി മുന്നിൽവരുന്ന സുദക്ഷിണയുടേയും നടുവിൽ, രാവിന്റേയും പകലിന്റേയും മദ്ധ്യേ സന്ധ്യയെന്നപോലെ നന്ദിനി ശോഭിച്ചു. അക്ഷതപാത്ര

ത്തോടുകൂടി എതിരേല്ക്കുവാൻ വന്ന സുദക്ഷിണ ന
ന്ദിനിയെ പ്രദക്ഷിണംവെച്ചു നമസ്കരിക്കയും, കാ
ര്യസിദ്ധിയുടെ വരവിന്നുള്ള മാർഗ്ഗമാണോ എന്നു
തോന്നത്തക്കവണ്ണമുള്ള നന്ദിനിയുടെ വിസ്താരമേറി
യ കൊമ്പുകളുടെ മദ്ധ്യത്തെ പൂജിക്കുകയും ചെയ്തു.
നന്ദിനിക്കു അവളുടെ കുട്ടിയുടെ അടുക്കലേക്കു പോ
വാൻ ധൃതിയുണ്ടായിരുന്നുവെങ്കിലും, സുദക്ഷിണ
ചെയ്ത പൂജയെ ഇളകാതെ നിന്നു സ്വീകരിക്ക
യാൽ രാജദമ്പതിമാർ വളരെ സന്തോഷിച്ചു. ന
ന്ദിനിയെപ്പോലുള്ളവർ പ്രസാദചിഹ്നത്തെ കാട്ടി
യാൽ ആയതു സന്നിഹിതമായ കാര്യസിദ്ധിയുടെ
അടയാളമായി വിചാരിക്കാവുന്നതാണല്ലോ. സ്വ
പരാക്രമംകൊണ്ട് ഏകനായിത്തന്നെ ശത്രുക്കളെ
ജയിച്ചിട്ടുള്ള ദിലീപൻ അരുന്ധതീസഹിതനായ വ
സിഷ്ഠന്റെ പാദങ്ങളെ വന്ദിച്ചതിന്നുശേഷം സ
ന്ധ്യാവന്ദനം ചെയ്യുകയും, കാവു കഴിഞ്ഞു കിടക്കു
ന്ന നന്ദിനിയെത്തന്നെ വീണ്ടും ചെന്നു സേവിക്കുക
യും ചെയ്തു. രാജദമ്പതിമാർ വിളക്കും കത്തിച്ചു
നന്ദിനിയുടെ അടുക്കെ ഇരുന്നു; അവൾ ഉറങ്ങിയ
തിന്നുശേഷം അവരും ഉറങ്ങി. പ്രഭാതത്തിങ്കൽ
നന്ദിനി എഴുനീറ്റപ്പോൾ അവരും എഴുനീറ്റു. മ

ഹനീയകീൎത്തിയും, ദീനരക്ഷകനും ആയ ദിലീപൻ തൻെറ മഹിഷിയോടു കൂടി ഇപ്രകാരം ഇരുപത്തൊന്നു ദിവസം വ്രതത്തെ അനുഷ്ഠിച്ചു.

## ദിലീപപരീക്ഷ.

പിററന്നാൾ തൻെറ പിന്നാലെ നടക്കുന്ന രാജാവിൻെറ അന്തൎഗ്ഗതത്തെ പരീക്ഷിച്ചറിവാനായി, ഗംഗ വീഴുന്നതിന്നടുക്കെ മുളച്ചിട്ടുള്ള ഇളംപുല്ലുകളോടുകൂടിയ ഹിമവൽപാൎശ്വത്തിലുള്ള ഒരു ഗുഹയിലേക്കു നന്ദിനി പ്രവേശിച്ചു. വ്യാഘ്രം തുടങ്ങിയ ദുഷ്ടജന്തുക്കളാൽ മനസ്സുകൊണ്ടു കൂടി ഉപദ്രവിപ്പാൻ കഴിയാത്തവളാണല്ലോ നന്ദിനി എന്ന വിചാരത്തോടുകൂടി ഹിമാലയപൎവ്വതത്തിൻെറ ഭംഗിയെ കാണ്മാൻ കണ്ണു വെച്ചിട്ടുള്ള ദിലീപൻ അറിയാതെ പെട്ടെന്നു ഒരു സിംഹം അവിടെ ചാടിവീണു നന്ദിനിയെ ബലാൽക്കാരേണ പിടികൂടി. ഗുഹകളിൽ ചെന്നു പ്രതിദ്ധ്വനിയുണ്ടാക്കിത്തീൎത്തിട്ടുള്ള നന്ദിനിയുടെ നിലവിളി ദീനന്മാരുടെ സങ്കടനിവൃത്തിയിൽ എപ്പോഴും ശ്രദ്ധവെക്കുന്നവനും, ഇപ്പോൾ ഹിമവാങ്കൽ പതിച്ചിരിക്കുന്നകണ്ണോടുകൂടിയവനും, ആയ ദിലീപനെ, കടിഞ്ഞാൺ പിടിച്ചു

കുതിരയെ പെട്ടെന്നു തിരിക്കുന്നതുപോലെ നന്ദിനി യിലേയ്ക്കാകർഷിച്ചു. കാവിമണ്ണു മുതലായ ധാതു ക്കൾ കൊണ്ടു ചുകന്ന പൎവ്വതത്തിൻ്റെ മുകൾപ്പര പ്പിൽ പുഷ്പിച്ചുനില്ക്കുന്ന പാച്ചോററിമരംപോലെ, ചു കപ്പുനിറത്തോടുകൂടിയ ആ നന്ദിനിയുടെ മേൽ നി ല്ക്കുന്ന ജടകളുള്ള സിംഹത്തെ ധനുൎദ്ധരനായ ദിലീ പൻ കണ്ടു. സിംഹത്തെപ്പോലെ നടക്കുന്നവനും, രക്ഷാസാമൎത്ഥ്യമുള്ളവനും, ശത്രുക്കളെ ബലാല്ക്കാ രേണ നശിപ്പിക്കുന്നവനും ആയ ദിലീപൻ തല്ക്കാ ലമുണ്ടായ പരിഭവത്തോടുകൂടി സിംഹത്തെ കൊല്ലു വാനായി ആവനാഴിയിൽനിന്നു ശരം എടുക്കുവാ നാരംഭിച്ചു.

## ദിലീപനും സിംഹവും.

പക്ഷെ ദിലീപൻ്റെ വലത്തെ കൈ ശരമെടു പ്പാൻ ഭാവിക്കുന്ന സ്ഥിതിയിൽ തന്നെ ചിത്രത്തിൽ എഴുതിയ കൈപോലെ യാതൊരു ചേഷ്ടയുമില്ലാ തെ സ്തംഭിച്ചുനിന്നുപോയി. നന്ദിനിയെ സിംഹം പിടിച്ചതുകൊണ്ടു തന്നെ രാജാവിന്നു കോപം ഉ ണ്ടായിട്ടുണ്ട്. തൻ്റെ ശ്രമം വിഫലമായിവന്ന പ്പോൾ ആ കോപം ഒന്നുകൂടി വൎദ്ധിച്ചു. എന്നിട്ടും

അപരാധിയായ സിംഹത്തിന്റെ സ്ഥിതിക്കു യാ
തൊരു മാററവും വരാഞ്ഞയാൽ മന്ത്രജപത്താൽ ക
ത്തുക്കപ്പെട്ടു വീൎയ്യത്തോടുകൂടിയ സൎപ്പത്തിന്റെ ശ
ക്തി എന്നപോലെ, ദിലീപന്റെ ശക്തി അദ്ദേഹ
ത്തിന്നുതന്നെ അന്തസ്താപം ഉണ്ടാക്കുകയാണു
ചെയ്തതു്. ശ്രേഷ്ഠന്മാരിൽ സ്നേഹമുള്ളവനും, മനു
വംശത്തിന്നലങ്കാരഭൂതനും, സിംഹത്തെക്കാൾ അ
ധികം പരാക്രമശാലിയും ആയ ദിലീപൻ തല്ക്കാ
ലം തനിക്കുണ്ടായ ബാഹുസ്തംഭത്തെയോൎത്തു വിസ്മ
യിച്ചുകൊണ്ടിരിക്കുമ്പോൾ രണ്ടാമതും വിസ്മയം
ജനിപ്പിച്ചുംകൊണ്ടു് ഒരു മനുഷ്യനെന്നപോലെ ആ
സിംഹം ദിലീപനോടു് ഇപ്രകാരം പറഞ്ഞു.

"അല്ലയോ മഹാരാജാവേ! എന്റെ നേരെ
ശരം പ്രയോഗിപ്പാൻ അങ്ങുന്നു ശ്രമിച്ചിട്ടു യാതൊ
രു പ്രയോജനവുമില്ല. അഥവാ അങ്ങുന്നു് അസ്ത്രം
പ്രയോഗിച്ചാൽ തന്നെ അതു നിഷ്ഫലമാകയേ ഉ
ള്ളൂ. മരങ്ങളെ പുഴക്കി വീഴിപ്പാൻ സാമൎത്ഥ്യമുള്ള
വായുവിന്റെ ശക്തി പൎവ്വതത്തിൽ ഫലിക്കുമോ?
കൈലാസപൎവ്വതംപോലെ ധവളമായ കാളയുടെ
പുറത്തു പരമശിവൻ കയറുന്നതു് എന്റെ പുറത്തു
ചവിട്ടീട്ടാകുന്നു. ആ പാദാൎപ്പണാനുഗ്രഹംകൊ

ണ്ട പരിശുദ്ധമായ പൃഷ്ഠത്തോടുകൂടിയ ഞാൻ നി കുംഭനോടുതുല്യനായ കുംഭോദരനെന്ന ശിവകി കരനാണെന്നു ധരിക്കുക. അങ്ങുന്ന് ഈ പർവ്വത ത്തിന്റെ പുരോഭാഗത്തിങ്കൽ ഒരു ദേവദാരുവൃ ക്ഷത്തെ കാണുന്നില്ലെ. ആയതിനോടു പുത്രനിർവ്വി ശേഷമായ സ്നേഹം പരമേശ്വരനുണ്ട്. മാതാവി ന്റെ സ്വർണ്ണകലശംപോലുള്ള മുല കുടിച്ചു സു ബ്രഹ്മണ്യൻ വളൎന്നപോലെ, പാർവ്വതി പൊന്നിൻ കുടത്തിൽ കൊണ്ടുവന്നു നനയ്ക്കുന്ന വെള്ളംകൊണ്ടാ ണ് ഈ വൃക്ഷം വളരുന്നത്. ഒരു ദിവസം ഒരു കാട്ടാ ന ഈ ദേവദാരുവൃക്ഷത്തിന്മേൽ അതിന്റെ കവിൾ ത്തടം ചൊറിയുകയാൽ ഇതിന്റെ തൊലി കുറെ ചതഞ്ഞുപോയി; അപ്പോൾ, സുബ്രഹ്മണ്യസ്വാമി യുടെ ശരീരം അസുരാസ്ത്രങ്ങൾകൊണ്ടു മുറിഞ്ഞ പ്പോഴുണ്ടായതുപോലെയുള്ള ദുഃഖം പാർവ്വതിക്കു ണ്ടായി. ഈ സംഭവം കഴിഞ്ഞമുതൽ കാട്ടാന കളെ ഭയപ്പെടുത്തി അകററുവാൻ വേണ്ടി ഭഗ വാൻ ശ്രീപരമേശ്വരൻ എന്നെ ഒരു സിംഹമാക്കി ഈ പർവ്വതഗുഹയിൽ ആക്കിയിരിക്കയാണ്. എ ന്റെ ഗുഹയ്ക്കു സമീപം വരുന്ന ജീവികളെയൊക്കെ ആഹാരമാക്കിക്കൊള്ളുവാൻ എനിക്ക് അനുമതി

സിദ്ധിച്ചിട്ടുണ്ട്. പരമേശ്വരൻ കല്പിച്ച സമയത്ത് ഇവിടെ വന്നിട്ടുള്ള ഈ പശുവിൻെറ ചോര, രാഹുവിന്നു ചന്ദ്രനിലുള്ള അമൃതെന്നപോലെ, വളരെ വിശപ്പുള്ള എനിക്ക തൃപ്തിയുണ്ടാവാൻ മതിയാവുന്നതാണ്. അല്ലയോ രാജാവേ! അങ്ങേയ്ക്ക് ഇന്നു നേരിട്ട അപജയത്തെപ്പററി ഒട്ടും ലജ്ജിക്കേണ്ടതില്ല. അങ്ങുന്നു മടങ്ങിപ്പോയാലും. ശിഷ്യന്നു വേണ്ടുന്ന ഗുരുഭക്തി അങ്ങെക്കുണ്ടെന്ന് വസിഷ്ഠഗുരുവിന്നു പ്രത്യക്ഷമായി അങ്ങുന്നു കാണിച്ചിട്ടുണ്ടല്ലൊ. എന്നാൽ രക്ഷിക്കേണ്ടതായ വസ്തുവിൻെറ രക്ഷ ആയുധസാദ്ധ്യമല്ലാതെ വരുമ്പോൾ ആ വസ്തു അഥവാ നശിച്ചാൽ തന്നെ, ആയത് ആയുധധാരികളുടെ യശോഹാനിക്ക ഹേതുവാകയുമില്ല."

ഇപ്രകാരം സിംഹത്തിൻെറ പ്രൌഢമായ വാക്കുകളിൽനിന്നു, പരമേശ്വരമാഹാത്മ്യത്താലാണ തനിക്ക് അസ്ത്രപ്രയോഗത്തിൽ അപജയം നേരിട്ടതെന്നു ദിലീപൻ സമാധാനിക്കയും, തൻെറ നേരെ തനിക്കതന്നെ ഉണ്ടായിരുന്ന നിന്ദയെ ഒഴുക്കുകയും ചെയ്തു. ദിലീപന്നു ശരപ്രയോഗത്തിൽ ഉണ്ടായിട്ടുള്ള ഈ അപജയം ആദ്യത്തേതായിരുന്നു. ഈ മുടക്കം തൻെറ പ്രയത്നത്തെ നിഷ്ഫല

മാക്കുകയും ചെയ്തു. ഇതുകാരണത്താൽ പണ്ടു പരമേശ്വരന്റെ നേരെ ദേവേന്ദ്രൻ വജ്രം പ്രയോഗിക്കുവാൻ തുടങ്ങിയപ്പോൾ ശിവന്റെ ഒരു നോട്ടം മാത്രംകൊണ്ടു നഷ്ടചേഷ്ടനായ ഇന്ദ്രൻ എന്നപോലെ* ദിലീപമഹാരാജാവു സ്തംഭിച്ചുനിന്നുപോയെങ്കിലും സിംഹത്തോട് ഇപ്രകാരം ഉത്തരം പറഞ്ഞു.

"അല്ലയോ മൃഗേന്ദ്ര! ശരം പ്രയോഗിപ്പാൻ ആരംഭിച്ചപ്പോൾ കയ്യു സ്തംഭിച്ചിരിക്കെ ഞാൻ ഈ പറയുന്നതു പരിഹാസയോഗ്യമായി വരാനേ തരമുള്ളൂ. എന്നാലും അങ്ങുന്ന് സർവ്വപ്രാണികളുടേയും അന്തർഗ്ഗതത്തെ അറിയുന്നവനായതുകൊണ്ട് എന്റെ അഭിപ്രായം പറവാൻ മടിക്കുന്നില്ല. സകലചരാചരങ്ങളുടേയും സൃഷ്ടിസ്ഥിതിസംഹാരകാരണഭൂതനായ ഭഗവാൻ ശ്രീപരമേശ്വരനെ എനിക്കും വളരെ ബഹുമാനമുണ്ട്. എന്നാലും ആധാനം ചെയ്ത് അഗ്നികാര്യം നിരന്തരമായി നടത്തിവരുന്ന ഗുരുവിന്റെ ഈ ധനം എന്റെ അരികെ വെച്ചു നശിക്കുന്നതു കണ്ടുംകൊണ്ട് അതിനെ ഉപേക്ഷിച്ചുപോകുന്നത് എനിക്കു പററി

---

* ഈ കഥ ലൈംഗപുരാണത്തിലുള്ളതാണ്.

യതല്ല. ശിവൻെറ കല്പനപ്രകാരം സമീപത്തിൽ വരുന്നവരെ കൊന്നുതിന്നുവാനാണല്ലൊ അങ്ങയ്ക്കു് അധികാരം കിട്ടീട്ടുള്ളതു്. അതുകൊണ്ടു് ഈ പശുവിനെപ്പോലെ തന്നെ സമീപം വന്നിട്ടുള്ള എൻെറ ശരീരത്തെ ആഹാരമാക്കി സ്വീകരിപ്പാൻ അങ്ങയ്ക്കു മനസ്സുണ്ടാവണം. സന്ധ്യാസമയം അടുക്കയാൽ മാതാവിൻെറ വരവും നോക്കിയിരിക്കുന്ന ഏറ്റവും ശിശുവായ ഒരു കുട്ടിയുള്ള ഈ പശുവിനെ വിട്ടയച്ചാലും".

രാജാവിൻെറ ഈ മറുവടി കേട്ടപ്പോൾ ശിവകിങ്കരനായ ആ സിംഹം ദംഷ്ട്രകളുടെ കിരണങ്ങളാൽ ഗുഹാപ്രദേശങ്ങളിലെ ഇരുട്ടിനെ ഖണ്ഡിച്ചു ശകലങ്ങളാക്കിച്ചെയ്തു കുറഞ്ഞൊന്നു ചിരിച്ചുംകൊണ്ടു രാജാവിനോടു വീണ്ടും ഇപ്രകാരം പറഞ്ഞു.

"ലോകത്തിൻെറ ഏകച്ഛത്രാധിപത്യവും, നവമായിരിക്കുന്ന യൌവനവും, മനോഹരമായ ഈ ശരീരവും ഈ പശുവേക്കാൾ എത്രയൊ വിലപിടിച്ചവയാണു്. ഇത്ര വളരെ കാൎയ്യങ്ങൾ ഒരു തുച്ഛസംഗതിക്കായി ഉപേക്ഷിപ്പാൻ ഒരുങ്ങീട്ടുള്ള അങ്ങുന്നു് ആലോചനയില്ലാത്തവനാണെന്നാണു് എനിക്കു തോന്നുന്നതു്. ഇനി വിചാരമൌഢ്യംകൊണ്ടു

ല്ല ഭൂതദയകൊണ്ടാണ് ശരീരത്തെ ഉപേക്ഷിപ്പാൻ ഒരുങ്ങുന്നതെങ്കിൽ ആ പക്ഷത്തിലും ഗുരുലാഘവ്രങ്ങൾ നോക്കേണ്ടതല്ലേ? അങ്ങുന്നു ശരീരം ഉപേക്ഷിച്ചാൽ പക്ഷെ ഈ ഒരു പശുവിന്നു ക്ഷേമമുണ്ടാകും. എന്നാൽ അങ്ങുന്ന് ജീവിച്ചിരിക്കുമ്പോളാകട്ടെ എല്ലാ ജനങ്ങളേയും പിതാവെന്നപോലെ ആപത്തിൽനിന്നു രക്ഷിച്ചുകൊണ്ടാണിരിക്കുന്നത്. വളരെ ജനങ്ങളുടെ ക്ഷേമത്തിന്നുവേണ്ടി ജീവിക്കുകയല്ലേ വേണ്ടത്? ഇപ്രകാരമായാൽ പക്ഷെ അങ്ങു, തെററു ചെയ്താൽ കഠിനമായി ദ്വേഷ്യപ്പെടുന്നവനും അഗ്നിയെപ്പോലെ തേജസ്വിയുമായ ഗുരുവിങ്കൽനിന്നു ഭയമുണ്ടാവാൻ സംഗതിയുണ്ടായേക്കാം. എന്തെന്നാൽ ഗുരുവിന്നുള്ള ആകെ ധനം ഈ ഒരു പശു മാത്രമാണ്. എങ്കിലും ഈ പശുവിന്നുവേണ്ടി അങ്ങുന്നു ശരീരത്തെ ഉപേക്ഷിക്കേണ്ടതില്ലെന്നാണ് എനിക്കു തോന്നുന്നത്. ഈ പശുവിന്നു പകരമായി വളരെ പാലുള്ള അനേകകോടി പശുക്കളെ കൊടുത്തിട്ടെങ്കിലും ഗുരുവിന്റെ കോപത്തെ തീക്കാമല്ലോ. അതുകൊണ്ടു, കല്യാണപരമ്പരകളെ അനുഭവിപ്പാനുതകുന്ന ഊർജ്ജസ്വലമായിരിക്കുന്ന ആത്മദേഹത്തെ രക്ഷിച്ചാലും. സമൃദ്ധിയുള്ള

രാജ്യവും ഇന്ദ്രപദവും ഭൂസ്പർശം ഒന്നുകൊണ്ടു മാത്ര മെ തമ്മിൽ ഭേദപ്പെട്ടിരിക്കുന്നുള്ളു എന്ന് അറിവു ള്ളവർ പറയുന്നു".

ഇത്രയും പറഞ്ഞ് സിംഹം വിരമിച്ചപ്പോൾ ഗുഹയിൽനിന്നു പുറപ്പെട്ട അവൻെറ പ്രതിശബ്ദ ത്താൽ പർവ്വതവും സന്തോഷത്തോടെ സിംഹം പ റഞ്ഞതിനെ തന്നെ അനുമോദിച്ചു പറകയാണൊ എന്നു രാജാവിന്നു തോന്നുമാറായി. നന്ദിനിയാ കട്ടെ തൻെറ മേൽ കയറിയിരിക്കുന്ന സിംഹത്തെ വിചാരിച്ചു ഭയംകൊണ്ടിളകിക്കൊണ്ടിരിക്കുന്ന ക ണ്ണുകളോടുകൂടി രാജാവിനെ നോക്കുകയായിരുന്നു. ഇതു കണ്ട് ഏററവും ദയാലുവായ രാജാവു സിം ഹത്തോടു വീണ്ടും ഇങ്ങിനെ പറഞ്ഞു.

"ക്ഷത്രിയൻ എന്നതിലുള്ള ക്ഷത്രശബ്ദത്തിന്നു ക്ഷതത്തിൽനിന്നു ത്രാണം ചെയ്യുന്നവൻ എന്നു അർത്ഥം ലോകത്തിൽ പ്രസിദ്ധമായിട്ടുള്ളതാകുന്നു. അതിന്നു വിപരീതമായി ഒരു ജീവിയെ ആപത്തി കൽനിന്നു രക്ഷിക്കാതെ ഇരിക്കുന്ന ക്ഷത്രിയന്നു രാ ജ്യംകൊണ്ടു ഫലമുണ്ടൊ? പലരും അവനെ നി ന്ദിച്ചുപറയാതിരിക്കുമൊ? ജനനിന്ദയാകുന്ന ചളി പററി മലിനപ്പെട്ട പ്രാണനൊക്കൊണ്ടു തന്നെ ഫല

മെന്തു്? ഈ പശുവിന്നു പകരമായി എത്ര വളരെ പശുക്കളെ കൊടുത്താലും മഹൎഷിയെ അനുനയിക്കുവാൻ സാധിക്കുന്നതല്ല. ഈ പശു കാമധേനുവിന്റെ മകളാണെന്നു് അങ്ങു മനസ്സിലാക്കണം. ഇതിനെ അങ്ങുന്നു കടന്നുപിടിച്ചതു് പരമേശ്വര സാമൎത്ഥ്യം ഒന്നുകൊണ്ടു മാത്രമാണു്. അങ്ങിനെയുള്ള ഈ പശുവിനെ അങ്ങയ്ക്കു സ്വദേഹാൎപ്പണം ചെയ്തിട്ടെങ്കിലും ഞാൻ രക്ഷിക്കേണ്ടതാണു്. ഈ പശുവിന്നു പകരമായി എന്നെ സ്വീകരിച്ചാൽ അങ്ങയുടെ പാരണയും, വസിഷ്ഠമഹൎഷിയുടെ ഹോമാദികളും മുടങ്ങാതെ കഴിയും. പരമേശ്വരഭൃത്യനായതുകൊണ്ടു പരാധീനനായ അങ്ങുന്നു് ഈ തത്വം മനസ്സിലാക്കീട്ടുണ്ടായിരിക്കണം. അതുകൊണ്ടല്ലെങ്കിൽ ഈ ദേവദാരുവൃക്ഷത്തെ രക്ഷിപ്പാൻ അങ്ങുന്നു് ഇത്ര വലുതായ യത്നം ചെയ്യേണ്ടതുണ്ടോ? രക്ഷിപ്പാനായിട്ടു് ഒരു വസ്തു ഏല്പിച്ചതന്നാൽ അതിനെ നശിപ്പിച്ചിട്ടു് താൻ നശിക്കാതെ സ്വാമിയുടെ മുമ്പിൽ ചെല്ലുന്ന കാൎയ്യം അസാദ്ധ്യമാണല്ലോ. അങ്ങു് എന്നെ എന്തു കാരണത്താലെങ്കിലും ഹിംസിക്കാതെ കഴിക്കേണമെന്നു വിചാരിക്കുന്നുണ്ടെങ്കിൽ എന്റെ യശശ്ശരീരത്തിൽ ദയവെച്ചു്

അതാണ് നശിപ്പിക്കാതെ കഴിക്കേണ്ടത്. എ ന്നെപ്പോലുള്ളവക്ക് നിശ്ചയമായും നശ്വരമായ ഭൌതികദേഹങ്ങളിൽ അശേഷം ആദരവില്ല. 'സംബന്ധമാഭാഷണപൂർവ്വം' ആണെന്നാണ് ആ പ്തവാക്യം. അപ്രകാരമുള്ള സംബന്ധം ഈ വന പ്രദേശത്തിങ്കൽ വന്നു ചേൎന്നിട്ടുള്ള നാം തമ്മിൽ ഇപ്പോൾ ഉണ്ടായിട്ടുണ്ട്. അതുകൊണ്ട്, അല്ല യോ ശിവകിങ്കരനായുള്ളോവേ, സംബന്ധിയായ എന്റെ ഈ അപേക്ഷയെ ഉപേക്ഷിക്കുന്നത് അ ങ്ങേക്ക് ഒട്ടും യുക്തമായിട്ടുള്ളതല്ല".

'അങ്ങിനെയാവട്ടെ' എന്നു സിംഹം സമ്മതി ച്ചു വാക്കുകൊടുത്തു. രാജാവിന്റെ ബാഹുസ്തംഭ വും പെട്ടന്നു തീൎന്നു. അദ്ദേഹം ആയുധം താഴെ വെച്ച്, സിംഹത്തിന്നു ഭക്ഷണത്തിന്നായി ഒരു മാംസത്തിന്റെ പിണ്ഡം അടുക്കെ വെച്ചുകൊ ടുക്കുന്നതുപോലെ, തന്റെ ശരീരം സിംഹ ത്തിന്റെ മുമ്പിൽ വെച്ചുകൊടുത്തു. ആ ക്ഷണ ത്തിൽ, ഭയങ്കരനായ സിംഹം മേൽ ചാടുമെന്നു വിചാരിച്ചുകൊണ്ടു കീഴ്പ്പെട്ടു മുഖമാക്കി കിടക്കുന്ന രാജാവിന്റെ ശരീരത്തിൽ വീണതു വിദ്യാധരന്മാ രാൽ ചെയ്യപ്പെട്ട പുഷ്പവൎഷമാണ്.

## വ്രതാവസാനം.

"ഹേ! വത്സ! എഴുനീല്ക്കു" എന്ന് അതിമാധുൎയ്യത്തോടെയുള്ള വാക്ക കേട്ടു രാജാവ് എഴുനീററു നോക്കിയപ്പോഠം തന്റെ മുമ്പിൽ മാതാവിനെപ്പോലെ അതിവാത്സല്യത്തോടുകൂടി മുലകഠം ചുരന്നുകൊണ്ടു നില്ക്കുന്ന നന്ദിനിയെയാണ് കണ്ടത്. സിംഹത്തെ അവിടെ എങ്ങുംതന്നെ കാണ്മാനുമുണ്ടായിരുന്നില്ല. ആകപ്പാടെ വിസ്മയഭരിതനായിരിക്കുന്ന ദിലീപനോട് നന്ദിനി ഇങ്ങിനെ പറഞ്ഞു.

"അല്ലയോ! സാധുവായുള്ളോവേ! ഇതൊക്കെ ഞാൻ മായയെ പ്രകാശിപ്പിച്ച് അങ്ങയെ പരീക്ഷിച്ചതാണ്. വസിഷ്ഠമഹൎഷിയുടെ പ്രഭാവത്താൽ അന്തകനുംകൂടെ എന്നെ ഉപദ്രവിപ്പാൻ ശക്തനല്ല; എന്നിട്ടുവേണ്ടെ സിംഹവ്യാഘ്രാദിമൃഗങ്ങഠം? ഹേ പുത്ര! ഗുരുവിലുള്ള ഭക്തികൊണ്ടും, എന്നിലുള്ള കാരുണ്യംകൊണ്ടും ഞാൻ നിന്റെ നേരെ വളരെ സന്തുഷ്ടയായിരിക്കുന്നു. നിനക്ക് എന്താണ് ഇഷ്ടം? ആയതു വരിച്ചാലും. ഞാൻ പ്രസാദിച്ചാൽ കേവലം പാലു മാത്രമേ കിട്ടുകയു

ള്ളുവെന്നു് വിചാരിക്കേണ്ടാ. അഭീഷ്ടങ്ങളെല്ലാം ദാ
നംചെയ്യാൻ എനിക്കു ത്രാണിയുണ്ടു്".

ഇതു കേട്ടപ്പോൾ, അൎത്ഥികാൎക്കു് ഇഷ്ടദാനം
ചെയ്യുന്നവനും ബാഹുവീൎയ്യംകൊണ്ടു വീരനെന്ന
ബഹുമതി സമ്പാദിച്ചവനുമായ ദിലീപൻ ന
ന്ദിനിയെ തൊഴുതു വന്ദിച്ചു്, വംശത്തിൻെറ കൎത്താ
വായി അനന്തമായ കീൎത്തിയോടുകൂടിയ ഒരു പു
ത്രൻ സുദക്ഷിണയിൽ തനിക്കുണ്ടാകണമെന്നു് അ
പേക്ഷിച്ചു. സന്തതിയെ ഇച്ഛിക്കുന്ന രാജാവി
ൻെറ ഈ ഇഷ്ടത്തെ നന്ദിനി അംഗീകരിക്കുകയും
"അല്ലയോ പുത്ര! ഒരു ഇലക്കുമ്പിളുണ്ടാക്കി അ
തിൽ എൻെറ പാൽ കറന്നു് അങ്ങു കുടിക്കുക"
എന്നു രാജാവിനോടാജ്ഞാപിക്കുകയും ചെയ്തു.

"അല്ലയോ മാതാവേ! കുട്ടി കുടിച്ചതിൻെറ
യും, ഹോമിച്ചതിൻെറയും ശേഷം ബാക്കിയുണ്ടാകു
ന്ന ക്ഷീരത്തെ, ഞാൻ രക്ഷിച്ചുപോരുന്ന ഭൂമിയിലു
ണ്ടാകുന്ന പദാൎത്ഥങ്ങളിൽ രാജഭോഗമായി നിശ്ച
യിച്ചിട്ടുള്ള ആറിൽ ഒരു ഭാഗത്തെ അനുഭവിക്കുന്ന
തുപോലെ, ഗുരുവിൻെറ സമ്മതത്തോടുകൂടി സേ
വിപ്പാനാണു് ഞാനാഗ്രഹിക്കുന്നതു്" എന്നു രാജാ
വു നന്ദിനിയെ ഗ്രഹിപ്പിച്ചു. ഇതു കേട്ടപ്പോൾ

നന്ദിനി ഏററവും സന്തോഷിക്കുകയും, ദിലീപനോടുകൂടി ഹിമവാൻെറ ഗുഹയിൽനിന്ന് വസിഷ്ഠാശ്രമത്തിലേക്കു അനായാസേന മടങ്ങിഎത്തുകയും ചെയ്തു. പ്രസന്നമായി പ്രകാശിക്കുന്ന ചന്ദ്രനു സദൃശമായ മുഖത്തോടുകൂടിയ രാജാവ് ആശ്രമത്തിൽ എത്തിയ ഉടനെ നന്ദിനിയുടെ പ്രസാദത്തെ വസിഷ്ഠമഹർഷിയെ ഗ്രഹിപ്പിച്ചു. രാജാവിൻെറ സന്തോഷലക്ഷണങ്ങൾ കണ്ട് കാൎയ്യമൊക്കെ എതാണ്ടൂഹിച്ചു മനസ്സിലാക്കിയ സുദക്ഷിണയ്ക്കു രാജാവു വിവരങ്ങൾ പറഞ്ഞപ്പോൾ ആയതു പുനരുക്തമായിട്ടാണ് പരിണമിച്ചത്. ആരാലും നിന്ദിക്കപ്പെടാതെയുള്ള സ്വഭാവത്തോടുകൂടിയവനും സത്തുക്കളിൽ സ്നേഹമുള്ളവനുമായ ദിലീപൻ ഗുരുവിൻെറ അനുവാദം വാങ്ങി, കുട്ടി കുടിച്ചതിൻേറയും ഹോമിച്ചതിൻേറയും അവശേഷമായി, തൻെറ മൂൎത്തിമത്തായ യശസ്സുതന്നെയോ എന്നു തോന്നുംവണ്ണം ധവളമായിരിക്കുന്ന നന്ദിനിയുടെ ക്ഷീരത്തെ ഏററവും തൃഷ്ണയോടുകൂടി പാനംചെയ്തു. പിറേറന്നു പ്രഭാതത്തിൽ ജിതേന്ദ്രിയനായ വസിഷ്ഠൻ, വ്രതപാരണ കഴിഞ്ഞതിന്നു ശേഷം യാത്രാകാലത്തിങ്കൽ ഉചിതമായ ആശീൎവ്വാദം ചെയ്ത് സുദക്ഷിണാദി

ലീപന്മാരെ അവരുടെ രാജധാനിയിലേക്കു മടക്കി അയച്ചു.

## രാജ്ഞപ്രത്യാഗമനം.

ഹോമംകൊണ്ടു ജ്വലിച്ചിരിക്കുന്ന അഗ്നിയേയും, വസിഷ്ഠനേയും, അരുന്ധതിയേയും, പശുവിനേയും, കുട്ടിയേയും വന്ദിച്ചു് നിൎദ്ദോഷങ്ങളായ ശുഭാചാരങ്ങൾകൊണ്ടു് ഏററവും വൎദ്ധിച്ചിട്ടുള്ള മാഹാത്മ്യത്തോടുകൂടി രാജാവു് സ്വരാജ്യത്തിലേയ്ക്കു പുറപ്പെട്ടു. സഹനശീലനായ ദിലീപൻ ധൎമ്മപത്നിയോടുകൂടി ചെവികൾക്കു സുഖകരമായ ശബ്ദമുള്ളതും സ്വമനോരഥസദൃശവുമായ രഥത്തിൽ കയറി, നിമ്നോന്നതമല്ലായ്കയാൽ സുഖമായ മാൎഗ്ഗത്തിൽകൂടെയാണു് യാത്രചെയ്തതു്. കുറെ കാലമായി കാണാതെ കഴിഞ്ഞതുകൊണ്ടു കാണ്മാനുള്ള ഉല്ക്കണ്ഠയെ ഉണ്ടാക്കിയവനും, സന്തതിക്കുവേണ്ടി വ്രതം അനുഷ്ഠിക്കയാൽ ശരീരം ശോഷിച്ചവനും ആയ ദിലീപനെ നവോദിതനായ ചന്ദ്രനെപ്പോലെ നോക്കിക്കണ്ടു പ്രജകൾക്കു അലംഭാവം ജനിച്ചതേ ഇല്ല. ഇന്ദ്രനെപ്പോലെ ഐശ്വൎയ്യവാനായ ദിലീപൻ കൊടിക്കൂറ ഉയൎത്തിയതായ നഗരത്തിൽ പ്രവേശിച്ചു പൌരന്മാരുടെ അഭിനന്ദനമേററു് അന

ന്തസദൃശമായ ബലത്തോടുകൂടിയ തന്റെ കയ്യിൽ ഭ്രഭാരത്തെ വീണ്ടും ഏറെറടുത്തു. അനന്തരം സുദക്ഷിണ ദിലീപന്റെ വംശം അഭിവൃദ്ധിയാവാനുള്ള കാരണമായി ദിക്പാലന്മാരുടെ അംശത്തോടു കൂടിയ ഗൎഭത്തെ ധരിച്ചു. അതുകൊണ്ട് അവാൾ അത്രിനേത്രത്തിൽനിന്നു പുറപ്പെട്ട ജ്യോതിസ്സിനെ* ധരിച്ച ആകാശമെന്നപോലെയും, വഹ്നിദത്തമായ തേജസ്സിനെ§ വഹിച്ച ആകാശഗംഗയെപ്പോലെയും ശോഭിച്ചു.

---

* ചന്ദ്രനെ എന്നൎത്ഥം ചന്ദ്രന്റെ ഉൽപത്തി അത്രിമഹൎഷിയുടെ നേത്രത്തിൽനിന്നാണെന്നു ഹരിവംശത്തിൽ കാണുന്നു.

§ സുബ്രഹ്മണ്യനെ എന്നു താൽപൎയ്യം. പാൎവ്വതിയുടെ വിവാഹം കഴിഞ്ഞു പരമേശ്വരനൊന്നിച്ചിരിപ്പായ ശേഷം സന്തതിയുണ്ടായി കാണാഞ്ഞിട്ട് എന്താണ് പരമേശ്വരന്റെ ഉത്സാഹം എന്നറിവാൻ ദേവകൾ അഗ്നിഭഗവാനെ അയച്ചു. അഗ്നി പരമേശ്വരനും പാൎവ്വതിയും ക്രീഡിച്ചിരിക്കുമ്പോഴാണ് കൈലാസത്തിൽ കയറിച്ചെന്നത്. പാൎവ്വതി ആ സമയം അഗ്നിയെക്കണ്ടു ലജ്ജിച്ചു മറഞ്ഞുകളഞ്ഞു. പരമേശ്വരൻ പ്രവൃത്ത്യുന്മുഖമായ തന്റെ ബീജത്തെ അഗ്നിമുഖത്തിങ്കലെക്കു വിസൎജ്ജിച്ചു. അഗ്നി ആ ബീജത്തെ ഗംഗയിലിട്ടു. അതിൽനിന്നു സുബ്രഹ്മണ്യനുണ്ടായി എന്നു പുരാണം.

—ഠഠ—

# മൂന്നാമദ്ധ്യായം

## സുദക്ഷിണയുടെ ഗർഭകാലം.

അനന്തരം സുദക്ഷിണ, ഭർത്താവിന്നു പരിപൂർണ്ണമായ മനോരഥമായി, സഖിമാരുടെ ദൃഷ്ടികൾക്ക് ഉദിച്ചുവരുന്ന പൂനിലാവായി, ഇക്ഷ്വാകുവംശം നിലനിന്നുപോരുവാൻ മൂലകാരണമായിരിക്കുന്ന ഗർഭലക്ഷണത്തെ ധരിച്ചു. ദേഹത്തിന്നുണ്ടായ തളൎച്ചകൊണ്ട് ആഭരണങ്ങൾ തികച്ചും ധരിക്കാതെയും, പാച്ചോററിപ്പൂപോലെ വെളുത്തിരിക്കുന്ന മുഖത്തോടുകൂടിയും ഇരിക്കുന്ന രാജ്ഞി, തിരഞ്ഞു നോക്കിയാൽ മാത്രം കാണാവുന്ന നക്ഷത്രങ്ങളോടും ക്ഷീണതേജസ്സായ ചന്ദ്രനോടും കൂടിയ പ്രഭാതത്തിന്നടുത്ത രാത്രിയെന്നപോലെ കാണുന്നവൎക്കു തോന്നി. മണ്ണിന്റെ മണമുള്ളതായ* സുദക്ഷിണാമുഖത്തെ, വൎഷാരംഭത്തിൽ ജലബിന്ദുസംയോഗത്താൽ നനഞ്ഞിരിക്കുന്ന വനവീഥിയിലുള്ള ചെറു പൊയ്കയെ ഗജമെന്നപോലെ, ഘ്രാണിച്ചിട്ട് ദിലീപന്നു തൃപ്തിവന്നില്ല. സുദക്ഷിണയുടെ മകൻ

* ഗൎഭിണികൾ മണ്ണു തിന്നുന്നതു സ്വാഭാവികമാണ്.

വളരെ കീൎത്തിമാനായി ഇന്ദ്രൻ സ്വൎഗ്ഗലോകത്തെയെന്നപോലെ ഭൂമിയെ മുഴുവൻ അനുഭവിപ്പാൻ പോകുന്നു. അതുകൊണ്ടാണൊ അവരം ഇതരവസ്തുക്കളെ വിട്ട് ഭൂരൂപമായ ഭോഗ്യവസ്തുവിൽ മനസ്സിനെ ഉറപ്പിച്ചത് എന്നു തോന്നും. "സുദക്ഷിണ ലജ്ജകൊണ്ട് ഇന്നതാണ് തനിക്കിഷ്ടമെന്ന് എന്നോടു പറയുന്നില്ല. എന്തെല്ലാം വസ്തുക്കളിലാണ് അവൾക്ക് ആഗ്രഹം?" എന്ന് ഉത്തരകോസലാധിപനായ ദിലീപൻ വളരെ ആദരവോടെ ഇടയ്ക്കിടെ സഖിമാരോടു ചോദിച്ചു. ഗൎഭമുണ്ടായിരിക്കുമ്പോഴത്തെ ഇച്ഛയ്ക്കനുസരിച്ച് എന്തെല്ലാം വസ്തുക്കൾ വേണമെന്നു സുദക്ഷിണ ആവശ്യപ്പെട്ടുവോ അതൊക്കെയും തൽക്ഷണം കൊണ്ടുവന്നതായി അവൾ കണ്ടു. അധിജ്യധന്വാവായ മഹാരാജാവിന്ന് അസുലഭമായി ഒരു വസ്തുവും സ്വൎഗ്ഗത്തിൽക്കൂടി ഉണ്ടായിരുന്നില്ല. ക്രമേണ ഗൎഭദുഃഖത്തിൽനിന്നു വേർപെട്ട് പുഷ്ടിപ്പെട്ട അവയവങ്ങളോടുകൂടിയ സുദക്ഷിണ, പഴുത്ത ഇലകൾ കൊഴിഞ്ഞുപോയതിന്നുശേഷം ഉണ്ടായ മനോഹരങ്ങളായ തളിരുകളോടുകൂടിയ ലതയെന്നപോലെ ശോഭിച്ചു. ദിവസം ചെല്ലുംതോറും അധികമധികം ത

ടിച്ചും കണ്ണുകൾ കറുത്തും ഇരിക്കുന്ന സ്തനങ്ങൾ, അഗ്രത്തിൽ വണ്ടുകൾ വന്നിരിക്കുന്നവയും ഭംഗിയുള്ളവയുമായ രണ്ടു താമരമൊട്ടുകളുടെ ശോഭയെ തിരസ്കരിച്ചു. രാജാവു് ഗർഭിണിയായ തന്റെ മഹിഷിയെ, അന്തർഭാഗത്തിൽ നിക്ഷേപത്തോടുകൂടിയ ഭൂമിയെപ്പോലെയും ഉള്ളിൽ അഗ്നിയോടുകൂടിയ ശമീവൃക്ഷത്തെപ്പോലെയും അടിയിൽ ജലപ്രവാഹമുള്ള സരസ്വതീനദിയെപ്പോലെയും * വിചാരിച്ചു. ധീരനായ ദിലീപൻ തനിക്കു ഭാര്യയിലുള്ള അനുരാഗത്തിനും തന്റെ ഔദാര്യത്തിനും സ്വഭുജാർജ്ജിതങ്ങളായ സമ്പത്തുകൾക്കും സന്തോഷത്തിനും അനുരൂപമായ വിധത്തിൽ പുംസവനം മുതലായ ക്രിയകളെ യഥാക്രമം ചെയ്തു. അന്തഃപുരത്തിങ്കൽ പോകുമ്പോൾ, ഇന്ദ്രാദിദിക്പാലന്മാരുടെ അംശത്തോടുകൂടിയ ഗർഭത്തിന്റെ ഗൌരവംകൊണ്ടു പണിപ്പെട്ടു് ആസനത്തിങ്കൽനിന്നെഴുന്നേറ്റു് ഇളകുന്ന കണ്ണുകളോടുകൂടി തളർന്നിരിക്കുന്ന കൈകളെക്കൊണ്ടു് അഞ്ജലിബന്ധം ചെയ്യുന്ന പത്നിയെക്കണ്ടു് രാജാവു

* ഈ മൂന്നുപമകളെക്കൊണ്ടു ക്രമത്തിൽ അർത്ഥസിദ്ധി, തേജസ്സു, ശുദ്ധി എന്നിവയുള്ളതാണ് ഗർഭമെന്നു ധ്വനിക്കുന്നു.

സന്തോഷിച്ചു. ബാലചികിത്സയിൽ വിദഗ്ദ്ധന്മാരും വിശ്വസ്തന്മാരുമായ വൈദ്യന്മാർ ഗർഭപോഷണത്തിന്നു വേണ്ടുന്ന ചികിത്സകൾ ചെയ്തു. പ്രസവസമയം അടുത്തു തുടങ്ങിയപ്പോൾ വർഷാരംഭത്തിൽ മേഘങ്ങളോടുകൂടിയ ആകാശമെന്നപോലെ ശോഭിക്കുന്ന സുദക്ഷിണയെക്കണ്ട് ദിലീപൻ സന്തുഷ്ടനായി.

## രഘുവിന്റെ ജനനം.

അനന്തരം ഇന്ദ്രാണിയോടു സദൃശിയായ സുദക്ഷിണ, മൌഢ്യംകൂടാതെ അഞ്ചു ഗ്രഹങ്ങൾ ഉച്ചത്തിൽ നില്ക്കുമ്പോൾ ഭാഗ്യസമൃദ്ധിയെ സൂചിപ്പിക്കുന്ന പുത്രനെ, സാധനത്രയ * ത്തോടുകൂടിയ ശക്തി ഒരിക്കലും നശിക്കാത്ത ധനത്തെയെന്നപോലെ പ്രസവിച്ചു. ഈ സമയത്തിങ്കൽ ദിക്കുകൾ തെളിഞ്ഞു; കാററുകൾ സുഖകരമായി വീശി; അഗ്നി പ്രദക്ഷിണമായി ചുററുന്ന ജ്വാലയോടുകൂടി ഹോമദ്രവ്യത്തെ സ്വീകരിച്ചു. ഈവിധക്കാരുടെ ജനനം ലോകത്തിന്നു നന്മ വരേണ്ടതിന്നായിട്ടാക കൊണ്ടു മേല്പറഞ്ഞ സംഭവങ്ങളുണ്ടായതിൽ ആ

* പ്രഭാവം, ഉത്സാഹം, മന്ത്രം

ശ്വൎയ്യമില്ലല്ലോ. ഈ പുത്രന്റെ സ്വാഭാവികമായ തേജസ്സ് സൂതികാഗൃഹത്തിലുള്ള ശയ്യയുടെ അടുക്കെ വെച്ച വിളക്കുകളുടെ പ്രഭയെ നശിപ്പിക്കയാൽ ആ വിളക്കുകൾ ചിത്രത്തിൽ എഴുതപ്പെട്ടവയാണോ എന്ന ശങ്ക കാണികളിൽ ജനിപ്പിച്ചു. അന്തഃപുരത്തിലെ ആൾക്കാർ അമൃതംപോലെ മധുരാക്ഷരമായ കുമാരജനനവൎത്തമാനം വന്നറിയിച്ചപ്പോൾ ചന്ദ്രപ്രഭയോടുകൂടിയ വെൺകൊററക്കുടയും വെഞ്ചാമരങ്ങളും ആകുന്ന രണ്ടു വസ്തുക്കൾ മാത്രമേ ദിലീപനു സമ്മാനം കൊടുപ്പാൻ പാടില്ലാത്തതായി ഉണ്ടായുള്ളു. കാററില്ലാത്ത പ്രദേശത്തു നില്ക്കുന്ന താമരപ്പൂപോലെ ഇളക്കമില്ലാത്ത കണ്ണുകൊണ്ട് പുത്രന്റെ മനോഹരമായ മുഖത്തെ വീക്ഷിച്ചുകൊണ്ടിരിക്കുന്ന രാജാവിന്നുണ്ടായ സന്തോഷം, ചന്ദ്രദൎശനംകൊണ്ടു പൊങ്ങിവരുന്ന വെള്ളം സമുദ്രത്തിൽ എന്നപോലെ, ഹൃദയത്തിൽ ഒതുങ്ങിയില്ല. തപോവനത്തിങ്കൽനിന്നു വന്ന തപസ്വിയായ പുരോഹിതൻ ജാതകൎമ്മവുംകൂടി ചെയ്തപ്പോൾ ദിലീപപുത്രൻ ചാണയ്ക്കുവെച്ചു സംസ്കരിക്കപ്പെട്ട ഉത്തമമായ രത്നംപോലെ ഏററവും ശോഭിച്ചു. ശ്രവണസുഖമുള്ള മംഗളവാദ്യദ്ധ്വനികൾ വേശ്യകളുടെ

പ്രമോദനൃത്തങ്ങളോടുകൂടി ദിലീപന്റെ രാജധാനിയിൽ മാത്രമല്ല, ദേവന്മാരുടെ മാൎഗ്ഗമായ ആകാശത്തിലുംകൂടി ഉണ്ടായി. രാജാക്കന്മാൎക്ക പുത്രനുണ്ടായാൽ ബന്ധനത്തിലിട്ടിട്ടുള്ള അപരാധികൾക്ക മോചനം വരുത്തുക എന്നൊരു മൎയ്യാദയുണ്ടല്ലോ. വഴിപോലെ രാജ്യം ഭരിക്കകയാൽ ദിലീപന്റെ രാജ്യത്തിൽ കാരാഗൃഹത്തിൽ കിടക്കുന്ന അപരാധികളേ ഉണ്ടായിരുന്നില്ല. അതുകൊണ്ട് ആ സമയത്തു പിതൃക്കളുടെ ഋണമാകുന്ന ബന്ധനത്തിൽനിന്നു ദിലീപൻ തന്നെ വേർപെടുകയാണുണ്ടായത്. ശാസ്ത്രത്തിന്റെയും ശത്രുക്കളുടേയും അവസാനത്തെ പ്രാപിപ്പാൻ ശക്തനാവും ഈ കുമാരൻ എന്നു ശബ്ദാൎത്ഥജ്ഞാനിയായ ദിലീപൻ മനസ്സിലാക്കീട്ടുള്ളതുകൊണ്ടു 'ഗമിക്കുന്നവൻ' എന്ന അൎത്ഥത്തോടുകൂടിയ 'രഘു' എന്ന പേരാണ് മകനു കൊടുത്തത്.

## രഘുവിന്റെ ചെറുപ്പകാലം.

രഘു, ഐശ്വൎയ്യവാനായ അച്ഛന്റെ പ്രയത്നംകൊണ്ടു മനോഹരങ്ങളായ അവയവങ്ങളോടുകൂടി സൂൎയ്യരശ്മിയുടെ അനുപ്രവേശംകൊണ്ടു ബാല

ചന്ദ്രനെന്നപോലെ ദിവസംപ്രതി വളൎന്നുതുടങ്ങി. ഉമാമഹേശ്വരന്മാർ സുബ്രഹ്മണ്യനെക്കൊണ്ടും ശചീപുരന്ദരന്മാർ ജയന്തനെക്കൊണ്ടും എതുപ്രകാരം സന്തോഷിച്ചുവോ അതുപ്രകാരം തത്സമന്മാരായ സുദക്ഷിണാദിലീപന്മാർ തത്സമനായ രഘുവിനെക്കൊണ്ട് ആനന്ദത്തെ പ്രാപിച്ചു. ചക്രവാകപ്പക്ഷികളുടേതെന്നപോലെ മനസ്സിനെ ആകൎഷിക്കുന്നതും, അന്യോന്യം ആശ്രയിച്ചുനിൽക്കുന്നതുമായ സുദക്ഷിണാദിലീപന്മാരുടെ സ്നേഹം പുത്രൻ ഭാഗിച്ചെടുത്തുവെങ്കിലും, ആ സ്നേഹം അന്യോന്യാശ്രയമായിട്ടുതന്നെ വൎദ്ധിച്ചതേയുള്ളു. ക്രമേണ ബാലൻ, ഉപമാതാവു പറഞ്ഞുകൊടുക്കുന്നതിനെ പറഞ്ഞുതുടങ്ങി. അവളുടെ കൈവിരലുകൾ പിടിച്ചു നടന്നുതുടങ്ങി. നമസ്കരിപ്പാൻ പറഞ്ഞാൽ താണു തൊഴുതുനില്ക്കും. ഇതൊക്കെ ദിലീപനെ വളരെ മോദിപ്പിച്ചു. ശരീരസംയോഗത്താലുള്ള സുഖങ്ങളെക്കൊണ്ടു ത്വഗിന്ദ്രിയത്തിങ്കൽ അമൃതധാരയെ ചെയ്യുന്ന ആ ബാലനെ മടിയിൽ എടുത്ത് ഉപാന്തസമ്മീലിതലോചനനായ ദിലീപൻ ചിരകാലമായിട്ടു പുത്രസ്പൎശസുഖത്തെ നല്ലവണ്ണം അറിഞ്ഞു. ബ്രഹ്മാവു, തന്റെ അവതാരവും ഗുണവാനും ആയ വിഷ്ണു

വിനെക്കൊണ്ടു തൻ്റെ സൃഷ്ടിക്കു നിലകിട്ടി എന്ന് ഏതുപ്രകാരം വിചാരിച്ചുവോ, അതുപ്രകാരം തന്നെ മൎത്ത്യാദാപാലകനായ ദിലീപൻ ശ്രേഷ്ഠഗുണത്തോടുകൂടിയ രഘുവിനെക്കൊണ്ടു തൻ്റെ വംശത്തിന്നു സ്ഥിതി കിട്ടിയെന്നു വിചാരിച്ചു. ചൌളം കഴിഞ്ഞതിന്നുശേഷം രഘു, ഇളകുന്ന കുടുമയോടുകൂടി സമവയസ്സുകളായ അമാത്യപുത്രന്മാരൊന്നിച്ചു യഥാവസരം ലിപി മുഴവനും ഗ്രഹിച്ചു നദീമുഖത്തുടെ സമുദ്രത്തിലേയ്ക്കുന്നപോലെ, ശബ്ദപ്രപഞ്ചത്തിലേയ്ക്കു പ്രവേശിച്ചു. ഉപനയനം കഴിഞ്ഞതിന്നുശേഷം ഗുരുപ്രിയനായ രഘുവിനെ വിദ്വാന്മാരായ ഗുരുക്കന്മാർ അഭ്യസിപ്പിച്ചു. അവരുടെ യത്നം സഫലമാകയും ചെയ്തു. നല്ല പാത്രത്തിൽ പ്രയോഗിക്കപ്പെട്ട ക്രിയ ഫലിക്കുമെന്നു പ്രസിദ്ധമാണല്ലോ. തൻ്റെ ബുദ്ധിഗുണങ്ങളെക്കൊണ്ട് * നാലു വിദ്യകളേയും, വായുവേഗത്തെ അതിക്രമിക്കുന്ന സൂൎയ്യാശ്വങ്ങൾ നാലു ദിക്കുകളേയും ക്രമേണ കടക്കുന്നതുപോലെ വളരെ ബുദ്ധിമാനായ രഘു കടന്നു. ദിലീപന്നു സമനായ ഒരു രാജാവ് അക്കാ

---

* ശുശ്രൂഷാ, ശ്രവണം ധാരണം, ഊഹം, അപോഹം, അൎത്ഥവിജ്ഞാനം, തത്വജ്ഞാനം.

ലത്ത് ഇല്ലായിരുന്നതുകൊണ്ടും അന്നുള്ള വില്ലാളി കളെല്ലാം അദ്ദേഹത്തിന്നു താഴെ കിടയിലുള്ളവരാ യിരുന്നതുകൊണ്ടും, രഘു ശുദ്ധമായ കൃഷ്ണസാരമൃ ഗത്തിന്റെ തോല് ധരിച്ചിട്ട പിതാവിങ്കൽനിന്നുത ന്നെ മന്ത്രവത്തായിരിക്കുന്ന ധനുർവ്വേദത്തെ അഭ്യസി ക്കുകയാണുണ്ടായത്. കാളക്കുട്ടി മഹാവൃഷഭമായി തീരുമ്പോളെന്നപോലെയും, ആനക്കുട്ടി മഹാഗജ മായി തീരുമ്പോളെന്നപോലെയും രഘു ക്രമേണ യൌവനഭിന്നമായിരിക്കുന്ന ബാല്യംവിട്ട ഗാംഭീര്യം കൊണ്ടുമനോഹരമായിരിക്കുന്ന ശരീരത്തെ പ്രാപി ച്ചു. അതിന്നുശേഷം കേശാന്തം എന്നുപറയപ്പെടുന്ന ഗോദാനക്രിയ നടത്തി രഘുവിന്റെ വിവാഹദീക്ഷ യെ ദിലീപൻ കഴിപ്പിച്ചു. ദക്ഷപുത്രിമാരായ അശ്വിന്യാദിനക്ഷത്രങ്ങൾ ചന്ദ്രനെ വരിച്ചപോ ലെ രാജകന്യകമാർ രഘുവിനെ ഭർത്താവായി ലഭിച്ച തുകൊണ്ട ശോഭിച്ചു. യൌവനയുക്തനായി നുകം പോലെ നീണ്ടിരിക്കുന്ന കൈകളോടും വാതിൽപോ ലെ പരന്ന മാറിടത്തോടും വിശാലമായ കഴുത്തോ ടുംകൂടിയവനായിരിക്കുന്ന രഘു ശരീരത്തിന്റെ വലി പ്പംകൊണ്ട് അച്ഛനെത്തന്നെ ജയിച്ചു; എങ്കിലും വിനയംകൊണ്ട് അദ്ദേഹത്തെക്കാൾ ചെറിയവനാ യി കാണപ്പെട്ടു.

## യൌവരാജ്യാഭിഷേകം.

വളരെക്കാലം തന്നാൽ വഹിക്കപ്പെട്ടതായ ഏററവും ദുർവ്വഹമായിരിക്കുന്ന രാജ്യഭാരത്തെ പുത്രസാഹായ്യംകൊണ്ടു മേലിൽ ലഘുവാക്കേണമെന്നു വിചാരിച്ചിട്ടു, സ്വഭാവത്താലും സംസ്കാരംകൊണ്ടും വിനയം സിദ്ധിച്ചവനായ രഘുവിനെ യുവരാജാവാക്കി ദിലീപൻ അഭിഷേകം ചെയ്തു. താമരപ്പൂവിൽനിന്നു നൂതനമായുണ്ടായ ഉല്പലത്തിലേയ്ക്കു സൌഭാഗ്യലക്ഷ്മി അംശംകൊണ്ടു പകരുന്നതുപോലെ ഗുണാഭിലാഷിണിയായ രാജലക്ഷ്മി ദിലീപമഹാരാജാവാകുന്ന മൂലസ്ഥാനത്തിൽനിന്ന് അധികം അകൽച്ചകൂടാതെയിരിക്കുന്ന യുവരാജാവിനേയും ആശ്രയിച്ചു. അഗ്നി സാരഥിയായ വായുവിനോടു ചേൎന്നപോലേയും, ആദിത്യൻ ശരൽക്കാലത്തോടു ചേൎന്നപോലേയും, ഗജം മദപ്രവാഹത്തോടു ചേൎന്നപോലേയും ദിലീപൻ രഘുക്കുടെ സഹായത്തിനുണ്ടായപ്പോൾ ഏററവും അസഹ്യനായിത്തീൎന്നു.

## രഘുവും ഇന്ദ്രനും തമ്മിലുള്ള യുദ്ധം.

ഇന്ദ്രതുല്യനായ ദിലീപൻ രാജകുമാരന്മാരുടെ സഹായത്തോടുകൂടിയ ധനുർദ്ധരനായ രഘുവിനെ

ഹോമാശ്വത്തെ രക്ഷിപ്പാൻ നിയോഗിച്ച് അശ്വമേധയാഗം തുടങ്ങുകയും തൊണ്ണൂറൊമ്പതു യാഗം നിർവ്വിഘ്നമായി കഴിച്ചുകൂട്ടുകയും ചെയ്തു. പിന്നേയും യാഗംചെയ്വാൻ ദിലീപൻ ഒരുങ്ങി. ആയുധപാണികളായ രക്ഷാപുരുഷന്മാരോടുകൂടി അശ്വത്തെ സ്വച്ഛന്ദം സഞ്ചരിക്കുവാൻ വിട്ടുവെങ്കിലും വില്ലാളികളായ രക്ഷാപുരുഷന്മാർ നോക്കിനില്ക്കെ ഇന്ദ്രൻ മായാവിയായിവന്ന് ആ കുതിരയെ പിടിച്ചുകൊണ്ടുപോയി. ഈ സംഭവത്താൽ രഘുവിന്റെ സൈന്യങ്ങൾ വിഷാദംകൊണ്ടു കർത്തവ്യജ്ഞാനം നശിച്ച് വിസ്മയഭരിതന്മാരായിത്തീൎന്നു. അപ്പോൾ ശ്രുതപ്രഭാവയായിരിക്കുന്ന നന്ദിനി (വസിഷ്ഠധേനു) യദൃച്ഛയാ അവിടെ വന്നുചേൎന്നു. സജ്ജനങ്ങളാൽ മാനിക്കപ്പെട്ടുന്നവനായ രഘു പുണ്യമായിരിക്കുന്ന നന്ദിനിയുടെ മൂത്രംകൊണ്ടു കണ്ണുകൾ കഴുകി. ഇതു കാരണം അതീന്ദ്രിയങ്ങളായ വസ്തുക്കളെ പ്രത്യക്ഷമാക്കേണ്ടതിന്നുള്ള ശക്തികൂടി രഘുവിന്നുണ്ടായി. ഈ ശക്തിയാൽ, തേരോടു ബന്ധിച്ച് കിഴക്കെ ദിക്കിലേക്ക് ഇന്ദ്രൻ കൊണ്ടുപോകുന്ന കുതിരയെ രഘു കണ്ടു. കുതിരയുടെ ചാപല്യത്തെ മാതലി പിന്നെയും പിന്നെയും തടുക്കുന്നതായും

കണ്ടു. നിമേഷത്തോടുകൂടാത്ത വളരെ കണ്ണുകളുള്ളതുകൊണ്ടും, തേർ വലിക്കുന്നതു കപിലവർണ്ണത്തോടുകൂടിയ കുതിരകളായതുകൊണ്ടും തന്റെ കുതിരയെ മോഷ്ടിച്ചു കൊണ്ടുപോകുന്നത് ഇന്ദ്രനാണെന്നു രഘുവിന്നു മനസ്സിലായപ്പോൾ ആകാശത്തിൽ വ്യാപിച്ച് ഇന്ദ്രനെ പിന്തിരിക്കത്തക്കവണ്ണം ഗംഭീരമായ ധ്വനിയോടുകൂടി ഇന്ദ്രനോടിപ്രകാരം പറഞ്ഞു.

“അല്ലയോ ദേവേന്ദ്ര! അങ്ങുന്നു യാഗാംശത്തെ ഭുജിക്കുന്നവരിൽ ഒന്നാമനാണെന്നു വിദ്വാന്മാർ എല്ലായ്പോഴും പറയുന്നുണ്ട്. അങ്ങിനെയാണെങ്കിൽ അങ്ങുന്ന്, എല്ലായ്പോഴും ദീക്ഷാനിയമത്തോടെ ഇരിക്കുന്ന എന്റെ പിതാവിന്റെ യാഗാനുഷ്ഠാനത്തെ മുടക്കുവാൻ തുനിയുന്നതിന്റെ അർത്ഥമെന്താണ്? മൂന്നു ലോകങ്ങൾക്കും നാഥനായി ദിവ്യചക്ഷുസ്സായ അങ്ങുന്ന് യാഗവിഘ്നം വരുത്തുന്നവരെ അറിഞ്ഞു ശിക്ഷിക്കേണ്ടവനാകുന്നു. അങ്ങിനെയിരിക്കെ അങ്ങുന്നുതന്നെ യാഗം മുടക്കുന്നതായാൽ ധർമ്മാനുഷ്ഠാനങ്ങൾ എങ്ങിനെ നഷ്ടമാകാതിരിക്കും? അതുകൊണ്ട്, അല്ലയോ ദേവേന്ദ്ര, യാഗത്തിന്നു വേണ്ടുന്ന ഉപകരണങ്ങളിൽവെച്ച് ശ്രേഷ്ഠമായ

ഈ അശ്വത്തെ വിട്ടയച്ചാലും. സന്മാർഗ്ഗത്തെ കാണിച്ചുകൊടുക്കേണ്ടവരായ ഈശ്വരന്മാർ ദുർമ്മാർഗ്ഗത്തെ സ്വീകരിക്കുക എന്നതു് അയുക്തമാണു്."

ഇപ്രകാരം യുക്തിയുക്തമായി രഘു പറഞ്ഞതു കേട്ടു ദേവേന്ദ്രൻ ആശ്ചര്യപ്പെടുകയും രഥത്തെ തിരിച്ചുനിൎത്തി താഴെ പറയുംപ്രകാരം മറുവടി പറകയും ചെയ്തു.

"അല്ലയോ രാജകുമാര! നീ പറയുന്നതൊക്കെ ശരിയാണു്. പക്ഷെ, യശോധനന്മാർ തങ്ങളുടെ യശസ്സു ശത്രുക്കളുടെ പക്കൽനിന്നു രക്ഷിക്കുന്നതാണു് യുക്തം. നിന്റെ പിതാവു ലോകപ്രസിദ്ധമായ എന്റെ യശസ്സിനെ മുഴുവൻ യാഗം കൊണ്ടു നിസ്സാരമാക്കുവാൻ ഉത്സാഹിക്കുകയാണു ചെയ്യുന്നതു്. പുരുഷോത്തമനെന്നപേരു വിഷ്ണുവിനല്ലാതെ വേറെ ആൎക്കും ഇല്ല. ശിവനല്ലാതെ വേറെ ഒരുത്തൎക്കും മഹേശ്വരൻ എന്ന പേരില്ല. അതുപോലെ 'ശതക്രതു' എന്ന പേരു് എനിക്കു മാത്രമായുള്ളതാണു്. ഈ ശബ്ദം അന്യനെ പ്രാപിക്കുന്നതല്ല. നിന്റെ അച്ഛൻ നൂറാമത്തെ യാഗം കഴിച്ചു് 'ശതക്രതു'വാവാനാണു് ഈ കുതിരയെ ഉപയോഗിച്ചിട്ടുള്ളതു്. അതുകൊണ്ടു് കപിലമഹ

ഷിയോടു തുല്യനായ ഞാൻ അതിനെ അപഹരി ച്ചതാണ്. നീ അതിനെ മടക്കിക്കിട്ടുവാൻ ആഗ്ര ഹിക്കയും പ്രയത്നിക്കയും വേണ്ട. സഗരപുത്ര ന്മാർ ഇപ്രകാരമുള്ള ഒരു അശ്വം കാരണമായി ക പിലമഹർഷിയെ ഉപദ്രവിച്ചതുകൊണ്ടു നശിച്ച പ്രകാരം നീ നശിക്കരുത്."

മേൽപ്രകാരം ദേവേന്ദ്രൻ പറഞ്ഞതു കേട്ടിട്ടു കുതിരയുടെ രക്ഷിതാവായ രഘു ചിരിക്കുകയും ഭ യംകൂടാതെ പിന്നെയും ഇപ്രകാരം പറയുകയും ചെയ്തു.

"ഇങ്ങിനെ ചെയ്വാനാണ് അങ്ങ് ഉറച്ചിട്ടുള്ള തെങ്കിൽ ആയുധം കയ്യിലെടുക്കുകയാണു നല്ലത്. അങ്ങുന്ന് എന്നെ ജയിക്കാതെ കൃതകൃത്യനാക യില്ല."

രഘു ഉൗദ്ധ്വമുഖത്തോടുകൂടി ഇന്ദ്രനോട് ഇ പ്രകാരം പറഞ്ഞു വില്ലിന്മേൽ ശരത്തെ തൊടുത്ത് ആലീഢ*മെന്ന വില്ലാളികളുടെ നില്പിനെ സ്വീക രിച്ചു. ഈ സ്ഥിതിഭേദത്താൽ രഘു പരമേശ്വരതു ല്യനായി ശോഭിച്ചു. രഘുവിന്റെ മേല്പറഞ്ഞ വാ

* വലത്തെ കാൽ നീത്തി ഇടത്തെ കാൽ അല്പം മട ക്കീട്ടുള്ള നില്പിന്നു ആലീഢമെന്നു പേരാകുന്നു

ക്കുകളാകുന്ന അസ്ത്രംകൊണ്ട് ഇന്ദ്രൻ സ്തംഭിച്ചു പോയി എങ്കിലും ആ വാക്കാകുന്ന അസ്ത്രം ഹൃദയത്തിങ്കൽ താഴ്ക്കയാൽ കുപിതനായി, നൂതനമേഘസമൂഹത്തിന് അല്പകാലം അടയാളമായ തന്റെ വില്ലിങ്കൽ പഴുതേ പോകാത്ത ഒരു ശരത്തെ തൊടുത്തു. ഇന്ദ്രനാൽ അയയ്ക്കപ്പെട്ടതായ ശരം ഭയങ്കരമായ അസുരന്മാരുടെ രക്തത്തിൽ പരിചയിച്ചതാണ്. ഈ ശരം രഘുവിന്റെ വിശാലമായ മാറിടത്തിൽ കൊണ്ട് അനാസ്വാദിതപൂർവ്വമായ മനുഷ്യരക്തത്തെ കൌതുകംകൊണ്ടോ എന്നു തോന്നുമാറു പാനം ചെയ്തു. സുബ്രഹ്മണ്യനെപ്പോലെ പരാക്രമിയായ രഘു, ഐരാവതത്തെ പുറത്ത് അടിക്കയാൽ മാർദ്ദവമില്ലാത്ത വിരലുകളോടും ഇന്ദ്രാണിയുടെ അവയവങ്ങളിൽനിന്നു സംക്രമിച്ചു പത്തിക്കീറുകളാകുന്ന അടയാളങ്ങളോടുംകൂടിയ ഇന്ദ്രന്റെ കയ്യിന്മേൽ, സ്വനാമാക്ഷരങ്ങളാകുന്ന ചിഹ്നങ്ങളോടുകൂടിയ ശരങ്ങളെ തറപ്പിച്ചു. മയിൽപീലി വെച്ചിട്ടുള്ള വേറെ ഒരു ശരംകൊണ്ട് ഇന്ദ്രന്റെ വജ്രസ്വരൂപമായ കൊടിമരത്തേയും മുറിച്ചു. കൊടിമരം മുറിച്ചപ്പോൾ ദേവശ്രീയുടെ തലമുടി മുറിച്ചാലുണ്ടാകുന്നവിധം രഘുവിനോട് ഇന്ദ്രന് ഏ

ോവും കോപം തോന്നി. ജ്യേഷ്ഠക്കളായ ഇന്ദ്രനും രഘുവും തമ്മിൽ ഗരുഡനെപ്പോലെയും സൎപ്പങ്ങളെപ്പോലെയും* ഭീമമായും ഊൎദ്ധ്വമുഖമായും അധോമുഖമായും ഉള്ള ശരങ്ങളെക്കൊണ്ട് ഭയങ്കരമായയുദ്ധം നടത്തിയത് അടുക്കെ കണ്ടുനിന്നിരുന്ന ദേവന്മാൎക്കും ഭടന്മാൎക്കും രോമാഞ്ചത്തെ ഉണ്ടാക്കി. മേഘത്തിൽനിന്നുണ്ടാവുന്ന ഇടിത്തീയിനെ മേഘംതന്നെ വൎഷിക്കുന്ന ജലംകൊണ്ടു ശമിപ്പിപ്പാൻ ശക്തമാകുന്നില്ല. എന്നതുപോലെ ആൎക്കും സഹിച്ചുകൂടാത്തതായ ശൌൎയ്യത്തോടുകൂടിയ രഘുവിനെ അതിവേഗത്തിൽ പ്രയോഗിക്കപ്പെട്ട ശരവൎഷംകൊണ്ട് അമൎത്തുവാൻ ഇന്ദ്രൻ ശക്തനായില്ല. രക്തചന്ദനംകൊണ്ടു ശോഭിക്കുന്ന പ്രകോഷ്ഠത്തിങ്കൽ തട്ടി, മന്ദരപൎവ്വതംകൊണ്ടു മഥനം ചെയ്യുമ്പോളത്തെ സമുദ്രമെന്നപോലെ ഗംഭീരമാകുംവണ്ണം ശബ്ദിക്കുന്ന ഇന്ദ്രധനസ്സിന്റെ ഞാണിനെ അൎദ്ധചന്ദ്രമുഖമായ ശരംകൊണ്ടു രഘു മുറിക്കുകയും ചെയ്തു. ഇന്ദ്രൻ വൎദ്ധിച്ചുവന്ന വൈരത്തോടുകൂടി വില്ലുപേക്ഷിച്ച്, പ്രബലനായിരിക്കുന്ന ശത്രുവിനെ കൊല്ലുവാനായി, പൎവ്വതങ്ങളുടെ ചിറകുകൾ ഛേദിച്ചു പരിചയം സി

* ചിറകുള്ള സൎപ്പങ്ങളെപ്പോലെ എന്നുമാവാം.

ധിച്ചിട്ടുള്ളതും പ്രഭാമണ്ഡലത്തോടുകൂടിയതും ആയ വജ്രായുധം കയ്യിലെടുത്തു. ഈ വജ്രായുധംകൊണ്ട് ഏററവും ശക്തിയോടെ മാറിടത്തിങ്കൽ പ്രഹരിക്കപ്പെടുകയാൽ ഭടന്മാരുടെ കണ്ണീരോടുകൂടെ രഘു ഭൂമിയിൽ വീണു; എന്നാൽ ഒരു മാത്രനേരം കഴിഞ്ഞപ്പോഠം അടിയുടെ വേദനയെ ആദരിക്കാതെ രഘു ഭടന്മാരുടെ സന്തോഷംകൊണ്ടുള്ള ആർപ്പുവിളിയോടുകൂടി പിന്നേയും എഴുന്നേററു. ആയുധങ്ങളുടെ വ്യാപാരംകൊണ്ടു നിഷ്ഠുരമായിരിക്കുന്ന ശത്രുഭാവത്തിന്നു യാതൊരിളക്കവും തട്ടാതെയിരിക്കുന്ന രഘുവിൻെറ വീര്യാധിക്യം കണ്ടിട്ട് ഇന്ദ്രൻ സന്തോഷിക്കയാണുണ്ടായത്. ഗുണങ്ങഠം ശത്രുക്കളുടെ ഹൃദയത്തെക്കൂടി ആകർഷിക്കുമെന്നു പറയേണ്ടതില്ലല്ലൊ.

"പർവ്വതങ്ങളിൽക്കൂടി യാതൊരു തടവും പററാത്ത ബലമുള്ള എൻെറ വജ്രായുധം നീയല്ലാതെ അന്യൻ ഇതേവരെ സഹിച്ചിട്ടില്ല. അതുകൊണ്ടു നിൻെറ നേരെ ഞാൻ വളരെ പ്രീതനായിരിക്കുന്നു. ഈ കുതിരയെ ഒഴിച്ച് നീ എന്തിനെ ഇച്ഛിക്കുന്നു?"

എന്ന് ഇന്ദ്രൻ സ്പഷ്ടമായി രഘുവിനോടു ചോദിച്ചു. സ്വർണ്ണമയമായ പിടിയുടെ കാന്തിയാൽ

നിറപ്പകർച്ചയോടുകൂടിയ വിരലുകളെക്കൊണ്ട് ആവനാഴിയിൽനിന്നു ശരത്തെ എടുക്കുവാൻ ആരംഭിച്ചപ്പോഴാണ് ഇന്ദ്രൻ മേൽപ്രകാരം സന്തോഷഹേതുവായ വാക്കിനെ പറഞ്ഞത്; അതുകൊണ്ടു രഘു ശരം ഉപസംഹരിച്ച് ഇപ്രകാരം പറഞ്ഞു.

"അങ്ങുന്ന് സകലത്തിന്നും ശക്തിയുള്ളവനാണ്. ഈ കുതിരയെ മോചിപ്പാൻ അശക്യമാണെന്നാണ് അങ്ങുന്നു വിചാരിക്കുന്നതെങ്കിൽ, എല്ലാപ്പോഴും പ്രതീക്ഷയിൽ ഇരിക്കുന്ന എന്റെ പിതാവിന്നു വിധിക്കുതക്കവണ്ണം യാഗം സമാപ്തമായാൽ നൂറാമത്തെ യാഗത്തിന്റെ ഫലംകൂടെ കിട്ടുമാറാകട്ടെ. യാഗസഭയെ പ്രാപിച്ചിട്ടുള്ള എന്റെ പിതാവു പരമേശ്വരന്റെ മൂർത്ത്യഷ്ടകത്തിൽ ചേർന്നവനാകകൊണ്ട് ഞങ്ങൾ ആർക്കും ഇപ്പോൾ അടുത്തു ചെന്നുകൂടാ. അതുകൊണ്ട് അങ്ങയുടെ ദൂതൻതന്നെ ഈ വൃത്താന്തം പിതാവിനെ അറിയിക്കുകയും വേണം."

## രഘുവിന്റെ മടക്കം.

ഇന്ദ്രൻ രഘുവിന്റെ ആഗ്രഹങ്ങൾ അംഗീകരിച്ചു മടങ്ങിപ്പോയി. രഘു വലിയ ബുദ്ധിക്ഷയം കൂടാതെ ദിലീപൻ ഇരിക്കുന്ന യജ്ഞസഭാമന്ദിര

ത്തിലേക്കും മടങ്ങി. വിവരമൊക്കെ ഇന്ദ്രദൂതൻ മുഖേന ദിലീപൻ മുമ്പുതന്നെ അറിഞ്ഞിരുന്നു. വളരെ ഏറെയുണ്ടായ വ്രണത്തിൻെറ അടയാളത്തോടുകൂടി രഘു മടങ്ങി എത്തിയപ്പോൾ ഹൎഷജലത്താൽ നനഞ്ഞ കൈകൊണ്ടു രഘുവിനെ തലോടി ദിലീപൻ അഭിനന്ദിച്ചു. ഇങ്ങിനെ മഹനീയശാസനനായ ദിലീപൻ ആയുസ്സിൻെറ അവസാനത്തിൽ സ്വൎഗ്ഗത്തിലേക്ക കയറുവാനുണ്ടാക്കീട്ടുള്ള കല്പടകളാണോ എന്നുതോന്നുമാറ് തൊണ്ണൂറെറാമ്പതു യാഗങ്ങൾ കഴിച്ചു. ഇതിന്നുശേഷം വിഷയനിവൃത്തി വന്ന ദിലീപൻ യുവാവായ രഘുവിന്നു വിധിപ്രകാരം നൃപതിചിഹ്നമായ ശ്വേതച്ഛത്രത്തെ ദാനം ചെയ്തിട്ടു സ്വദക്ഷിണയോടുകൂടി തപോവനവൃക്ഷത്തിൻെറ ഛായയെ ആശ്രയിച്ചു. ഇക്ഷ്വാകുവംശത്തിൽ ജനിച്ച രാജാക്കന്മാൎക്ക യൌവനാവസാനത്തിൽ വനഗമനം കുലധൎമ്മമാണല്ലോ.

——:o:——

# നാലാമദ്ധ്യായം.

## രഘുവിന്റെ സ്ഥാനാരോഹണം.

രഘു, തന്റെ അച്ഛനാൽ ദത്തമായ രാജ്യത്തെ ലഭിച്ചിട്ട് അസ്തമയസമയത്തു ആദിത്യനാൽ നിക്ഷേപിക്കപ്പെട്ട * തേജസ്സിനെ ലഭിച്ചിട്ട് അഗ്നിയെന്നപോലെ പൂൎവ്വാധികം ശോഭിച്ചു. സന്താനാസമൃദ്ധിയോടുകൂടിയ പ്രജകൾ രഘുവിന്റെ നവമായ ഗജാരോഹണം മുതലായ അഭ്യുന്നതിയെ, ഉൽഗതങ്ങളായ നയനപംക്തികളെക്കൊണ്ട് ഇന്ദ്രധ്വജത്തെ*യെന്നപോലെ കണ്ടാനന്ദിച്ചു. പിതാവിങ്കൽ നിന്നു ലഭിച്ച സിംഹാസനവും ഒട്ടൊഴിയാതെയുള്ള ശത്രുരാജ്യങ്ങളും ഒരേസമയത്തുത

---

* അസ്തമയത്തിൽ സൂൎയ്യന്റെ തേജസ്സു അഗ്നിയിൽ ചെല്ലുന്നു എന്നു ശ്രുതിയുണ്ടു.

* ഇന്ദ്രധ്വജമെന്നതു വൎഷത്തിന്നായി രാജാക്കന്മാർ പൂജിക്കേണ്ടതായ ഒരു കൊടിമരമാകുന്നു. അതിനെ പൂജിച്ചാൽ കാലവൎഷമുണ്ടാവുമെന്നു പുരാണം.

ന്നെ ഗജഗാമിയായ രഘു സമാക്രമിച്ചു *. ശ്രീമഹാലക്ഷ്മി, പ്രഭാമണ്ഡലംകൊണ്ടു ലക്ഷ്യമായ പത്മാതപത്രംകൊണ്ടു സാമ്രാജ്യാധിപതിയായ രഘുവിനെ അദൃശ്യയായി നിന്നുകൊണ്ടു സേവിച്ചു. സരസ്വതീദേവിയും അതാതവസരത്തിൽ സ്തുതിപാഠകന്മാരുടെ രസനയിൽ സന്നിധാനം ചെയ്ത് അൎത്ഥഗാംഭീൎയ്യമുള്ള സ്തുതികളെക്കൊണ്ടു സ്തുത്യനായ അദ്ദേഹത്തെ സേവിച്ചു. വൈവസ്വതമനു മുതല്ക്കുള്ള മനുന്മാരായ രാജാക്കന്മാരാൽ തന്റെ ഭത്തൃസ്ഥാനം സ്വീകരിക്കപ്പെട്ടിട്ടുണ്ടെങ്കിലും, ആദ്യമായുണ്ടായ ഭൎത്താവിലെന്നപോലെ രഘുവിൽ ഭൂമി അനുരക്തയായിത്തീൎന്നു. രഘുവിന്റെ ഗുണാധിക്യത്താൽ ദിലീപവിരഹംകൊണ്ടുള്ള ഖേദം പ്രജകൾക്കുണ്ടായില്ല. തേന്മാവു പൂക്കുമ്പോളുണ്ടാവുന്ന സന്തോഷത്തെ ഫലമുണ്ടായിക്കാണുമ്പോൾ ജനങ്ങൾ മറന്നുപോകുന്നതു സാധാരണമാണല്ലോ. വളരെ തണുപ്പും വളരെ ചൂടും ഇല്ലാത്ത മലയവായുവെന്നപോലെ രഘു തക്കതായ ശിക്ഷാരക്ഷകൾ ചെയ്തു നിമിത്തം പ്രജകളുടെ മനസ്സിനെ വശീകരിച്ചു. ര

* സമാക്രമിക്കുക=കരേറുക എന്നും ബലാൽക്കാരേണ അധീനമാക്കുകയെന്നും.

ഘുവിന്റെ വിശാലമായ കണ്ണുകൾ ചെവികൾക്ക് ഏററവും അരികെ ചെന്നു വിശ്രമിക്കുന്നവ തന്നെയായിരുന്നു; എന്നാൽ സൂക്ഷ്മങ്ങളായ കാൎയ്യങ്ങളെ ഗ്രഹിപ്പിക്കുന്നതായ ശാസ്ത്രജ്ഞാനം മാത്രമാണ് അദ്ദേഹത്തിന്നു കണ്ണുകളുടെ ഫലം ഉണ്ടാക്കിക്കൊടുത്തത്. ആനന്ദത്തെ ജനിപ്പിക്കുന്ന ശക്തികൊണ്ടു ചന്ദ്രന്നു സിദ്ധിച്ച ചന്ദ്രൻ എന്ന പേരുപോലെയും, ചൂടുണ്ടാക്കുന്നതുകൊണ്ടു സൂൎയ്യന്നു സിദ്ധിച്ച തപനൻ എന്ന പേരുപോലെയും, ജനരഞ്ജന ചെയ്യുന്നതുകൊണ്ടു രഘുവിന്നു രാജാവെന്ന പേർ അന്വൎത്ഥമായിത്തീൎന്നു. നീതിശാസ്ത്രജ്ഞന്മാർ രഘുവിന്നു നല്ലതും ചീത്തയുമായ രാജ്യഭരണതന്ത്രങ്ങൾ ഉപദേശിച്ചുകൊടുത്തു. എന്നാൽ അദ്ദേഹം രാജാവായപ്പോൾ അവയിൽ നല്ലതു മാത്രമെ കൈക്കൊണ്ടുള്ളു. രഘു രാജപദവിയിലെത്തിയപ്പോൾ പഞ്ചഭൂതങ്ങളുടെ ഗുണങ്ങൾ ഉൽകൎഷത്തെ പ്രാപിച്ചു. രാജാവു പുതുതായപ്പോൾ സകല വസ്തുക്കളും പുതുതായതുപോലെ തോന്നി. ദിലീപന്നു ശേഷം രഘു രാജ്യഭാരം കയ്യേററുവെന്നറിഞ്ഞപ്പോൾ രാജാക്കന്മാരുടെ ഉള്ളിൽ മുമ്പു പുകഞ്ഞുകൊണ്ടിരുന്ന അഗ്നി ജ്വലിച്ചതുപോലെയായി.

## ശരൽക്കാലാഗമം.

രഘു ഇങ്ങിനെ തന്റെ രാജ്യത്തെ രഞ്ജിപ്പിച്ചു, സ്വസ്ഥനായിരിക്കുമ്പോൾ പങ്കജങ്ങൾ അധികമായുണ്ടാവുന്നതായ ശരൽക്കാലം രണ്ടാമത്തെ രാജലക്ഷ്മിയോ എന്നു തോന്നുമാറു അടുത്തുവന്നു. നിശ്ശേഷവൎഷംനിമിത്തം ക്ഷീണിച്ചു മേഘങ്ങളാൽ ഒഴിഞ്ഞുകൊടുക്കപ്പെട്ട മാൎഗ്ഗത്തിൽകൂടി സൂൎയ്യന്റെ ദുസ്സഹമായ തേജസ്സും രഘുവിന്റെ പ്രതാപവും ഒരുമിച്ച് എല്ലാദിക്കിലും വ്യാപിച്ചു. ഇന്ദ്രൻ വൎഷൎത്തുവിങ്കൽ ധരിച്ച വില്ലിനെ താഴെ വെച്ചപ്പോൾ, രഘു ജയസാധനമായ വില്ലു കയ്യിലെടുത്തു. അവർ ഇരുവരും പ്രജകളുടെ കാൎയ്യങ്ങൾ സാധിപ്പിക്കുവാൻ ഊഴമിട്ടുകൊണ്ടു വില്ലു ധരിക്കുക പതിവാണല്ലൊ. വെള്ളത്താമരപ്പൂവാകുന്ന വെണ്കൊറ്റക്കുടയും, ആറുദൎഭപ്പൂക്കളാകുന്ന വെഞ്ചാമരങ്ങളും ഉള്ളതായ ശരദൃതു രഘുവിനെ അനുകരിച്ചുനോക്കി; എങ്കിലും രഘുവിന്റെ ശോഭ അതിന്നു കിട്ടിയില്ല. പ്രസാദസുമുഖനായ രഘുവും തെളിഞ്ഞ കാന്തിയോടുകൂടിയ ചന്ദ്രനും അപ്പോൾ കണ്ണുള്ളവൎക്കെല്ലാം തുല്യരസത്തെ ഉളവാക്കി. അരയന്നങ്ങളുടെ നിരകളിലും നക്ഷത്രപംക്തികളിലും ആമ്പൽപ്പൂക്കളുള്ള

ജലാശയങ്ങളിലും കൂടി രഘുവിന്റെ യശസ്സമൃദ്ധിയെ പരത്തീട്ടുണ്ടോ എന്നു ശരൽക്കാലം തോന്നിച്ചു. നെൽകൃഷിക്കു കാവലായി കരിമ്പിന്റെ നിഴലിൽ ഇരിക്കുന്ന സ്ത്രീകൾ തങ്ങളുടെ രക്ഷിതാവായ രഘുവിന്റെ ബാല്യകഥകൾ മുതൽക്കുള്ള കീൎത്തിയെ വാഴ്ത്തി സ്തുതിച്ചു പാടി. അതിദീപ്തിയോടുകൂടിയ അഗസ്ത്യനക്ഷത്രത്തിന്റെ ഉദയത്താൽ ജലം തെളിഞ്ഞു *. എങ്കിലും രഘുവിന്റെ രാജ്യപ്രാപ്തിയാകുന്ന ഉദയം കാരണമായി പരാജയത്തെ ഭയന്നു ശത്രുക്കളുടെ മനസ്സു കലങ്ങി. വളരെ മദത്തോടുകൂടിയവയും, വലുതായ പൂഞ്ഞയുള്ളവയും ആയ വലിയ കാളകൾ ലീലകൊണ്ടു മനോഹരമായിരിക്കുന്ന രഘുവിന്റെ പരാക്രമത്തെ അനുകരിച്ചോ എന്നു തോന്നുംവണ്ണം നദികളുടെ തീരങ്ങൾ കുത്തിയിടിച്ചു തുടങ്ങി. മദജലഗന്ധത്തോടുകൂടിയ ഏഴിലാമ്പാലപ്പൂക്കളുടെ വാസനയേറ്റു സ്പൎദ്ധകൊണ്ടോ എന്നു തോന്നുമാറു രഘുവിന്റെ ആനകൾ

---

* അഗസ്ത്യനക്ഷത്രം ശരൽക്കാലത്തുദിക്കുമെന്നും അതിന്റെ പ്രഭകൊണ്ടു ജലം തെളിയുമെന്നും ശാസ്ത്രമുണ്ട്.

ങ്ങളുടെ ശരീരത്തിലുള്ള ഏഴുമാർഗ്ഗത്തിൽ കൂടി * മദജലത്തെ പ്രവഹിപ്പിച്ചു. നദികളെയെല്ലാം സുഖമായി കടപ്പാൻ സൌകൎയ്യപ്പെടുത്തിയും നിരത്തുകളിലുള്ള ചളിയെല്ലാം ഉണക്കിയും വെച്ചു ദിഗ്ജയത്തിന്നായി പുറപ്പെടുവാൻ ശരൽക്കാലം പ്രവേശിക്കു മുമ്പിൽ കടന്നു രഘുവിനെ പ്രോത്സാഹിപ്പിച്ചു. ഗജാശ്വാദികളുടെ ആപൽശാന്തിക്കായി 'നിരാജന' എന്ന കൎമ്മം അനുഷ്ഠിക്കുമ്പോൾ, ഹോമംകൊണ്ടു ജ്വലിക്കപ്പെട്ട അഗ്നി പ്രദക്ഷിണജ്വാല എന്ന വ്യാജം നടിച്ചു രഘുവിന്നു ജയത്തെ ദാനം ചെയ്തു.

## രഘുവിൻെറ ദിഗ്ജയം.

രഘു തൻെറ രാജ്യത്തിൻെറ അതൃത്തിയിലുള്ള കോട്ടകൾ രക്ഷിപ്പാൻ ആളെ നിൎത്തിയും പൃഷ്ഠഭാഗത്തു ശത്രുക്കളില്ലെന്നു തൃപ്തിപ്പെട്ടും സൽകൎമ്മങ്ങൾ ചെയ്തും ദിഗ്ജയം ചെയ്വാനുള്ള ആഗ്ര

* കരതാരങ്ങൾ, കവിൾത്തടങ്ങൾ, കണ്ണുകൾ, ഗുഹ്യം എന്നിങ്ങിനെ ഏഴു സ്ഥാനങ്ങളിൽനിന്ന് ആനകൾ മദമൊലിക്കുമെന്നു പാലകാവ്യത്തിൽ പറഞ്ഞിട്ടുണ്ട്.

ഹത്തോടുകൂടി ആറുതരം * സൈന്യത്തോടുകൂടെ പുറപ്പെട്ടു. പാലാഴിമഥനം ചെയ്യുന്ന അവസരത്തിൽ, മന്ദരപൎവ്വതത്താൽ ഇളക്കപ്പെട്ട ബിന്ദുക്കളെക്കൊണ്ടു തിരമാലകൾ മഹാവിഷ്ണുവിന്റെ മേൽ ഏതുപ്രകാരം വൎഷിച്ചുവൊ അതുപോലെ വയോവൃദ്ധകളായ പൌരസ്ത്രീകൾ മലരുകൊണ്ടു രഘുവിന്റെ മേൽ വൎഷിച്ചു. ഇന്ദ്രതുല്യനായ രഘു ആദ്യം കിഴക്കെ ദിക്കിലേക്കാണു പോയത്. കാററിൽ ഇളകുന്ന കൊടിക്കൂറകളെക്കൊണ്ട് അദ്ദേഹം ശത്രുക്കളെ ഭത്സിക്കയാണൊ എന്നു ശങ്ക തോന്നി. തേരോടുമ്പോൾ പുറപ്പെടുന്ന പൊടികളെക്കൊണ്ട് ആകാശവും, മേഘങ്ങളെപ്പോലെ ഇരിക്കുന്ന ആനകളെക്കൊണ്ടു ഭൂമിയും നിറഞ്ഞതിനാൽ രഘു ആകാശത്തെ ഭൂമിയെപ്പോലെയും ഭൂമിയെ ആകാശത്തെപ്പോലെയും ആക്കിത്തീൎത്തു. രഘു തന്റെ വലുതായ സേനയെ കിഴക്കോട്ടു കൊണ്ടുപോകുമ്പോൾ ഭഗീരഥൻ പരമശിവന്റെ ജടയിൽനിന്നു വീഴുന്ന ഗംഗയെ ഭൂമിയിലേക്കു കൊണ്ടുവരുമ്പോളെന്നപോ

---

* മൌലം, ഭൃതകം, ശ്രേണി, മിത്രം, അമിത്രൻ, ആടവികം ഇങ്ങിനെ സൈന്യം ആറുവിധം.

ലെ ശോഭിച്ചു. മുമ്പിൽ പ്രതാപം, പിന്നെ ശബ്ദം, അതിന്നു പിമ്പിൽ പൊടിപടലം, അതിനെ തുടൎന്നുകൊണ്ടു രഥം മുതലായത്, ഇങ്ങിനെ നാലു വ്യൂഹങ്ങളോടുകൂടിയാണ് രഘുവിന്റെ സൈന്യങ്ങൾ യാനം ചെയ്തത്. രഘു തന്റെ ശക്തികൊണ്ടു നിൎജ്ജലസ്ഥലങ്ങളിൽ ജലവും, കടപ്പാൻ സൌകൎയ്യമില്ലാത്ത നദികളെ കടപ്പാൻ മാൎഗ്ഗവും, വനങ്ങളിൽ വെട്ടിത്തെളിച്ചു വെളിച്ചവും ഉണ്ടാക്കി. ലാഭം ഉപേക്ഷിപ്പിക്കപ്പെട്ടവരും, സ്ഥാനങ്ങളിൽ നിന്നിളക്കപ്പെട്ടവരും, പല പ്രകാരേണയും ഭഗ്നന്മാരും ആയ രാജാക്കന്മാർ ആന നടന്ന വഴിയിലെ വൃക്ഷംപോലെ ആയിത്തീൎന്നതിനാൽ രഘുവിന്റെ മാൎഗ്ഗം യാതൊരു പ്രതിബന്ധങ്ങളും ഇല്ലാത്തതായിത്തീൎന്നു. വിജയിയായ രഘു ഇപ്രകാരം കിഴക്കൻ പ്രദേശത്തുള്ള ജനപദങ്ങളെ പിടിച്ചടക്കിയതിന്നുശേഷം കരിമ്പനക്കാടുകൊണ്ടു കറുത്ത നിറത്തോടുകൂടിയ സമുദ്രതീരത്തിങ്കലെത്തി. ജലപ്രവാഹം ഉണ്ടാകുമ്പോൾ നദീതീരത്തിൽ വളരുന്ന ആറുവഞ്ചി ഭൂമിയിൽ പതിഞ്ഞുനില്ക്കും. അല്ലെങ്കിൽ ഒഴുക്കിന്റെ ശക്തി അതിനെ വേരോടെ പുഴക്കികളയും. ഇങ്ങിനെ ആറുവഞ്ചിയുടെ നയം സ്വീ

കരിച്ചാണ്, കീഴടങ്ങാത്തവരെ ഉന്മൂലനം ചെയ്യുന്നവനായ രഘുവിൽനിന്നു സിംഹളദേശക്കാർ ആത്മാവിനെ രക്ഷിച്ചത്. നാവികസൈന്യത്തോടുകൂടി വന്ന വംഗരാജാക്കന്മാരെ നേതാവായ രഘു, ബലംകൊണ്ടു സ്ഥാനഭ്രഷ്ടന്മാരാക്കുകയും ഗംഗാനദിയുടെ മദ്ധ്യത്തിൽ പലേടങ്ങളിലും ജയസ്തംഭങ്ങളെ സ്ഥാപിക്കുകയും ചെയ്തു. പാദാരവിന്ദപര്യന്തം പ്രണമിച്ചവരായി, സ്വസ്ഥാനങ്ങളിൽനിന്നു ഭ്രംശിപ്പിക്കപ്പെട്ടവരും, വീണ്ടും ആ സ്ഥാനങ്ങളിൽതന്നെ നിയമിക്കപ്പെട്ടവരും ആയ വംഗരാജാക്കന്മാർ, പറിച്ചു നട്ട കളമനെല്ലു കതിർത്തു ഫലം തരുന്നതുപോലെ, രഘുവിന്നു ധനം വർദ്ധിപ്പിച്ചുകൊടുത്തു. രഘുവിൻെറ സേനകൾ കപില എന്ന നദിക്ക് ആനകളെക്കൊണ്ട് ഒരു ചിറയുണ്ടാക്കുകയും ഉൽക്കലദേശത്തെ രാജാക്കന്മാരാൽ കാട്ടിക്കൊടുക്കപ്പെട്ട മാർഗ്ഗങ്ങളിൽകൂടി രഘു കലിംഗദേശാഭിമുഖമായി യാത്ര ചെയ്കയും ചെയ്തു. ആനക്കാരൻ ഗംഭീരവേദിയായ ആനയുടെ മസ്തകത്തിന്മേൽ തീക്ഷ്ണമായ തോട്ടിയെ പ്രവേശിപ്പിക്കുന്നതുപോലെ രഘു തീക്ഷ്ണമായ തൻെറ പ്രതാപത്തെ കലിംഗദേശത്തുള്ള മഹേന്ദ്രപർവ്വതത്തിൻെറ മൂർദ്ധാവിങ്കലാണ് പ്രവേ

ശില്പിച്ചത്. പൎവ്വതങ്ങൾ തങ്ങളുടെ ചിറകുമുറിപ്പാൻ ശ്രമിച്ച ദേവേന്ദ്രനെ ശിലാവൎഷംകൊണ്ടു തടുത്തതുപോലെ ആനപ്പടകളോടുകൂടി വന്ന കലിംഗരാജാവു രഘുവിനെ അസ്ത്രവൎഷംകൊണ്ടു തടുത്തു. രഘു ശത്രുക്കളുടെ ശരവൎഷം ഏററിട്ടു മംഗലസ്നാനം ചെയ്തിട്ടെന്നപോലെ ജയലക്ഷ്മിയെ പരിഗ്രഹിച്ചു. അവിടെ രഘുവിന്റെ സൈന്യങ്ങൾ പാനമണ്ഡപങ്ങൾ കെട്ടിയുണ്ടാക്കി ശത്രുക്കളുടെ യശസ്സിനെ എന്നപോലെ തെങ്ങിൻ മദ്യത്തെ പാനം ചെയ്തു. ധൎമ്മവിജയിയായ രഘു കലിംഗരാജാവിനെ ആദ്യം തടവുകാരനാക്കി പിടിച്ചു പിന്നെ വിടുകയും അവന്റെ ധനങ്ങളെ മാത്രം സ്വീകരിച്ചു രാജ്യം മടക്കിക്കൊടുക്കുകയും ചെയ്തു. അതിന്നുശേഷം കായ്ച്ചു നില്ക്കുന്ന കഴുങ്ങിൻതോട്ടങ്ങളോടുകൂടിയ കടൽതീരം വഴിയായി, അഗസ്ത്യൻ സഞ്ചരിക്കുന്നതായ ദക്ഷിണാദിക്കിലേക്കു ജയാംശസക്കൂടാതെ തന്നെ പോയി. ഗജങ്ങളുടെ മദജലഗന്ധമുണ്ടാകുന്ന സൈന്യങ്ങളുടെ സംഗമംകൊണ്ടു നദികളുടെ ഭൎത്താവായ സമുദ്രത്തിന്നു കാവേരിയെപ്പററി രഘു ശങ്ക ജനിപ്പിച്ചുവോ എന്നു തോന്നി. ദക്ഷിണദിക്കിൽ എത്തിയാൽ (ദക്ഷിണായനകാലത്ത്) ആദിത്യന്റെ തേജസ്സി

ന്നുകൂടി ശക്തി കുറഞ്ഞിരിക്കും. അവിടെ എത്തീ ട്ടും രഘുവിന്റെ പ്രതാപത്തിന്നു കുറവു വരാഞ്ഞുനി മിത്തം പാണ്ഡ്യരാജാക്കന്മാൎക്ക് അതു സഹിപ്പാൻ കഴിഞ്ഞില്ല. പാണ്ഡ്യരാജാക്കന്മാർ താമ്രപൎണ്ണീ നദി ഒഴുകിച്ചേരുന്ന സമുദ്രത്തിൽനിന്നെടുക്കുന്ന മൌക്തികരത്നങ്ങളെ അവർ സമ്പാദിച്ചുവെച്ചിട്ടു ള്ള യശസ്സിനെ എന്നപോലെ രഘുവിന്നു നമസ്കാ രപൂൎവ്വം ദാനം ചെയ്തു. ജയേച്ഛയോടുകൂടി വളരെ വഴി നടന്നിട്ടുള്ള രഘുവിന്റെ സൈന്യങ്ങൾ മുളകു വള്ളികളിൽ പാറുകളിക്കുന്ന കിളികളോടുകൂടിയ മലയപൎവ്വതത്തിന്നടുത്ത പ്രദേശങ്ങളിൽ വിശ്രമി ച്ചു. കുതിരകളുടെ കുളമ്പുകൊണ്ടു പൊടിഞ്ഞിരി ക്കുന്ന ഏലക്കായകളുടെ പൊടികൾ പാറുന്നു തുല്യ ഗന്ധത്തോടുകൂടിയ മത്തഗജങ്ങളുടെ മസ്തകങ്ങ ളിൽ പററി. ചന്ദനമരങ്ങളിൽ സൎപ്പങ്ങൾ ചുററി കിടന്നുണ്ടായ പാടുകളിൽ കെട്ടപ്പെട്ട കണ്ഠരജ്ജു വിനെ, പാദശൃംഖലയെ മുറിക്കുന്ന ഗജങ്ങൾക്ക് അ ഴിക്കാൻ സാധിച്ചില്ല. തടപ്രദേശങ്ങളിൽ ചന്ദ നാലംകൃതങ്ങളായി ആ ദിക്കാകുന്ന സ്ത്രീയുടെ സ്ത നങ്ങളോ എന്നു തോന്നുംവണ്ണം ഇരിക്കുന്ന മലയം, ദർദ്ദുരം എന്ന രണ്ടു പൎവ്വതങ്ങളെ ഇച്ഛയ്ക്കു തക്കവ

ണ്ണും അനുഭവിച്ചതിന്നുശേഷം അസഹ്യവിക്രമനായ രഘു സമുദ്രത്താൽ ദൂരെ ഉപേക്ഷിക്കപ്പെടുകയാൽ വസ്ത്രം അഴിഞ്ഞിരിക്കുന്ന ഭൂമിദേവിയുടെ നിതംബമാണോ എന്നു തോന്നുന്ന സഹ്യപൎവ്വതത്തിൽ എത്തിച്ചേൎന്നു. പടിഞ്ഞാറെ കരയിലെ രാജാക്കന്മാരെ ജയിക്കാൻ പുറപ്പെട്ടിട്ടുള്ള രഘുവിന്റെ സൈന്യങ്ങൾ അണിയണിയായി പോകുന്നതു കണ്ടാൽ പരശുരാമന്റെ അസ്ത്രംകൊണ്ടു് അകത്തപ്പെട്ട സമുദ്രം സഹ്യപൎവ്വതത്തിലേക്കു രണ്ടാമതും വന്നുചേൎന്നുവോ എന്നു തോന്നും. ഭയംകൊണ്ടു് ആഭരണങ്ങൾ വേണ്ടെന്നുവെച്ചു് ഓടിയ കേരളത്തിലെ സ്ത്രീകളുടെ കുറുനിരകളിൽ, സൈന്യങ്ങളുടെ യാത്രയാൽ പുറപ്പെടുന്ന പൊടികൾ കുങ്കുമാദിചൂൎണ്ണങ്ങളുടെ കൃത്യം നിൎവ്വഹിച്ചു. മുരളം*നദിയിലെ കാറ്റേറ്റു ഇളകിവരുന്ന കൈതപ്പൂവിന്റെ പൊടി രഘുസൈന്യങ്ങളുടെ കുപ്പായങ്ങൾക്കു് അദ്ധ്വാനം കൂടാതെതന്നെ സുഗന്ധമുണ്ടാക്കിത്തീൎത്തു. ഓടുന്ന കുതിരകളുടെ മേൽ കിടന്നു ശബ്ദിക്കുന്ന പട്ടാളക്കാരുടെ ചട്ടകൾ, കാറ്റുകൊണ്ടിളകുന്ന കരിമ്പന

---

* മുരചീനദീ എന്നു പാഠാന്തരം.

ക്കാടിന്റെ ശബ്ദത്തെ ജയിച്ചു. പരശുരാമനു യാചിച്ചിട്ടാണല്ലൊ സമുദ്രം കേരളദേശത്തെ കൊടുത്തത്. എന്നാൽ രഘുവിനു അപരാന്ത*രാജാവെന്ന വ്യാജത്തോടെ കരം കൊടുക്കുകയാണു ചെയ്തത്. അവിടെ മദിച്ച ആനകളുടെ കൊമ്പുകളുടെ പ്രഹാരംകൊണ്ടു സ്പഷ്ടമായ വിക്രമലക്ഷണലിപികളോടുകൂടി കാണ്മാനുണ്ടായിരുന്ന ഉന്നതമായ ത്രികൂടപൎവ്വതത്തെത്തന്നെ രഘു തന്റെ ജയസ്തംഭമാക്കി. പിന്നെ രഘു, യോഗികൾ ഇന്ദ്രിയങ്ങളാകുന്ന ശത്രുക്കളെ ജയിപ്പാൻ പരമാത്മജ്ഞാനമാൎഗ്ഗം അവലംബിക്കുംപോലെ പാരസീകന്മാരെ (പാൎസ്സികളെ) ജയിപ്പാനായി കരവഴിയായി പുറപ്പെട്ടു. അക്കാലത്തിങ്കലുള്ള മേഘോദയം താമരപ്പൂക്കളുടെ ബാലാതപത്തെ എന്നപോലെ രഘു യവനസ്ത്രീകളുടെ മുഖപത്മത്തിൽ മദ്യപാനം കൊണ്ടുണ്ടായ അരുണവൎണ്ണത്തെ സഹിച്ചില്ല.† കുതിരപ്പട്ടാളത്തോടുകൂടി വന്ന പാ

---

* കാളിദാസർ കൊങ്കണദേശത്തെയാണ് അപരാന്തദേശമെന്നു പറഞ്ഞതെന്നും അല്ലെങ്കിൽ ഈ ദേശങ്ങൾ ലക്ഷദ്വീപുകളായിരിക്കുമെന്നും വരുന്നു.

† രഘു യവനസ്ത്രീകൾക്കു വൈധവ്യം വരുത്തിയെന്നു താല്പൎയ്യം,

ശ്ചാത്യരാജാക്കന്മാരും രഘുവും തമ്മിൽ മൃഗങ്ങളുടെ കൊമ്പുകൊണ്ടുണ്ടാക്കിയ വില്ലിൻെറ ശബ്ദംകൊണ്ടു മാത്രം എതിരാളിയെ അറിയത്തക്കവിധം പൊടിനിറഞ്ഞ പ്രദേശത്തുവെച്ചു ഭയങ്കരമായ യുദ്ധമുണ്ടായി. കത്തിയമ്പുകളെക്കൊണ്ടു ഖണ്ഡിക്കപ്പെട്ടതും മുഖരോമങ്ങളോടുകൂടിയതും ആയ യവനന്മാരുടെ ശിരസ്സുകളെക്കൊണ്ടു, തേനീച്ചകൾ നിറഞ്ഞ തേൻകൂടുകളെക്കൊണ്ടെന്നപോലെ ഭൂമിയെ മറച്ചു. ശേഷിച്ച യവനന്മാർ തൊപ്പിയൂരി രഘുവിനെ ശരണം പ്രാപിച്ചു. മഹാത്മാക്കളുടെ കോപത്തിന്നുള്ള പ്രതിക്രിയ നമസ്കാരമാണല്ലോ. രഘുവിൻെറ ഭടന്മാർ മുന്തിരിവള്ളിക്കുടിലുകളിൽ ശ്രേഷ്ഠങ്ങളായ തോലുകൾ വിരിച്ചിരുന്നു ദ്രാക്ഷാമദ്യങ്ങൾ പാനംചെയ്തു യുദ്ധഖേദത്തെ ശമിപ്പിച്ചു. അനന്തരം രഘു, സൂര്യഭഗവാൻ രശ്മികളെക്കൊണ്ടു രസങ്ങളെ എടുപ്പാൻ വടക്കോട്ടു പോകുന്നതുപോലെ * വടക്കെ ദിക്കിലുള്ളവരെ ശരങ്ങൾകൊണ്ടു ജ

---

* ഉത്തരായണത്തിൽ സൂര്യൻെറ പ്രതാപം അധികമാകുന്നതു പോലെ ഉദീച്യന്മാരിലും പ്രതാപാധിക്യം പ്രയോഗിച്ചുവെന്നു ഗമ്യം.

യിക്കുവാൻ ആ ദിക്കിലേക്കു പുറപ്പെട്ടു. രഘുവി ന്റെ കുതിരകൾ സിന്ധുനദീതീരത്തിങ്കൽ കിടന്നുരു ണ്ടു മാൎഗ്ഗഖേദം ശമിപ്പിച്ചതിന്നുശേഷം കുങ്കുമവൃ ക്ഷത്തിന്റെ അല്ലികൾ പാറീട്ടുള്ള കഴുത്തുകളെക്കു ടഞ്ഞു. ഹൂണന്മാരിൽ സ്പഷ്ടമായ രഘുവിന്റെ പരാ ക്രമം വടക്കേ ദിക്കിൽ ഹൂണരാജാക്കന്മാരുടെ അ ന്തഃപുരസ്ത്രീകളുടെ കവിൾത്തടങ്ങളിൽ അരുണവ ൎണ്ണത്തെ * ഉണ്ടാക്കിത്തീൎത്തു. ആനകളെ കെട്ടുക കാരണം കൊമ്പുകൾ മുറിഞ്ഞ അക്ഷോലവൃക്ഷങ്ങ ളോടൊപ്പം കാംബോജത്തിലെ രാജാക്കന്മാർ ര ഘുവിന്റെ പരാക്രമത്തെ സഹിപ്പാൻ അശക്തന്മാ രായിട്ട് ഉയൎച്ചവിട്ടു കീഴടങ്ങി. കാംബോജന്മാർ പിന്നേയും പിന്നേയും കാഴ്ചവെച്ച അനവധി നല്ല കുതിരകളും വളരെ സ്വൎണ്ണവും രഘു സ്വീകരി ച്ചു. എങ്കിലും അവർ വിട്ടുകളഞ്ഞ ഗൎവ്വ് രഘുവി നെ പ്രാപിച്ചില്ല. അതിന്നുശേഷം രഘു കുതിരക ളുടെ സഹായത്തോടുകൂടി പാൎവ്വതീപിതാവായ ഹി മവാൻപൎവ്വതത്തിൽ കയറി. ആ സമയം കുതി രകളുടെ കുളമ്പു തട്ടി പുറപ്പെട്ട കാവിമണ്ണു മുത

---

* ഭൎത്താക്കന്മാരെ നിഗ്രഹിക്കയാലുണ്ടായ അശ്രു ധാരകൾ വീഴുമ്പോഴുണ്ടാകുന്ന ചുവപ്പ്.

ലായത്തിന്റെ പൊടികൾകൊണ്ടു രഘു ഹിമവാന്റെ ശൃംഗങ്ങളെ വലുതാക്കുന്നുവോ എന്നു തോന്നിച്ചു. തുല്യപരാക്രമത്തോടുകൂടിയവരും, ഹിമവാന്റെ ഗുഹകളിൽ ശയിക്കുന്നവരും ആയ സിംഹങ്ങൾ, സൈന്യഘോഷം വൎദ്ധിച്ചപ്പോൾകൂടിയും കഴുത്തുതിരിച്ചു നോക്കിയതല്ലാതെ സംഭ്രമഭാവത്തെ കാട്ടിയില്ല. സിംഹങ്ങളുടെ ആ നോട്ടത്തെ രഘു പ്രശംസിച്ചു. ഭൂൎജ്ജവൃക്ഷങ്ങളുടെ ഉണങ്ങിയ ഇലകളിൽനിന്നുണ്ടായ ശബ്ദത്തിന്നും തുമ്പിതുളച്ച മുളകളുടെ ശബ്ദത്തിന്നും കാരണമായി, ഗംഗയുടെ ജലബിന്ദുക്കളോടുകൂടിയ കാററുകൾ വഴിയിൽ രഘുവിനെ സേവിച്ചു. നമേരുവൃക്ഷങ്ങളുടെ ഛായകളിൽ കിടക്കുന്ന കസ്തൂരിമൃഗങ്ങളുടെ നാഭിപ്രദേശം തട്ടി സൌരഭ്യത്തോടുകൂടിയ കല്ലുകളിൽ രഘുസൈന്യങ്ങൾ ഇരുന്നു വിശ്രമിച്ചു. ദേവദാരുമരങ്ങളിൽ കെട്ടപ്പെട്ട ആനകളുടെ കഴുത്തിലെ ചങ്ങലകളിൽ പ്രതിഫലിച്ചു പ്രകാശിക്കുന്ന പ്രഭയോടുകൂടിയ എരിവള്ളികൾ * രാത്രിയിൽ രഘുവിന്ന്

* രാത്രിയിൽ സ്വയം പ്രകാശിക്കുന്ന ഒരു ജാതി വള്ളികൾ.

എണ്ണക്കൂടാത്ത വിളക്കുകളായിത്തീൎന്നു. രഘുസൈന്യങ്ങളാൽ ഉപേക്ഷിക്കപ്പെട്ട പ്രദേശങ്ങളിൽ ആനച്ചങ്ങലയുടെ പാടുപിടിച്ചു നില്ക്കുന്ന ദേവദാരുമരങ്ങൾ, രഘുവിന്റെ ആനകളുടെ വലിപ്പത്തെ കാട്ടാളന്മാൎക്ക മനസ്സിലാക്കിക്കൊടുത്തു. രഘുവും ഹിമവാങ്കലുള്ള ഭൂതഗണങ്ങളും തമ്മിൽ, നാരാചങ്ങളും കവിണക്കല്ലുകളും തമ്മിൽ കൂട്ടിമുട്ടി തീപ്പൊരി പുറപ്പെടുന്നതായ ഒരു ഘോരയുദ്ധം അവിടെവെച്ചു നടന്നു. ഉത്സവസങ്കേതങ്ങളെന്നു പറയുന്ന ആ ഭൂതഗണങ്ങളുടെ ഉത്സ*വമൊക്കെ, രഘു ശരങ്ങളെക്കൊണ്ടു നശിപ്പിച്ചിട്ടു, തന്റെ കയ്യൂക്കിന്റെ പ്രശസ്തിഗീതത്തെ കിന്നരന്മാരെക്കൊണ്ടു പാടിച്ചു. ഈ ഗണങ്ങൾ കാഴ്ചവെപ്പാനായി ദ്രവ്യങ്ങൾ കയ്യിലെടുത്തു വന്നപ്പോൾ, ഹിമവാന്റെ സമ്പത്തു രഘുവിന്നും, രഘുവിന്റെ ശക്തി ഹിമവാന്നും അന്യോന്യം മനസ്സിലായി. രഘു തന്റെ അക്ഷോഭ്യമായും ഉന്നതമായുമുള്ള കീൎത്തിസമൂഹത്തെ ഹിമവാങ്കൽ സ്ഥാപിച്ചിട്ട് അതിങ്കൽനിന്നി

---

* ഉത്സവം=ഗൎവ്വ്, അമൎഷം, ഇച്ഛാപ്രസരം, മഹം എന്നവ.

റങ്ങി. കൈലാസപൎവ്വതമാകട്ടെ, പണ്ടു രാവണനാൽ ഇളക്കപ്പെട്ടിരിക്കകൊണ്ടു ഈ യശോരാശിയെക്കണ്ടു ലജ്ജിച്ചുവോ എന്നു തോന്നും. രഘു ലൌഹിത്യാ എന്ന നദി കടന്നസമയം പ്രാഗ്ജ്യോതിഷേശ്വരൻ രഘുവിന്റെ ആനകളെ കെട്ടിയ കാരകില്മരത്തോടൊപ്പം കിടന്നു വിറച്ചു. സൂൎയ്യനെ മറച്ചു മേഘച്ഛന്നദുൎദ്ദിനമാക്കിത്തീൎത്ത രഘുവിന്റെ രഥമാൎഗ്ഗത്തിൽനിന്നുത്ഭവിച്ച പൊടികൾതന്നെ പ്രാഗ്ജ്യോതിഷേശ്വരൻ സഹിച്ചില്ല. എന്നിട്ടു വേണ്ടേ രഘുവിന്റെ സേനയെ സഹിപ്പാൻ? ഇന്ദ്രനേക്കാൾ പരാക്രമത്തോടുകൂടിയ രഘുവിന്നു കാമരൂപങ്ങളെന്ന പ്രദേശങ്ങളുടെ രാജാവു, താൻ മറ്റു രാജാക്കന്മാരെ ഏതു ഗജങ്ങളെക്കൊണ്ടു ജയിച്ചുവോ ആ മത്തഗജങ്ങളെ കാഴ്ചവെച്ചു ശരണം പ്രാപിച്ചു. ഈ രാജാവുതന്നെ, സ്വൎണ്ണപീഠത്തിന്റെ അധിദേവതയായിരിക്കുന്ന രഘുവിന്റെ പാദകാന്തിയെ രത്നങ്ങളാകുന്ന പുഷ്പങ്ങളെ സമൎപ്പിച്ചു പൂജിച്ചു.

## രഘുവിന്റെ യാഗം.

ജയശീലനായിരിക്കുന്ന രഘു ഇപ്രകാരം ദിഗ്ജയം കഴിച്ചു രഥങ്ങളാൽ ഇളക്കപ്പെട്ട പൊടി

കളെ ശത്രുശൂന്യങ്ങളായിരിക്കുന്ന രാജാക്കന്മാരുടെ ശിരസ്സുകളിൽ വ്യാപിപ്പിച്ചുംകൊണ്ടു സ്വസ്ഥാനത്തിലേക്കു മടങ്ങി. ഇതിന്നുശേഷം രഘു, തനിക്കുള്ള സൎവ്വസ്വവും ദക്ഷിണചെയ്യേണ്ടതായ വിശ്വജിത്ത് എന്ന യാഗവും ചെയ്തു. സജ്ജനങ്ങൾ സമ്പാദിക്കുന്നതെല്ലാം, മേഘങ്ങൾ ജലത്തെ എന്നപോലെ ദാനം ചെയ്വാനായിട്ടു മാത്രമാണല്ലോ. ഈ യാഗം കഴിഞ്ഞതിന്നുശേഷം സചിവസഖനായ രഘു വലുതായ സൽക്കാരങ്ങൾ ചെയ്തു പരാജയംകൊണ്ടു രാജാക്കന്മാൎക്കുണ്ടായ കുണ്ഠിതം തീൎക്കുകയും, വളരെക്കാലമായി വിരഹദുഃഖം അനുഭവിക്കുന്ന അന്തഃപുരസ്ത്രീകളോടുകൂടിയ ആ രാജാക്കന്മാരെ അവരവരുടെ പുരങ്ങളിലേക്കു യാത്രയയക്കുകയും ചെയ്തു. ആ രാജാക്കന്മാരാകട്ടെ, ധ്വജകുലിശാതപത്രരേഖകളോടുകൂടിയ സാൎവ്വഭൌമനായ രഘുവിന്റെ പാദങ്ങളിൽ, യാത്രപറഞ്ഞു പോകുമ്പോൾ നമസ്കരിച്ചിട്ടു, രഘുവിന്റെ കാൽവിരലുകളിൽ, തങ്ങളുടെ ശിരോലങ്കാരമാലകളുടെ മകരന്ദരേണുക്കളെക്കൊണ്ടു പാടലവൎണ്ണമുണ്ടാക്കിത്തീൎത്തു.

—:0:—

## അഞ്ചാമദ്ധ്യായം.

---

### കൌത്സാഗമനം.

വിശ്വജിത്തെന്ന യാഗത്തിൽ രഘു ഒട്ടൊഴിയാതെയുള്ള ധനമെല്ലാം ദാനംചെയ്തു കഴിഞ്ഞിരുന്നു. ഈ അവസരത്തിൽ വരതന്തുമഹർഷിയുടെ ശിഷ്യനായ കൌത്സമഹർഷി വിദ്യാഭ്യാസം കഴിഞ്ഞു ഗുരുദക്ഷിണയ്ക്കു ധനമപേക്ഷിപ്പാനായി രഘുവിന്റെ അടുക്കൽ വന്നു. അനഘശീലനും, യശസ്വിയും, അതിഥിസൽക്കാരത്തിൽ വിദഗ്ദ്ധനും ആയ രഘു, സ്വർണ്ണപാത്രങ്ങൾ ഒടുങ്ങുകയാൽ മൺപാത്രത്തിൽ പൂജാദ്രവ്യങ്ങളെടുത്തിട്ടു ശാസ്ത്രജ്ഞനായ കൌത്സമഹർഷിയെ എതിരേറ്റു. വിധിജ്ഞനും, മാനധനന്മാരിൽ അഗ്രേസരനും, കൃത്യബോധത്തോടുകൂടിയവനും ആയ രഘു ആ തപോധനനെ വിധിയാംവണ്ണം പൂജിച്ചു പീഠത്തിന്മേലിരുത്തിയതിന്നുശേഷം അടുക്കെ തൊഴുതു നിന്നുംകൊണ്ടു് ഇപ്രകാരം പറഞ്ഞു.

"അല്ലയോ കുശാഗ്രബുദ്ധേ! സൂര്യനിൽനിന്നു ലോകം പ്രബോധത്തെ എന്നപോലെ യാവനൊരുത്തങ്കൽനിന്നു നിന്തിരുവടി അശേഷമായ ജ്ഞാ

നത്തെ സ്വീകരിച്ചുവൊ, മന്ത്രകൃത്തുകളായിരിക്കു ന്ന ഋഷികളിൽവെച്ചു ശ്രേഷ്ഠനായ ആ ഗുരുവിന്റെ ക്ഷേമം തന്നെയല്ലെ? കായികവും, വാചികവും, മാനസവും* ആയി മൂന്നുപ്രകാരത്തിൽ സദാ സ മ്പാദിച്ചിട്ടുള്ളതും ദേവന്ദ്രന്റെ ധൈൎയ്യം നശിപ്പി ക്കുന്നതും ആയ മഹൎഷിയുടെ തപസ്സിന്നു വിഘ്നങ്ങൾ കൊണ്ടു നാശം സംഭവിക്കുന്നില്ലല്ലൊ? പുത്രനിൎവ്വി ശേഷമായ സ്നേഹത്തോടെ തറകെട്ടുക മുതലായ പ്രയത്നങ്ങൾ ചെയ്തു വളൎത്തപ്പെടുന്നതും, തളൎച്ച തീൎക്കുന്നതുമായ ആശ്രമപാദപങ്ങൾക്കു കൊടുങ്കാ റ്റു മുതലായതുകൊണ്ടു നാശം സംഭവിക്കുന്നില്ല ല്ലൊ? ഹോമാദിക്രിയാസാധനമായ ദൎഭപ്പുല്ലുകൾ തിന്നാൻ ശ്രമിക്കുമ്പോൾ കൂടിയും മുനികളാൽ വാ ത്സല്യംകൊണ്ടു വിരോധിക്കപ്പെടാത്തതും, അവരു ടെ മടിയിൽ വീണ പൊക്കിൾക്കൊടികളോടുകൂടി യതും ആയ മാൻപേടകളുടെ സന്തതി അനുപദ്ര വമായിട്ടിരിക്കുന്നില്ലെ? നിത്യസ്നാനത്തിന്നും പിതൃ തൎപ്പണത്തിന്നും ഉപയോഗിക്കപ്പെടുന്നവയും, ഉ

---

* കായികം=ഉപവാസാദി, വാചികം=വേദാദ്ധ്യയനാദി, മാനസം=ധ്യാനാദി.

ഞ്ഛര*ങ്ങളുടെ ആറിലൊരു ഭാഗം കൊണ്ട് അടയാളപ്പെട്ട പുളിനങ്ങളോടുകൂടിയവയും ആയ നിങ്ങളുടെ തീൎത്ഥജലങ്ങൾ കേടുകൂടാതെ ഇരിക്കുന്നില്ലെ? ഉചിതസമയങ്ങളിൽ വരുന്ന വഴിപോക്കൎക്ക് ഭാഗിച്ചു കൊടുക്കപ്പെടുന്നതും, വന്യമായ ജീവസാധനവും ആയ വരിനെല്ലു മുതലായ ഭക്ഷണസാധനങ്ങൾ നാട്ടുപുറങ്ങളിൽനിന്നു കന്നുകാലികൾ വന്നു തിന്നു നശിപ്പിക്കുന്നില്ലല്ലോ? പ്രസന്നനായ വരതന്തുമഹൎഷി വഴിപോലെ അങ്ങേക്കു വിദ്യകളെല്ലാം ഗ്രഹിപ്പിച്ചതിന്നുശേഷം, ഗൃഹസ്ഥാശ്രമം സ്വീകരിപ്പാൻ അനുജ്ഞ തന്നുവോ? സൎവ്വാശ്രമങ്ങൾക്കും ഉപകാരം ചെയ്യാൻ ശക്തിയുള്ള രണ്ടാമത്തെ ആശ്രമം സ്വീകരിപ്പാൻ അങ്ങേക്കു സമയമായല്ലോ. പൂജ്യനായ അങ്ങയുടെ വരവുകൊണ്ടു മാത്രം എന്റെ മനസ്സിന്നു തൃപ്തിയായില്ല. അങ്ങയുടെ നിയോഗക്രിയയിങ്കലാണ് എന്റെ താല്പൎയ്യം കിടക്കു

* ഉഞ്ഛരങ്ങൾ = പ്രകീൎണ്ണീഭൂതധാന്യങ്ങൾ. ഭൂമിയിൽ കൊഴിഞ്ഞിരിക്കുന്ന ധാന്യങ്ങൾ ഓരോന്നായി പെറുക്കിയെടുക്കുന്നതെന്നൎത്ഥം. ഇതിന്റെ ആറിലൊരുഭാഗം രാജാവിന്നുള്ളതാണ്.

ന്നത്. അങ്ങുന്നു ഗുരുവിൻെറ ആജ്ഞയാലോ, അതല്ലാ സ്വേച്ഛയാലോ, എങ്ങിനെയാണ് എന്നെ അനുഗ്രഹിപ്പാനായിട്ടു വനത്തിൽനിന്നു വന്നത്?"

ഇപ്രകാരം ഔദാൎയ്യത്തോടുകൂടിയവയാണെങ്കിലും അൎഘ്യപാത്രംകൊണ്ടു സൎവ്വസ്വദാനത്തെ അനുമിക്കാവുന്ന രഘുവിൻെറ വാക്കുകൾ കേട്ടിട്ടു സ്വാൎത്ഥപ്രാപ്തിയെപ്പററി ദുൎബ്ബലാശനായ വരതന്തുശിഷ്യൻ ഇങ്ങിനെ പറഞ്ഞു.

"അല്ലയോ രാജാവേ! എല്ലാ കാൎയ്യങ്ങളിലും ഞങ്ങൾക്കു ക്ഷേമംതന്നെയാണ്. അങ്ങുന്നു നാഥനായിരിക്കുമ്പോൾ പ്രജകൾക്ക് അമംഗളം എങ്ങിനെയുണ്ടാവും? സൂൎയ്യൻ പ്രകാശിച്ചിരിക്കുമ്പോൾ ഇരുട്ടിന്നു ജനങ്ങളുടെ ദൃഷ്ടിയെ മാപ്പാൻ സാധിക്കുമോ? പൂജ്യന്മാരിൽ ഭക്തി അങ്ങയ്ക്കു കുലോചിതമാണ്. അല്ലയോ സാൎവ്വഭൌമൻ! ആ ഭക്തിയാൽ അങ്ങുന്നു പൂൎവ്വന്മാരെ അതിശയിക്കുന്നുണ്ട്. ഞാനാകട്ടെ സമയം തെററീട്ടാണ് ധനാൎത്ഥിയായിട്ട് അങ്ങയുടെ അടുക്കലേയ്ക്കു വന്നത്. അതുകാരണം എനിക്കു വിഷാദവുമുണ്ട്. സകലസമ്പത്തുകളും സൽപാത്രങ്ങളിൽ ദാനംചെയ്തു ശരീരമാത്രം ശേഷിച്ച അങ്ങുന്ന്, വനവാസികളായ ജനങ്ങൾ ക

തിർ കൊണ്ടെടുത്തതിന്നുശേഷം തണ്ടു മാത്രം ശേഷിച്ചു നില്ക്കുന്ന വരിനെല്ലുപോലെ ശോഭിക്കുന്നു. സാർവ്വഭൗമനായ അങ്ങുന്നു യാഗം ചെയ്തു് അകിഞ്ചനനായതു യുക്തമായിട്ടുണ്ടു്. ദേവന്മാർ ക്രമേണ പാനം ചെയ്കയാൽ ചന്ദ്രനുണ്ടാവുന്ന കലാക്ഷയം വൃദ്ധിയെക്കാൾ അധികം ശ്ലാഘ്യമാണല്ലോ.* അതുകൊണ്ടു്, അനന്യകാര്യനായ ഞാൻ അപരങ്കൽനിന്നു ഗുരുദക്ഷിണയ്ക്കാവശ്യമായ ധനം സമ്പാദിപ്പാൻ യത്നം ചെയ്തുകൊള്ളാം. അങ്ങയ്ക്കു മംഗളം ഭവിക്കട്ടെ. ഉള്ളിൽ ജലമില്ലാത്ത ശരൽക്കാലമേഘത്തോടു ചാതകപക്ഷിപോലും യാചിക്കാറില്ല.

ഇത്രമാത്രം പറഞ്ഞു മടങ്ങിപ്പോവാൻ പുറപ്പെട്ട കൗത്സമഹർഷിയെ രഘു നിവാരണംചെയ്തുംകൊണ്ടു ചോദിച്ചു:— "ഹേ വിദ്വൻ! നിന്തിരുവടി ഗുരുദക്ഷിണ ചെയ്യേണ്ട ദ്രവ്യം എന്താണു്, എ

---

* ചന്ദ്രന്റെ കലകളെ കൃഷ്ണപക്ഷത്തിൽ പ്രതിപദം മുതൽ അഗ്നി, സൂര്യൻ ഇത്യാദി ദേവന്മാർ പാനം ചെയ്കയാലാണു് കലാക്ഷയമുണ്ടാകുന്നതെന്നു ആഗമമുണ്ടു്. ക്ഷീണകലനായ ചന്ദ്രനെയാണു് ജനങ്ങൾ ബഹുമാനിക്കുന്നതു്.

ത്രയാണ്?" അതു കേട്ടപ്പോൾ വിധിയാംവണ്ണം യാഗം ചെയ്തവനും, അശേഷം ഗർവ്വില്ലാത്തവനും, വർണ്ണാശ്രമങ്ങളുടെ നിയാമകനും ആയ രഘുവിനോടു വിദ്വാനും ബ്രഹ്മചാരിയും ആയ കൌത്സൻ പ്രസ്തുതകാര്യത്തെ പറഞ്ഞു:

"ഞാൻ വിദ്യയെല്ലാം വഴിപോലെ അഭ്യസിച്ചതിനുശേഷം ഗുരുദക്ഷിണ സ്വീകരിപ്പാനായി മഹർഷിയോട് അപേക്ഷിച്ചു. ഗുരു, എന്റെ വളരെ കാലത്തെ അസ്ഖലിതോപചാരമായ ഭക്തിയെത്തന്നെ ദക്ഷിണയായി ഗണിക്കുകയാണുണ്ടായത്. ഗുരുദക്ഷിണ എന്തെങ്കിലും വാങ്ങേണമെന്നു ഞാൻ പിന്നേയും പിന്നേയും നിർബ്ബന്ധിച്ചതുകൊണ്ടു, കുപിതനായ ഗുരു അർത്ഥകാർശ്യത്തെ ചിന്തിക്കാതെ, വിദ്യകളുടെ "എണ്ണം* കണക്കാക്കി പതിനാലുകോടി ദ്രവ്യം ദക്ഷിണയായി കൊണ്ടുവരേണമെന്ന് എന്നോടു പറഞ്ഞു. അങ്ങയുടെ പൂജാപാത്രം കണ്ട

---

* പുരാണം, ന്യായം, മീമാംസ, ധർമ്മശാസ്ത്രം, നാലു വേദങ്ങൾ, ശിക്ഷ, കല്പം, വ്യാകരണം, നിരുക്തം, ഛന്ദസ്സ്, ജ്യോതിഷം എന്ന 14 വിദ്യകളുടെ കണക്കിനു 14 കോടി ദ്രവ്യം.

പ്പോൾ തന്നെ അങ്ങുന്ന പ്രഭുശബ്ദശേഷനാണെന്ന് എനിക്ക മനസ്സിലായി. വിദ്യാമൂല്യത്തിന്റെ ആധിക്യം കാരണമായി അങ്ങയെ നിർബ്ബന്ധിപ്പാൻ ഞാൻ താല്പൎയ്യപ്പെടുന്നില്ല.”

ചന്ദ്രനെപ്പോലെ കാന്തിമാനും പാപനിവൃത്തമായ ഇന്ദ്രിയവ്യാപാരങ്ങളോടുകൂടിയവനും, ജഗദേകനാഥനുമായ രഘു, വേദജ്ഞന്മാരിൽവെച്ചു ശ്രേഷ്ഠനായ കൌത്സന്റെ ഈ വാക്ക കേട്ടിട്ട പിന്നേയും പറഞ്ഞു:

“ശാസ്ത്രങ്ങളുടെ കരകണ്ട ഒരാൾ ഗുൎവ്വൎത്ഥത്തിനായി രഘുവിന്റെ സമീപത്തു പോയി യാചിച്ചിട്ട് അവിടെ സാധിക്കായ്കയാൽ മറെറാരു ദാതാവിന്റെ അടുക്കലേക്കു പോകേണ്ടിവന്നുവെന്നുള്ള ഒരു പുതുതായ അപവാദം എനിക്കുണ്ടാവാൻ ഇടയാവരുത്. മാന്യനായ അങ്ങുന്ന്, പ്രസിദ്ധവും പൂജിതവുമായ എന്റെ അഗ്നിശാലയിൽ നാലാമത്തെ അഗ്നി* എന്നപോലെ രണ്ടു മൂന്നു ദിവസം താമസിച്ചു കഴിച്ചുകൂട്ടിയാൽ കൊള്ളാം.

* ഗാൎഹപത്യം, ആഹവനീയം, ദക്ഷിണം എന്നു മൂന്നഗ്നികൾ അഗ്നിശാലയിലുണ്ടല്ലൊ.

ഞാൻ അങ്ങയുടെ കാൎയ്യസിദ്ധിക്കായി യത്നിച്ചു നോക്കട്ടെ.”

കൌത്സൻ രഘുവിൻെറ പ്രതിജ്ഞ സഫലമാകുമെന്ന സന്തുഷ്ടിയോടെ ‘അപ്രകാരമാകട്ടെ’ എന്നു സമ്മതിച്ചു. രഘു ഭൂമിയെ ധനശൂന്യയായി കണ്ടിട്ട് വൈശ്രവണങ്കൽനിന്നു ധനത്തെ ബലാല്ക്കാരമായി ഗ്രഹിപ്പാൻ ഇച്ഛിച്ചു. വസിഷ്ഠമഹൎഷിയുടെ മന്ത്രോക്ഷണത്തിൻെറ പ്രഭാവംകൊണ്ട്, വായുവിൻെറ സഹായത്തോടുകൂടിയ മേഘത്തിൻെറ ഗതി എന്നപോലെ, സമുദ്രത്തിലും ആകാശത്തിലും പൎവ്വതങ്ങളിലും രഘുവിൻെറ തേരിനുള്ള ഗതി ആരാലും മുടക്കുവാൻ സാധിക്കുന്നതല്ലായിരുന്നു. അന്നുതന്നെ സന്ധ്യയായപ്പോൾ, ശുദ്ധനും ധീരനുമായ രഘു കൈലാസനാഥനായ വൈശ്രവണനെ ഒരു സാമന്തരാജാവെന്നു സങ്കല്പിച്ച് ബലംകൊണ്ടു ജയിക്കാമെന്നു തീൎച്ചയാക്കി ആയുധങ്ങളെല്ലാം എടുത്തുവെച്ചു കെട്ടിപ്പൂട്ടിയ രഥത്തിൽ കയറിക്കിടന്നു. പ്രാതഃകാലത്തിങ്കൽ യാത്രാതല്പരനായ രഘുവിനോട്, ഭണ്ഡാഗാരത്തിൻെറ നടുവിൽ ആകാശത്തിൽനിന്നു സ്വൎണ്ണവൎഷം ഉണ്ടായെന്ന വൎത്തമാനം വിസ്മയഭരിതന്മാരായ

അധികൃതന്മാർ വന്നറിയിച്ചു. അഭിയാസ്യമാനാനായ കുബേരങ്കൽനിന്നു ലഭിച്ചതും വജ്രഭിന്നമായ സുമേരുവിന്റെ ശൃംഗംപോലെ ഇരിക്കുന്നതും ആയ ആ തിളങ്ങുന്ന സ്വർണ്ണരാശി മുഴുവൻ രഘു കൌത്സമഹർഷിക്കു ദാനം ചെയ്തു. ഗുരുദക്ഷിണയ്ക്കാവശ്യമുള്ളതിൽ അധികം തനിക്കു വേണ്ടെന്നു യാചകൻ; അധികം സ്വീകരിക്കണമെന്നു രാജാവ്; ഈ രണ്ടുപേരും അയോദ്ധ്യാവാസികൾക്കു ഒരുപോലെ അഭിനന്ദനപാത്രമായിത്തീർന്നു. അനന്തരം ആ ധനമെല്ലാം ഒട്ടകങ്ങളുടെയും പെൺകുതിരകളുടേയും പുറത്തു കയററി അയച്ച് വിനയനമ്രനായി നില്ക്കുന്ന രഘുവിനെ കൈകൊണ്ടു തലോടി സന്തുഷ്ടനായ കൌത്സമഹർഷി, പുറപ്പെട്ടുപോകുന്നതിന്നുമുമ്പായി ഇപ്രകാരം പറഞ്ഞു.

"രാജവൃത്തിയിൽ ഇരിക്കുന്ന രാജാവിന്നു ഇഷ്ടവസ്തുക്കളെ ഭൂമി പ്രസവിക്കുന്നതിൽ അത്ഭുതപ്പെടുവാനില്ല. അങ്ങയുടെ മാഹാത്മ്യമാകട്ടെ അചിന്തനീയമായിട്ടാണിരിക്കുന്നത്. എന്തെന്നാൽ അങ്ങുന്ന് ആകാശത്തിങ്കൽനിന്നും കൂടി ഇഷ്ടത്തെ സമ്പാദിക്കുന്നുണ്ട്. സർവ്വപ്രകാരേണയുള്ള ശ്രേയസ്സുകളും അങ്ങയ്ക്കു തികഞ്ഞിരിക്കുന്നതുകൊണ്ട് അന്യ

മായ ആശീവ്വാദം പുനരുക്തമായി വരാനേ തരമു ള്ളൂ. അങ്ങയുടെ അച്ഛനു സ്തുത്യഹനായ അങ്ങു ന്ന് ഏതുപ്രകാരമൊ, അതുപ്രകാരം അങ്ങയ്ക്കു് ആ ത്മഗുണാനുരൂപനായ ഒരു പുത്രൻ ഉണ്ടാവട്ടെ."

അ ജ ൻ റ ൽ പ ത്തി.

കൌത്സമഹർഷി ഇപ്രകാരം രഘുവിന്ന് ആ ശീവ്വാദം കൊടുത്തിട്ടു് ഗുരുവിൻെറ അടുക്കലേക്കു പോയി. ഈ ആശീവ്വാദം കാരണം, ജീവലോക ത്തിന്ന് ആദിത്യൻ കാരണമായി പ്രകാശമെന്ന പോലെ രഘുവിന്ന് ഉടനെ ഒരു പുത്രനും ഉണ്ടാ യി. രഘുവിൻെറ പട്ടമഹിഷി ബ്രാഹ്മമുഹൂത്ത ത്തിലാണ് സുബ്രഹ്മണ്യസദൃശനായ കുമാരനെ പ്ര സവിച്ചത്. അതുകൊണ്ടു് ആ പുത്രന്നു ബ്രഹ്മാവി ൻെറ നാമമായ അജൻ എന്ന നാമധേയമാണ് കൊടുത്തത്. നല്ല ഓജസ്സുള്ളതായ രൂപം അതു തന്നെ; വീര്യവും അതുതന്നെ; സ്വാഭാവികമായി ട്ടുള്ള ഔന്നത്യവും അതുതന്നെ. വിളക്കിൽനിന്നു കൊളുത്തിയ വിളക്കെന്നപോലെ, ഈ കുമാരൻ കാരണഭൂതനായ പിതാവിൽനിന്നു വ്യത്യാസപ്പെട്ടി രുന്നില്ല. വിധിയാംവണ്ണം ഗുരുക്കന്മാരിൽനിന്നു

വിദ്യയെല്ലാം അഭ്യസിച്ച്, യൌവനാരംഭത്താൽ വിശേഷകാന്തിയോടുകൂടിയ അജനെക്കുറിച്ച് തനിക്ക് അഭിലാഷമുണ്ടായെങ്കിലും, രാജശ്രീ ധീരയായ കന്യക പിതാവിൻെറ നിയോഗത്തെ എന്നപോലെ അച്ഛൻെറ അനുജ്ഞയെ കാത്തുനിന്നു.

## സ്വയംവരയാത്ര

അങ്ങിനെയിരിക്കുമ്പോഴാണ് സോദരിയായ ഇന്ദുമതിയുടെ സ്വയംവരത്തിന്നായി അജനെ അയച്ചാൽ കൊള്ളാമെന്നു വിദർഭരാജാവായ ഭോജൻ ആപ്തനായ ദൂതനെ അയച്ച് രഘുവിനെ അറിയിച്ചത്. വിദർഭരാജാവുമായുള്ള സംബന്ധം ശ്ലാഘ്യമാണെന്നും, പുത്രന്നു വിവാഹകാലമായെന്നും വിചാരിച്ച് രഘു അജനെ സൈന്യസമേതം സമൃദ്ധിയോടുകൂടിയ വിദർഭരാജധാനിയിലേക്കു അയച്ചു. മാർഗ്ഗമദ്ധ്യത്തിൽ കെട്ടിയുണ്ടാക്കിയിരുന്ന രാജസദനങ്ങളും, അതിലെ ഉപചാരങ്ങളും, നാട്ടുപുറങ്ങളിൽനിന്നു ജനങ്ങൾ കൊണ്ടുവന്നിരുന്ന തിരുമുൽക്കാഴ്ചകളും നിമിത്തം അജൻെറ വഴിക്കുള്ള താമസം കാട്ടിലാണെങ്കിലും ഉദ്യാനവിഹാരംപോലെ സുഖപ്രദമായിരുന്നു. ജലബിന്ദുക്കളാൽ തണുപ്പുള്ള

കാററുകൊണ്ട് ഇളക്കപ്പെടുന്ന ഉങ്ങുമരങ്ങളോടുകൂടിയ നൎമ്മദാതീരത്തിൽ, യാത്രകൊണ്ടു ക്ഷീണിച്ച് പൊടിപടലങ്ങളേററു മുഷിഞ്ഞകൊടിക്കൂറകളോടുകൂടിയ സൈന്യങ്ങളെ അജൻ കുറച്ചൊന്നു വിശ്രമിപ്പിച്ചു. അപ്പോൾ ഉപരിഭാഗത്തു പാറുന്ന വണ്ടുകൾ ഒരാന മുങ്ങിക്കിടക്കുന്നുണ്ടെന്നു മുൻകൂട്ടി അറിയിച്ചപ്രകാരം, മദജലമാലിന്യം കളഞ്ഞ് നിൎമ്മലമായ കവിൾത്തടങ്ങളോടുകൂടിയ ഒരു കാട്ടാന നൎമ്മദാനദിയിൽ നിന്നു പൊങ്ങി. ഈ കാട്ടാനയുടെ ദേഹത്തിൽ പററിയിരുന്ന ധാതുക്കൾ നിശ്ശേഷം കഴുകിപ്പോയിരുന്നുവെങ്കിലും, കറുത്ത ഊൎദ്ധ്വരേഖകളാൽ ശബളമായി കല്ലുകളിൽ തട്ടി മുനപോയ കൊമ്പുകൾ കണ്ടാൽ, ഋക്ഷവാൻ പൎവ്വതത്തിന്റെ തടത്തിൽ ഈ ഗജം ഉൽഖാതകേളി*ചെയ്യാറുണ്ടെന്നു തോന്നും. തുമ്പിക്കൈ വേഗത്തിൽ ചുരുക്കിയും, നിവിൎത്തിയും, ശബ്ദത്തോടുകൂടി വലിയ തിരമാലകളെ ഭിന്നിച്ച് തീരാഭിമുഖമായി വരുന്ന ആ കാട്ടാന ആനപ്പന്തിയുടെ (വാരി) ചുററും കെട്ടുന്ന അഴികളെ ഭഞ്ജിപ്പാനുള്ള ശ്രമം ചെയ്യുമ്പോളെന്നപോലെ

---

* ഉൽഖാതകേളി=വപ്രക്രിയ=കൊമ്പുകുത്തിക്കളി.

ശോഭിച്ചു. പർവ്വതതുല്യമായ ആ ഗജം, നദിയിലുണ്ടായിരുന്ന ചണ്ടിക്കൂട്ടങ്ങളെ മാറിടത്താൽ വലിച്ചുംകൊണ്ടു തീരത്തിൽ എത്തി. ഈ ഗജത്താൽ തള്ളപ്പെട്ട ജലരാശിയുടെ പ്രവാഹം ആനയുടെ മുമ്പായിത്തന്നെ നദിയുടെ തടത്തിൽ എത്തിയിരുന്നു. അസഹായനായ ആ കാട്ടാനയുടെ കവിൾത്തടങ്ങളിൽ ജലമജ്ജനംകൊണ്ട് അല്പം ശമിച്ച മദപ്രവാഹം അജന്റെ കൂടെയുണ്ടായിരുന്ന നാട്ടാനകളെ കണ്ടപ്പോൾ വീണ്ടും വൎദ്ധിച്ചു. ഏഴിലംപാല (സപ്തച്ഛദം)യുടെ ക്ഷീരംപോലെ സൌരഭ്യമുള്ളതും അസഹ്യമായതും ആയ ആ കാട്ടാനയുടെ മദജലത്തെ ആഘ്രാണിച്ചിട്ട് പാപ്പാന്മാരുടെ തീവ്രമായ യത്നത്തെക്കൂടി അനുസരിക്കാതെ അജന്റെ സൈന്യഗജങ്ങൾ പിന്തിരിഞ്ഞുകളഞ്ഞു. ആ കാട്ടാനയെക്കണ്ട് ഭയപ്പെട്ടു തേർക്കുതിരകൾ കെട്ടുമുറിച്ചോടി; തേരുകൾ അച്ചുതണ്ടുമുറിഞ്ഞു മറിഞ്ഞുവീണു; ഭടന്മാർ സ്ത്രീകളെ രക്ഷിപ്പാൻ ശ്രമിച്ചുതുടങ്ങി. ഇങ്ങിനെ അജന്റെ സേനകളുടെ സ്ഥിതിയെ ആ ഗജം ക്ഷണനേരംകൊണ്ടു ഇളക്കിത്തീൎത്തു. രാജാവിന്നു കാട്ടാനയെ കൊല്ലുവാൻ പാടില്ല എന്നു ധരിച്ചിട്ടുള്ള അജൻ ആ വ

രുന്ന വന്യഗജത്തെ മടക്കുവാൻവേണ്ടി ശക്തി പ്ര
യോഗിക്കാതെ ശൃംഗചാപം കുറച്ചൊന്നു വലിച്ച്
അസ്ത്രം പ്രയോഗിച്ച് അതിൻെറ മസ്തകത്തിൽ പ്ര
ഹരിച്ചു. ആപ്രഹരം തട്ടികഴിഞ്ഞപ്പോഴക്ക്, ആകാ
ട്ടാന ആനയുടെ സ്വരൂപത്തെ ഉപേക്ഷിച്ചിട്ട്, ആ
ശ്ചര്യഭരിതന്മാരായ സൈന്യങ്ങൾ കണ്ടുകൊണ്ടിരി
ക്കെ, മണ്ഡലാകാരമായ തേജസ്സിൻെറ നടുവിൽ
പ്രകാശിച്ചു നില്ക്കുന്ന ഒരു ആകാശചാരിയുടെ ശരീ
രമെടുത്തു അതിന്നുശേഷം ആ ദിവ്യപുരുഷൻ ത
ൻെറ മാഹാത്മ്യംകൊണ്ടു കല്പവൃക്ഷപുഷ്പങ്ങൾ വരു
ത്തി അവകൊണ്ട് അജൻെറ മേൽ വഷിച്ചിട്ട്, മന്ദ
ഹാസം ചെയ്യുമ്പോൾ പ്രകാശിക്കുന്ന ദന്തകാന്തി
കളാൽ അജൻെറ മാറിടത്തിലെ മുത്തുമാലയെ
അധികം ശോഭിപ്പിച്ചുകൊണ്ടു വാക്സാമത്ഥ്യ
ത്തോടെ ഇപ്രകാരം പറഞ്ഞു.

"ഞാൻ ഗന്ധൎവ്വരാജാവായ പ്രിയദൎശനൻെറ
പുത്രനായ പ്രിയംവദനാണ്. എൻെറ ഗവ്വകാര
ണം മതംഗമഹഷിയുടെ ശാപത്താൽ ഞാൻ ഗജ
മായിത്തീന്നതാണ്. പിന്നെ ആ മഹഷിയെ ഞാൻ
വണങ്ങിയപ്പോൾ അദ്ദേഹം പ്രസാദിച്ചു മൃദുസ്വ
ഭാവനായി. ജലത്തിന്നു അഗ്നിയുടേയും വെയിലി

ൻേറയും സംബന്ധംകൊണ്ടാണല്ലോ ചൂടുണ്ടാകുന്നതു്; തണുപ്പാണു് അതിൻെറ സ്വഭാവം. ‘ഇക്ഷ്വാകുവംശജനായ അജൻ എന്നാണോ ലോഹമുഖാസ്ത്രംകൊണ്ടു നിൻെറ മസ്തകത്തെ പിളക്കുന്നതു് അന്നു നീ നിൻെറ പൂവ്വരൂപത്തോടു ചേരു’മെന്നു ആ തപോനിധി എന്നോടു പറഞ്ഞു. അങ്ങയുടെ ദശനം ഞാൻ വളരെ കാലമായി പ്രാൎത്ഥിച്ചുകൊണ്ടിരിക്കുന്നതാണു്. ബലവാനായിരിക്കുന്ന അങ്ങുന്നു് എനിക്കു ശാപമോചനവും വരുത്തിത്തന്നു. ഇനി ഞാൻ അങ്ങയ്ക്കു പ്രത്യുപകാരം ചെയ്യാതെ ഇരുന്നാൽ എൻെറ സ്വസ്ഥാനപ്രാപ്തി വ്യൎത്ഥമായിപ്പോകും. അല്ലയോ സ്നേഹിതാ! പ്രയോഗം, സംഹാരം ഇതുകൾക്കു രണ്ടിന്നും വെവ്വേറെ മന്ത്രങ്ങളുള്ളതും ഗാന്ധവ്വവും സമ്മോഹനമെന്നു പ്രസിദ്ധവുമായ എൻെറ അസ്ത്രത്തെ അങ്ങു സ്വീകരിച്ചാലും. ഈ അസ്ത്രത്തിനുള്ള പ്രത്യേകഗുണം ശത്രുക്കളെ മോഹിപ്പിക്കുക മാത്രമാകകൊണ്ടു പ്രയോക്താവിന്നു ഹിംസ എന്ന ദോഷം ഉണ്ടാകുന്നില്ലെന്നു മാത്രമല്ലാ വിജയം തീച്ചയായും ഉണ്ടാവുകയും ചെയ്യും. അങ്ങു ലജ്ജിക്കേണ്ടതില്ല, അങ്ങുന്നു് എന്നെ പ്രഹരിച്ചു; ശരി. എന്നാലും ഒരു മുഹൂത്തനേരം

എന്റെ നേരെ ദയാലുവായിരുന്നുവെന്നാണു ഞാൻ വിചാരിക്കുന്നത്. അതുകാരണമായി ഇങ്ങിനെ അപേക്ഷിക്കുന്ന എന്നോടു നിഷേധരൂപമായ പാരുഷ്യം പ്രയോഗിക്കുന്നതു യോഗ്യമല്ല.''

പുരുഷശ്രേഷ്ഠനും അസ്ത്രവേദിയും ആയ അജൻ അപ്രകാരം ആവാമെന്നു സമ്മതിച്ചു. പിന്നെ ചന്ദ്രോത്ഭവയായ നർമ്മദയുടെ പവിത്രമായ ജലത്തെ ആചമിച്ചിട്ടു ഉത്തരാഭിമുഖമായിനിന്നുകൊണ്ടു, ശാപമോക്ഷം സിദ്ധിച്ച ആ ഗന്ധർവ്വങ്കൽനിന്ന് അസ്ത്രമന്ത്രത്തെ ഗ്രഹിക്കയും ചെയ്തു. ഇപ്രകാരം വഴിയിൽവെച്ചു ദൈവവശാൽ വിചാരിക്കാത്ത സഖ്യം ഉണ്ടായതിന്നുശേഷം അവരിൽ ഒരാൾ വൈശ്രവണന്റെ പുഷ്കാവിലേയ്ക്കും മറേറയാൾ സൌരാജ്യരമ്യമായ വിദർഭദേശത്തിലേയ്ക്കും പോയി. രാജധാനിയുടെ സമീപം എത്തിയ അജനെ സന്തോഷഭരിതനായ വിദർഭരാജാവ്, വർദ്ധിച്ച തിരമാലകളോടുകൂടിയ സമുദ്രം ചന്ദ്രനെ എന്നപോലെ എതിരേല്ക്കയും, വിനയത്തോടെ മുമ്പിൽ നടന്നുകൊണ്ടു രാജധാനിയുടെ അന്തർഭാഗത്തിൽ കൂട്ടിക്കൊണ്ടുപോയി പൂജിക്കയും, അവിടെ ഉണ്ടായിരുന്ന ജനങ്ങളെല്ലാം വിദർഭനെ അതിഥിയെന്നും അജ

നെ ഗൃഹാധിപതിയെന്നും സംശയിക്കത്തക്കവണ്ണം സല്ക്കരിക്കയും ചെയ്തു. രഘുവിന്റെ പ്രതിനിധിയായ അജൻ, പ്രണതന്മാരായിരിക്കുന്ന വിദൎഭന്റെ ഉദ്യോഗസ്ഥന്മാർ കാണിച്ചുകൊടുത്തതും, പുരോഭാഗത്തിങ്കൽ അലങ്കരിക്കപ്പെട്ട ഒരിടത്തു പൂൎണ്ണകുംഭം വെച്ചിട്ടുള്ളതും, മനോഹരവും, പുതിയതും ആയ രാജഗൃഹത്തെ മദനൻ യൌവനത്തെ എന്നപോലെ അലങ്കരിച്ചു.

## പ്രഭാതവൎണ്ണനം.

സ്വയംവരം കാരണമായി നാനാദേശങ്ങളിൽനിന്നും രാജാക്കന്മാരെ ആകൎഷിച്ചവളും മനോഹരയും ശ്രേഷ്ഠയുമായ ഇന്ദുമതിയെ ലഭിപ്പാൻ ഇച്ഛയോടുകൂടിയ അജന്ന്, ഭാവാവബോധത്താൽ കലുഷഹൃദയയായ ദയിതയെപ്പോലെ രാത്രിയിൽ നിദ്ര വളരെക്കഴിഞ്ഞിട്ടേ നേത്രങ്ങൾക്കു നേരെ വന്നുള്ളു. കൎണ്ണഭൂഷണങ്ങൾകൊണ്ട് അമൎക്കപ്പെട്ട പുഷ്ടിയുള്ള തോളുകളോടുകൂടിയും, വിരിച്ച വസ്ത്രത്തിൽ ഉരഞ്ഞു തൈലം മാഞ്ഞു ശിഥിലമായ കുറിക്കൂട്ടുകളോടുകൂടിയും ഇരിക്കുന്ന പ്രബോധവാനായ അജനെ സമവയസ്സുകളും ശബ്ദാൎത്ഥഭംഗിയോടെ

സംസാരിക്കുന്നവരും ആയ വന്ദികുമാരന്മാർ ഉഷസ്സിങ്കൽ സ്തുതിച്ചു പള്ളിക്കുറുപ്പുണർത്തി.

"അല്ലയോ ബുദ്ധിമാന്മാരിൽവെച്ചു ശ്രേഷ്ഠനായുള്ളോവെ! രാത്രി കഴിഞ്ഞു; എഴുനീററാലും. ബ്രഹ്മാവു ജഗത്തിൻെറ ഭാരം രണ്ടായി പകുത്തിരിക്കയാണ്. അതിൽ ഒന്ന് അങ്ങയുടെ അച്ഛൻ നിദ്രകൂടാതെ (ജാഗ്രതയോടെ) വഹിക്കുന്നു. രണ്ടാമത്തെ ഭാഗം അങ്ങുന്നാണ് വഹിക്കേണ്ടത്. നിദ്രാവശനായ ഭോഗങ്ങളുള്ള അനുരാഗത്തെപ്പോലും അപേക്ഷിക്കാത്തവളായ മഹാലക്ഷ്മി, ഈൎഷ്യാകഷായിതയായ അബലയെപ്പോലെ രാത്രിയിൽ യാവനൊരുത്തനുമായി വിനോദിച്ചിരുന്നുവോ ആ ചന്ദ്രൻ അസ്തമിക്കാറായിട്ട് അങ്ങയുടെ മുഖത്തിൻെറ കാന്തിയെ ഉപേക്ഷിക്കുന്നു. അതുകൊണ്ടു, മനോഹരമായ സമകാലത്തിലുള്ള ഉന്മിഷിതം കൊണ്ട് ഉള്ളിൽ ഇളകിയിരിക്കുന്ന കറുത്ത മിഴിയോടുകൂടിയ അങ്ങയുടെ കണ്ണും, ഉള്ളിൽ ഇളകിയിരിക്കുന്ന വണ്ടോടുകൂടിയ താമരപ്പൂവും താമസംകൂടാതെ അന്യോന്യസാദൃശ്യത്തെ പ്രാപിക്കുമാറാകട്ടെ. പ്രഭാതവായു, സ്വാഭാവികമായ അങ്ങയുടെ മുഖമാരുതൻെറ സൌരഭ്യത്തെ അന്യവസ്തുവിൽനിന്നു

ലഭിപ്പാൻ ഇച്ഛിച്ചിട്ടോ എന്നു തോന്നുംവണ്ണം ഞെട്ടിയററു നില്ക്കുന്ന പുഷ്പങ്ങളെ എടുത്തുകൊണ്ടു നടക്കുന്നു. അതുമാത്രമല്ല അരുണാംശുരിന്നമായ സരസിജങ്ങളോടുകൂടി സംസർഗ്ഗം ചെയ്യുകയും ചെയ്യുന്നു. താമ്രോദരമായ ദ്രുമപല്ലവങ്ങളിൽ വീണതും ക്ഷാളിതങ്ങളുമായ മുത്തുമണികൾപോലെ ധവളവും ആയിരിക്കുന്ന മഞ്ഞുതുള്ളി ശോഭാധിക്യംകാരണമായി, അധരോഷ്ഠത്തിൽ ദന്തരശ്മിയോടുകൂടി കാണപ്പെടുന്ന അങ്ങയുടെ ലീലാമന്ദഹാസംപോലെ ശോഭിക്കുന്നു. തേജോനിധിയായ സൂര്യൻ ഉദിക്കുന്നതിന്നു മുമ്പുതന്നെ അരുണൻ തമസ്സിനെ വേഗം നശിപ്പിക്കുന്നു. അല്ലയോ വീര! അതിൽ ആശ്ചര്യമില്ല. എന്തെന്നാൽ അങ്ങുന്നു യുദ്ധത്തിൽ പുരോഗാമിയായി നില്ക്കുമ്പോൾ അങ്ങയുടെ അച്ഛൻ ശത്രുക്കളെ താൻതന്നെ കൊല്ലാറില്ലല്ലോ. ബാലാദിത്യൻെറ രശ്മികൾ ഏല്ക്കുക കാരണമായി പവ്വതതടഭേദത്താൽ പാറിയ കാവിമണ്ണുകൊണ്ടെന്നപോലെ ശോഭിക്കുന്ന കൊമ്പുകളോടുകൂടിയ അങ്ങയുടെ ആനകൾ, രണ്ടു പാശ്വങ്ങളിലും ചരിഞ്ഞു കിടന്നു നിദ്രാലസ്യത്തെ തീത്തു ശബ്ദായമാനമായ ചങ്ങലയെ വലിച്ചുംകൊണ്ടു ശയ

നസ്ഥലത്തെ ഉപേക്ഷിക്കുന്നു. അല്ലയോ വനജാ ക്ഷ! ദീൎഘമായ പടമണ്ഡപങ്ങളിൽ കെട്ടപ്പെട്ടതും വനായുദേശങ്ങളിൽ ജനിച്ചതും ആയ ഈ കുതിര കഠം ഉറക്കമുപേക്ഷിച്ചിട്ടു മുമ്പിൽ ആസ്വദിപ്പാൻ വെച്ചുകൊടുത്തിട്ടുള്ള ഇന്തുപ്പിന്റെ കഷ്ണങ്ങളെ വാ യിലെ വുകകൊണ്ടു കറുപ്പിക്കുന്നു. വാടിയ പു ഷ്പോപഹാരങ്ങഠം രചനാഭംഗി കുറഞ്ഞവയായി ത്തിരുന്നു. വിളക്കുകഠം രശ്മിമണ്ഡലത്തിന്റെ പ്ര കാശത്തോടു വേർപെട്ടുമിരിക്കുന്നു. അത്രയുമല്ല, മഞ്ജുവാക്കായി ഈ കൂട്ടിൽ കിടക്കുന്ന തത്ത അങ്ങ യുടെ ഉണൎച്ചയ്ക്കായി ഞങ്ങഠം പറയുന്ന വാക്കിനെ ആവൎത്തിച്ചു പറയുന്നു.''

ഇപ്രകാരം വന്ദിപുത്രന്മാരുടെ വാക്കുകേട്ടു വേ ഗം ഉണൎന്ന അജൻ മദംകൊണ്ടു മധുരമായി ശ ബ്ദിക്കുന്ന അരയന്നങ്ങളാൽ ഉണൎത്തപ്പെട്ട 'സുപ്രതീ ക'മെന്ന ദിഗ്ഗജം ഗംഗയുടെ മണൽപ്രദേശത്തെ എന്നപോലെ കിടക്കയെ വിട്ടു പിരിഞ്ഞു. അതിനു ശേഷം മനോഹരമായ അക്ഷിപക്ഷ്മങ്ങളോടുകൂടിയ അജൻ ശാസ്ത്രവിധിപ്രകാരം സ്നാനാദ്യനുഷ്ഠാനങ്ങ ളൊക്കെയും കഴിഞ്ഞിട്ട് ഉചിതമായ വസ്ത്രാഡംബ രങ്ങഠം ധരിച്ചു സ്വയംവരത്തിന്നായിരിക്കുന്ന രാജാ ക്കന്മാരുടെ സഭയിലേക്കു പോയി.

# ആറാമദ്ധ്യായം.

## സ്വയംവരസഭാപ്രവേശം.

അജൻ അവിടെ തോരണാദികളെക്കൊണ്ടലങ്കരിച്ച പൎയ്യങ്കങ്ങളിൽ സിംഹാസനസ്ഥന്മാരായി, മനോജ്ഞവേഷന്മാരായി, വിമാനേശ്വാന്മാരായ ദേവകളേക്കാളും സൌഭാഗ്യത്തോടുകൂടിയവരായിരിക്കുന്ന നരലോകപാലന്മാരെ കണ്ടു. രതിയുടെ പ്രാൎത്ഥനാഫലമായി ഈശ്വരനാൽ പുനൎദ്ദത്തമായ ശരീരത്തോടുകൂടിയ കാമദേവനെന്നു തോന്നുമാറിരിക്കുന്ന കാകുൽസ്ഥനെ (അജനെ) കണ്ടിട്ടു രാജാക്കന്മാൎക്കു് ഇന്ദുമതിയിൽ ആശയില്ലാതായിത്തീൎന്നു. രാജകുമാരനായ അജൻ വിദൎഭരാജാവു കാട്ടിക്കൊടുത്ത മഞ്ചത്തിലേക്കു സുവിഹിതമായ സോപാനപഥത്തിൽക്കൂടി, സിംഹക്കുട്ടി ശിലാവിഭാഗങ്ങളിൽകൂടി പൎവ്വതാഗ്രത്തിലേക്കെന്നപോലെ ആരോഹണം ചെയ്തു. ശ്രേഷ്ഠമായ വൎണ്ണങ്ങളോടുകൂടിയ കംബളങ്ങളാൽ അലങ്കരിപ്പെട്ട രത്നസിംഹാസനത്തിൽ ഇരിക്കുന്ന അജനെ മയിലിന്റെ പൃഷ്ഠത്തിൽ ഇരിക്കുന്ന സുബ്രഹ്മണ്യനോടു കാന്തികൊണ്ടു് ഉപമിക്കാമായിരുന്നു. മേഘപങ്ക്തികളിൽ വി

ദ്ധ്യത്ത് എന്നപോലെ, ആ രാജസമൂഹങ്ങളിൽ നാ നാപ്രകാരത്തിൽ പ്രതിഫലിതമായ ശ്രീ, വലുതായ കാന്തിപടലത്താൽ ആൎക്കും നോക്കുവാൻ പാടില്ലാത്ത വിധം പ്രകാശിച്ചു. ഉൽകൃഷ്ടമായ ആഡംബരങ്ങളോടുകൂടി മഹനീയങ്ങളായ സിംഹാസനങ്ങളിൽ ഇരിക്കുന്ന ആ രാജാക്കന്മാരുടെ ഇടയിൽ, കല്പദ്രുമങ്ങളുടെ കൂട്ടത്തിൽ പാരിജാതമെന്നപോലെ രഘുവിന്റെ പുത്രൻ അധികമായി ശോഭിച്ചു. പൂത്തു നില്ക്കുന്ന വൃക്ഷങ്ങളെ ത്യജിച്ചു മദം ഇളകിയ കാട്ടാനയുടെ മേൽ വണ്ടുകളെന്നപോലെ പൌരജനങ്ങളുടെ കൺനിരകൾ എല്ലാ രാജാക്കന്മാരേയും ഉപേക്ഷിച്ച് അജന്റെ മേൽ പതിഞ്ഞു. ഇതിന്നുശേഷം വംശവേദികളായ വൈതാളികന്മാർ സോമസൂൎയ്യവംശങ്ങളിൽ ജനിച്ച രാജാക്കന്മാരെ സ്തുതിപ്പാൻ തുടങ്ങി. ചന്ദനധൂപങ്ങൾ രാജാക്കന്മാരുടെ കൊടിക്കുറകളിൽ വ്യാപിച്ചു. രാജധാനിയുടെ സമീപത്തുള്ള ഉദ്യാനത്തിൽ പാൎക്കുന്ന മൈലുകൾ മദിച്ച് ആട്ടം തുടങ്ങുന്നതിന്നു കാരണമായ മംഗളതൂൎയ്യഘോഷം ശംഖധ്വനിയോടിടചേൎന്നു ദിക്കുകളിലെല്ലാം മുഴങ്ങി. അപ്പോൾ പരിവാരങ്ങളോടുകൂടിയ പല്ലക്കിൽ കയറി വിവാഹോചിതങ്ങളായ

വേഷങ്ങളെ ധരിച്ചു സ്വയംവരണാൎത്ഥിനിയായ കന്യക മഞ്ചങ്ങളുടെ മദ്ധ്യത്തിൽകൂടിയുള്ള രാജമാൎഗ്ഗത്തിൽ എത്തി.

## രാജാക്കന്മാരുടെ ചേഷ്ടകൾ.

നേത്രശതൈകലക്ഷ്യമായി കന്യാരൂപമായ ബ്രഹ്മാവിന്റെ ആ സൃഷ്ടിവിശേഷത്തിൽ രാജാക്കന്മാരുടെ അന്തഃകരണങ്ങൾ പതിയുകയാൽ ആസനങ്ങളിൽ അവർ ദേഹംകൊണ്ടുമാത്രം സ്ഥിതന്മാരായിത്തീൎന്നു. ഇന്ദുമതിയെക്കണ്ടിട്ടു വ്യക്തമായ മനോരഥത്തോടുകൂടിയ രാജാക്കന്മാൎക്ക വൃക്ഷങ്ങൾക്ക പ്രവാളശോഭ എന്നപോലെ പ്രണയത്തിന്റെ ദൂത്യം വഹിക്കുന്ന വിധത്തിലുള്ള പലവിധം ശൃംഗാരചേഷ്ടകൾ ഉണ്ടായി. ഒരു രാജാവു രണ്ടു കൈകൊണ്ടും ഞെട്ടിപിടിച്ചുംകൊണ്ട് ഇളകുന്ന ഇതളുകളാൽ വണ്ടുകളെ അകററികൊണ്ടും രജസ്സുകൊണ്ട് അകത്തു പരിവേഷമുണ്ടാക്കിയും ക്രീഡാകമലത്തെ തിരിച്ചു. കാമുകനായ മറെറാരു രാജാവു മനോഹരമായ തന്റെ മുഖംതിരിച്ചു, ചുമലിൽനിന്നു കിഴിഞ്ഞ രത്നം പതിച്ചിട്ടുള്ള തോൾവളയിൽ ചെന്നുമുട്ടിയ മാലയെ യഥാസ്ഥാനം ആക്കി. മറെറാ

രു രാജാവു തന്റെ നേത്രശോഭയെ അല്പം സമാവ
ൎജ്ജിച്ചിട്ട്, കാലിന്റെ അഗ്രാംഗുലിയെ അല്പം മട
ക്കി സ്വൎണ്ണംകൊണ്ടുണ്ടാക്കിയ പാദപീഠത്തിന്മേൽ,
നഖത്തിന്റെ പ്രഭയെ പരത്തത്തക്കവണ്ണം വിരൽ
കൊണ്ടു വരച്ചു. മറെറാരുരാജാവു പീഠത്തിന്റെ ഒരു
വശം ഇടത്തെ കയ്യിന്മേൽ താങ്ങിയിരുന്നു് അല്പം
ഉയൎന്ന ചുമലോടും കഴുത്തിന്റെ പുറം തിരിഞ്ഞ
പ്പോൾ ഭിന്നമായ മുത്തുമാലയോടുംകൂടി, അടുക്കെ
ഇരിക്കുന്ന ഒരു സുഹൃത്തുമായി സംഭാഷണം ചെ
യ്യാൻ തുടങ്ങി. വിലാസിനികൾ കൎണ്ണാഭരണമാക്കു
ന്നതും, മഞ്ഞവൎണ്ണത്തോടുകൂടിയതുമായ കേതകപു
ഷ്പത്തെ വേറെ ഒരു രാജാവു ദയിതാനിതംബന്യാസ
യോഗ്യമായ നഖാഗ്രംകൊണ്ടു പിളൎന്നു. മറെറാരു
രാജാവു ധ്വജരേഖകളോടുകൂടി, താമരപ്പൂവിന്റെ
ഉള്ളുപോലെ തുടുത്തിരിക്കുന്ന കൈകൊണ്ടു രത്നഖ
ചിതമായ മോതിരങ്ങളുടെ പ്രഭയേററ ചൂതുകരുക്ക
ളെ നിരത്തി. മറെറാരു രാജാവു, തന്റെ കിരീടം
സ്വസ്ഥാനത്തുതന്നെ ഇരിക്കുന്നുണ്ടെങ്കിലും സ്ഥാന
ത്തുനിന്നിളകി എന്ന ഭാവത്തിൽ വിരലുകളുടെ ഇ
ടയിൽകൂടി വജ്രമണികളുടെ പ്രഭ തിളങ്ങുംവണ്ണം
ഒരു കരത്തെ കിരീടത്തിങ്കൽ വ്യാപരിപ്പിച്ചു.

## സുനന്ദാവചനം.

അനന്തരം എല്ലാ രാജാക്കന്മാരുടേയും വൃത്താന്തത്തെ അറിയുന്നവളും പുരുഷന്മാരെപ്പോലെ സാമൎത്ഥ്യമുള്ളവളും വാതിൽ കാക്കുന്നവളുമായ സുനന്ദ രാജകുമാരിയെ ആദ്യം മഗധരാജാവിന്റെ അടുക്കൽ കൊണ്ടുപോയിട്ടു് ഇങ്ങിനെ പറഞ്ഞു.

“ശരണാഗതന്മാരുടെ രക്ഷിതാവായി, ഗംഭീരസ്വഭാവനായി, പ്രജാരഞ്ജനയിൽ കേൾവിപ്പെട്ടവനായി, പരന്തപനെന്നു യഥാൎത്ഥനാമമാവായിരിക്കുന്ന ഇദ്ദേഹം മഗധരാജാവാണു്. മററു രാജാക്കന്മാർ എത്രയോ ആയിരം ഉണ്ടെങ്കിലും, ഭൂമിയിൽ ഇദ്ദേഹം ഒരാൾ മാത്രമേ ഒരു നല്ല രാജാവുള്ളുവെന്നാണു പറയേണ്ടതു്. നക്ഷത്രങ്ങളും താരകളും ഗ്രഹങ്ങളും നിറഞ്ഞിരിക്കുന്നതാണെങ്കിലും ചന്ദ്രനില്ലെങ്കിൽ രാത്രി വെളിച്ചമുള്ളതാകുന്നില്ലല്ലോ. ഈ രാജാവു് അവിച്ഛിന്നമായി യാഗങ്ങൾ അനുഷ്ഠിച്ചു്, എപ്പോഴും ദേവേന്ദ്രനെ വിളിച്ചുവരുത്തിക്കൊണ്ടേയിരിക്കും. ഇതു കാരണം വിരഹിണിയായ ശചീദേവിയുടെ വിളറിയ ഗണ്ഡപ്രദേശത്തു തൂങ്ങിക്കിടക്കുന്ന കുറുനിരകളിൽ വളരെക്കാലം മന്ദാരപുഷ്പങ്ങൾ ചൂടുവാൻ ഇടവന്നില്ല. വരി

ക്കപ്പെട്ടവാൻ യോഗ്യനായ ഇദ്ദേഹം പാണിഗ്രഹണം ചെയ്യുന്നതിനെ നീ ഇഷ്ടപ്പെടുന്നുവെങ്കിൽ, ഇദ്ദേഹത്തോടുകൂടി പുഷ്പപുരത്തിൽ (പാടലീപുത്രനഗരത്തിൽ) പ്രവേശിക്കുമ്പോൾ അവിടുത്തെ പ്രാസാദങ്ങളുടെ ജാലകങ്ങളിലിരിക്കുന്ന അംഗനമാക്കു നീ നേത്രോത്സവമായിത്തീരും."

സുനന്ദ ഇപ്രകാരം പറഞ്ഞപ്പോൾ തന്വംഗിയായ ഇന്ദുമതി ഒന്നും സംസാരിക്കാതെ ദൂർവ്വാംകമധൂകമാലയാടത്തക്കവിധം ശിരഃകമ്പംകൊണ്ടു നമിച്ചിട്ട് മഗധരാജാവിനെ ഉപേക്ഷിച്ചു. കാററിനാൽ ഉണ്ടാക്കപ്പെട്ട മാനസസരസ്സിലെ തരംഗരേഖ ഒരു ഹംസിയെ ഒരു താമരപ്പൂവ്വിൽനിന്നു മററൊന്നിലേക്ക് എങ്ങിനെ കൊണ്ടുപോകുന്നുവൊ അതുപോലെ, സുവർണ്ണദണ്ഡത്തെ പിടിച്ചിട്ടുള്ള ദൌവാരികിയായ സുനന്ദ, രാജസുതയെ മററൊരു രാജാവിന്റെ അടുക്കലേക്കാനയിച്ചു. എന്നിട്ടിപ്രകാരം പറഞ്ഞു:—

"ഇദ്ദേഹം അംഗരാജാവാണ്; ദേവസ്ത്രീകൾപോലും കാമിക്കുന്ന താരുണ്യസമ്പത്തോടുകൂടിയവനാണ്. മാതംഗശാസ്ത്രകർത്താക്കളാണ് ഇദ്ദേഹത്തിന്റെ ആനകളെ പാലിക്കുന്നത്. ഭൂമിയിലാ

ണെങ്കിലും ഇദ്ദേഹം ഇന്ദ്രപദത്തെയാണു് അനുഭോഗിക്കുന്നതു്. ഇദ്ദേഹം ശത്രുവിലാസിനിമാരുടെ സ്തനങ്ങളിൽ ഉണ്ടായിരുന്ന മുത്തുമാലകളെ നീക്കി ആ സ്ഥാനത്തു് അവരുടെ ബാഷ്പകണങ്ങളാകുന്ന ചരടില്ലാത്ത മുത്തുമാലകൾ സമ്മാനിക്കുകയാണു ചെയ്തതു്. സ്വഭാവേന പരസ്പരവിരോധത്തോടുകൂടിയ സരസ്വതിയും ലക്ഷ്മിയും ഇദ്ദേഹത്തിങ്കൽ ഒരുമിച്ചു പാൎക്കുന്നു. സത്യപ്രിയമായ വാക്കുകൊണ്ടും കാന്തികൊണ്ടും അവൎക്കു മൂന്നാമത്തവളായിരിക്കുവാൻ, ഹേ കല്യാണി! നീ തന്നെയാണു് യോഗ്യത തികഞ്ഞവൾ".

അപ്പോൾ കന്യക അംഗരാജങ്കൽനിന്നു കണ്ണെടുത്തു് തന്റെ സഖിയോടു 'പോവുക' എന്നു പറഞ്ഞു. അദ്ദേഹം കാമ്യനല്ലായ്കയാലല്ല, അവൾക്കു നല്ലവണ്ണം നോക്കി കാണ്മാൻ കഴിയാഞ്ഞിട്ടുമല്ല. ലോകം ഭിന്നരുചിയാണല്ലോ. അതിന്നുശേഷം പ്രതിഹാരരക്ഷിയായ സുനന്ദ, ശത്രുക്കൾക്കു് ആക്രമിക്കാൻ കഴിയാത്തവനും ഉദിച്ചുയൎന്ന ചന്ദ്രനെപ്പോലെ കാന്തിമാനും ആയ മറെറാരു രാജാവിനെ ഇന്ദുമതിക്കു കാണിച്ചുകൊടുത്തു.

"ഇദ്ദേഹം അവന്തിനാഥനാണു്. കൈകൾ

നീണ്ടും, മാർ വിരിഞ്ഞും, അര കടുങ്ങിയും ഇരിക്കുന്ന ഇദ്ദേഹം, ത്വഷ്ടാവിനാൽ ചാണക്കല്ലിന്മേൽ കയററി പണിപ്പെട്ടു ചാണയ്ക്കു വെച്ചുടക്കപ്പെട്ട സൂര്യദേവനൊ എന്നു തോന്നുംവണ്ണം ശോഭിക്കുന്നു. ശക്തിത്രയസമ്പന്നനായ ഇദ്ദേഹത്തിന്റെ യാത്രകളിൽ, അഗ്രഗാമികളായ കുതിരകളാൽ പുറപ്പെടുവിക്കപ്പെട്ട പൊടിപടലങ്ങൾ സാമന്തരാജാക്കന്മാരുടെ കിരീടങ്ങളുടെ പ്രഭകളെ നാശിപ്പിക്കുന്നു. മഹാകാളക്ഷേത്രസ്ഥനായ ചന്ദ്രമൌലിയുടെ സമീപത്തിങ്കൽ പാക്കുന്ന ഇദ്ദേഹം കറുത്ത പക്ഷത്തിൽ പോലും പ്രിയമാരോടുകൂടി നിലാവുള്ള രാത്രിയുടെ പ്രഥമയാമങ്ങളെ അനുഭവിക്കുന്നു. അല്ലയോ രംഭോരു! യുവാവായ ഈ രാജാവിനോടുകൂടി സിപ്രാനദിയിൽ കൂടി വരുന്ന കാറേററ് ഇളകിക്കൊണ്ടിരിക്കുന്ന ഉദ്യാനസമൂഹങ്ങളിൽ കളിപ്പാനായിക്കൊണ്ടു നിന്റെ മനസ്സിൽ ആഗ്രഹമുണ്ടോ?”

ബന്ധുക്കളാകുന്ന താമരപ്പൂക്കളെ സന്തോഷിപ്പിക്കുന്നവനും പ്രതാപംകൊണ്ടു ശത്രുക്കളാകുന്ന പങ്കങ്ങളെ ശോഷിപ്പിക്കുന്നവനും ആയ അവങ്കൽ, സൂര്യങ്കൽ ആമ്പലെന്നപോലെ സൌകുമാര്യമേറി

യ അവൾ ഭാവബന്ധം ചെയ്തില്ല. പിന്നെ സുനന്ദ താമരപ്പൂവിൻെറ ഉള്ളുപോലെ ശോഭിക്കുന്നവളും, സൎവ്വഗുണസമ്പന്നയും, ബ്രഹ്മാവിൻെറ ലളിതസൃഷ്ടിയും, സുന്ദരിയും ആയ ഇന്ദുമതിയെ അനൂപരാജാവിൻെറ മുമ്പാകെ കൊണ്ടുപോയിട്ടു്, ഇപ്രകാരം പറഞ്ഞു:—

"യുദ്ധത്തിൽ സുഖത്തെ അനുഭവിപ്പാനുതകുന്ന സഹസ്രം ബാഹുക്കൾ ഉള്ളവനും, പതിനെട്ടു ദ്വീപങ്ങളിലും യജ്ഞസ്തംഭം നാട്ടിയവനും, അനന്യസാധാരണമായ രാജശബ്ദത്തോടുകൂടിയവനും യോഗിയും ആയി കാൎത്തവീൎയ്യൻ എന്ന ഒരു രാജാവുണ്ടായിരുന്നു. ശാസിതാവായ അദ്ദേഹം പ്രജകളിൽ ആരെങ്കിലും വല്ല അകാൎയ്യവും ചെയ്യേണമെന്നു വിചാരിക്കുമ്പോഴെക്കുതന്നെ ചാപവും ധരിച്ചു് അവരുടെ മുമ്പിൽ പ്രത്യക്ഷമായി, അവരുടെ അന്തഃകരണങ്ങളിലുള്ള അവിനയത്തെക്കൂടി നിരാകരിച്ചിരുന്നു. ദേവേന്ദ്രനെ ജയിച്ച ലങ്കേശ്വരനായ രാവണൻ, വിൽഞാണുകൊണ്ടുള്ള കെട്ടാൽ കയ്യനക്കാൻ വയ്യാതേയും ദീൎഘശ്വാസം വലിക്കുന്ന പത്തു മുഖങ്ങളോടുകൂടിയും, അദ്ദേഹത്തിന്നു പ്രസാദമാകുന്നതുവരെ കാരാഗൃഹത്തിൽ കിടക്കേണ്ടി വ

ന്നു. അദ്ദേഹത്തിന്റെ വംശത്തിലാണ് ഇതൊനവൃദ്ധസേവിയായി പ്രതീപനെന്നു പ്രസിദ്ധനായ ഈ രാജാവുണ്ടായത്. ഇദ്ദേഹമാണ് ശ്രീഭഗവതി അസ്ഥിരയാണെന്നുള്ള ഉറച്ച അപവാദത്തെ തീരെ ഇല്ലാതാക്കിയത്. ഇദ്ദേഹം യുദ്ധത്തിങ്കൽ അഗ്നിഭഗവാനെ സഹായമാക്കി വെച്ചിട്ട്, ക്ഷത്രിയക്ക കാളരാത്രിയായി, മൂച്ച്യുള്ളതായ പരശുരാമന്റെ മഴമുനയെ താമരയിതളുപോലെ നിസ്സാരമായി കരുതുന്നു. മാഹിഷ്മതിയുടെ പ്രാകാരമാകുന്ന നിതംബത്തിങ്കൽ കാഞ്ചിപോലെ ശോഭിക്കുന്നതും ജലപ്രവാഹംകൊണ്ടു മനോഹരവും ആയ നർമ്മദാനദിയെ പ്രാസാദജാലകങ്ങളിൽ കൂടി നോക്കി കാണേണമെന്നു മോഹമുണ്ടെങ്കിൽ നീ ഇദ്ദേഹത്തിന്റെ അങ്കലക്ഷ്മിയായിരുന്നാലും.''

ആ രാജാവ് ഏററവും പ്രിയദശനനായിരുന്നുവെങ്കിലും അദ്ദേഹത്തിൽ അവൾക്കു രുചി തോന്നിയില്ല. ശരൽക്കാലത്തു കാർമേഘങ്ങളാകുന്ന മറവു നീങ്ങി പൂർണ്ണകലനായിരിക്കുന്ന ചന്ദ്രൻ നളിനിക്കു രുചിക്കയില്ലല്ലോ. അനന്തരം അന്തഃപുരത്തെ രക്ഷിക്കുന്നവളായ സുനന്ദ ആ കുമാരിയെ ലോകാന്തരങ്ങളിൽ വ്യാപിച്ച കീത്തിയുള്ളവനും ആചാരം

കൊണ്ടു് വിശുദ്ധമായ ഉഭയവംശത്തിന്നലംകാരഭൂ
തനും ശൂരസേനാധിപനും ആയ സുഷേണനെന്ന അ
ഭിമുഖമാക്കി നിൎത്തീട്ടു് ഇപ്രകാരം പറഞ്ഞു:—

"യാഗശീലനായ ഈ രാജാവു നീപവംശ്യ
നാണു്. ശാന്തമായ സിദ്ധാശ്രമത്തെ പ്രാപിച്ച
വൈരികളായ സത്വങ്ങൾ എന്നപോലെ വിരുദ്ധ
ങ്ങളായ ഗുണങ്ങൾ ഇദ്ദേഹത്തെ ആശ്രയിച്ചു സ്വാ
ഭാവികമായിട്ടുള്ള പരസ്പരവിരോധത്തെ പരിത്യജി
ച്ചിരിക്കുന്നു. ഇദ്ദേഹത്തിൻെറ ദേഹത്തിൽ ചന്ദ്രിക
പോലെ നയനാഭിരാമമായ കാന്തി കളിയാടുന്നു
ണ്ടു്. മാളികമുകളിൽ പുല്ലു മുളച്ചു കിടക്കുന്ന ശത്രു
രാജാക്കന്മാരുടെ ഗൃഹങ്ങളിൽ അസഹ്യമായ ഇദ്ദേ
ഹത്തിൻെറ തേജസ്സു കുടികൊണ്ടിരിക്കുന്നു. ഇദ്ദേഹ
ത്തിൻെറ അന്തഃപുരസ്ത്രീജനങ്ങൾ കാളിന്ദിയിൽ ജ
ലക്രീഡ ചെയ്യുമ്പോൾ സ്തനങ്ങളിലുള്ള ചന്ദനം പ്ര
ക്ഷാളനംചെയ്യുകയാൽ ആ നദി മഥുരയിലുള്ള
താണെങ്കിലും, അതിലെ ജലം ഗംഗാതരംഗങ്ങ
ളോടുകൂടി ചേൎന്നപോലെ ധവളമായി ശോഭിക്കുന്നു.
ഹേ സുന്ദരി! യുവാവായ ഇദ്ദേഹത്തെ ഭൎത്താവായി
പരിഗ്രഹിച്ചാലും. എന്നാൽ ചൈത്രരഥത്തിൽനി
ന്നു് (വൈശ്രവണോദ്യാനം) ഒട്ടും താണു നിൽ

ക്കറത്ത വൃന്ദാവനത്തിൽ കോമളപല്ലവങ്ങളോടുകൂടിയ പുഷ്പശയ്യയിൽ കിടന്നു നിൻെറ യൌവനശ്രീയെ അനുഭവിക്കാം. എന്നുമല്ല, വർഷാകാലങ്ങളിൽ കാന്തിയുള്ള ഗോവർദ്ധനഗുഹകളിൽ ജലകണങ്ങളെക്കൊണ്ടു നനഞ്ഞിരിക്കുന്നതും കന്മദത്തിൻെറ വാസനയുള്ളതും ആയ പാറകളിന്മേലിരുന്നു മയിലുകളുടെ നൃത്തം കാണുകയും ചെയ്യാം."

സാഗരഗാമിനിയായിരിക്കുന്ന നദി മാൎഗ്ഗമദ്ധ്യത്തിൽ പ്രാപ്തമായിരിക്കുന്ന പൎവ്വതത്തെ എന്നപോലെ ചുഴിപോലെ മനോഹരമായ നാഭിയോടുകൂടിയവളും, അന്യവധു ആവാൻ പോകുന്നവളും ആയ അവൾ ആ രാജാവിനെ വിട്ടു മാറിപ്പോയി. അനന്തരം സുനന്ദ, തോൾവളകൾ അണിഞ്ഞവനും, ശത്രുപക്ഷത്തെ തോല്പിച്ചവനും കലിംഗരാജാവുമായ ഹേമാംഗദൻെറ സമീപത്തു ചെന്നെത്തിയ പൂൎണ്ണചന്ദ്രമുഖിയായ ഇന്ദുമതിയോട് ഇപ്രകാരം പറഞ്ഞു.

"മഹേന്ദ്രപൎവ്വതംപോലെ ബലവാനായ ഇദ്ദേഹം ആ പൎവ്വതത്തിൻേറയും മഹാസമുദ്രത്തിൻേറയും നാഥനാണ്. ഇദ്ദേഹത്തിൻെറ യുദ്ധയാത്രകളിൽ മദംപൊട്ടിയ പടയാനകൾ എന്ന വ്യാജേ

ന, മഹേന്ദ്രപർവ്വതം തന്നെ അകമ്പടി പോകുന്നു വോ എന്നു തോന്നും. വില്ലാളികളിൽ മുമ്പനും, ക യ്യൂക്കുള്ളവനും ആയ ഇദ്ദേഹത്തിന്നു രണ്ടുകൈകളി ലും ഞാൺതഴമ്പുണ്ട്. അവ കണ്ടാൽ തടവുകാരാ ക്കി പിടിക്കപ്പെട്ട ശത്രുസ്ത്രീകളുടെ കണ്ണിൽ നിന്ന് അഞ്ജനമലിഞ്ഞൊഴുകിയ കണ്ണീരാൽ ഉണ്ടായ പാ ടുകളാണൊ എന്നു തോന്നും. തന്റെ രാജധാനി യിൽ കിടന്നുറങ്ങുന്ന ഇദ്ദേഹത്തെ ഗംഭീരമായ ഇര മ്പത്താൽ പ്രഭാതതൂര്യ്യധ്വനിയെ കേൾക്കാതാക്ക ന്നതും, മാളികമുകളിലെ വാതായനങ്ങളിൽക്കൂടി നോക്കിക്കാണാവുന്ന തിരമാലകളോടുകൂടിയതും ആയ സമുദ്രംതന്നെ ഉണത്തുന്നു. നീ ഇദ്ദേഹ ത്തോടുകൂടെ കരിമ്പനത്തോട്ടങ്ങളിൽ നിന്നുള്ള കള കളശബ്ദത്തോടുകൂടിയ കടൽക്കരകളിൽ, ദ്വീപാന്ത രങ്ങളിൽനിന്നു ലവംഗപുഷ്പങ്ങളുടെ വാസനയോടു കൂടി വരുന്ന കാറ്റേറ്റുകൊണ്ടു ക്രീഡിച്ചാലും".

സ്പൃഹണീയമായ സൌന്ദര്യ്യമുള്ള ആ വിദ ർഭരാജസോദരി ഇപ്രകാരം സുനന്ദയാൽ പ്രലോഭി തയായെങ്കിലും, നീതിയാൽ ആകൃഷ്ടിക്കപ്പെട്ടാലും ലക്ഷ്മി ദൈവാനുകൂല്യമില്ലാത്തവനിൽനിന്ന് എന്ന പോലെ, ആ രാജാവിൽനിന്നു പിന്തിരിഞ്ഞു. അ

തിന്നശേഷം ദൌവാരികി, ഇന്ദ്രതുല്യനായ ഉരഗപുരരാജാവിന്റെ അടുത്തുചെന്നു "ഹേ ചകോരാക്ഷി! ഇതിലേ നോക്കു!" എന്നുള്ള അവതാരികയോടുകൂടി ഇന്ദുമതിയോട് ഇപ്രകാരം പറഞ്ഞു.

"ഇദ്ദേഹം പാണ്ഡ്യരാജാവാണ്. ചുമലുകളിൽക്കൂടെ തൂങ്ങിക്കിടക്കുന്ന മുത്തുമാലകളോടും, രക്തചന്ദനംകൊണ്ടുള്ള അംഗരാഗത്തോടുംകൂടിയ ഇദ്ദേഹം ഇളവെയിൽ തട്ടി രക്തവർണ്ണമായ സാനുക്കളോടും അരുവിയാറുകളോടുംകൂടിയ പർവ്വതരാജൻ എന്നപോലെ ശോഭിക്കുന്നു. ഇദ്ദേഹം അശ്വമേധം കഴിച്ച്, അവഭൃഥസ്നാനം ചെയ്തുവരുമ്പോൾ, വിന്ധ്യപർവ്വതത്തെ അടിച്ചു താഴ്ത്തിയാളും സമുദ്രത്തെ നിശ്ശേഷമെടുത്ത് ആചമിച്ചു രണ്ടാമതും മോചിച്ച ദേഹവും ആയ അഗസ്ത്യൻതന്നെ സുഖസ്നാനം ചോദിക്കുന്നവന്റെ സ്ഥാനം സ്വീകരിക്കുന്നു. ജനസ്ഥാനത്തിന് അപായം വന്നേക്കുമോ എന്നു ശങ്കിച്ചു, പണ്ടു ലങ്കാധിപതിയായ രാവണൻ ഇന്ദ്രജയത്തിനായി പുറപ്പെട്ടതു പരമേശ്വരനോട് അത്യദുർല്ലഭമായ (ബ്രഹ്മശിരസ്സെന്ന) അസ്ത്രം വാങ്ങിയ ഇദ്ദേഹത്തിനോടു സന്ധി ചെയ്തതിനുശേഷമായിരുന്നു. നീ മഹാകുലീനനായ ഇദ്ദേ

ഹത്താൽ ഭൂമിദേവി എന്നപോലെ വിധിപ്രകാരം പാണിഗ്രഹണം ചെയ്യപ്പെട്ടിട്ടു രത്നങ്ങൾ നിറഞ്ഞ അർണ്ണവമേഖലയോടുകൂടിയ ദക്ഷിണദിക്കിന്റെ സപത്നിയായി ഭവിച്ചാലും. താംബൂലവല്ലികളാൽ ചുററപ്പെട്ട പൂഗദ്രുമങ്ങളോടും, ഏലവള്ളികളാൽ ആലിംഗനം ചെയ്യപ്പെട്ട ചന്ദനമരങ്ങളോടും, തമാലദളങ്ങളെക്കൊണ്ടുള്ള മേൽവിരിപ്പോടുംകൂടിയ മലയപർവ്വതസ്ഥലികളിൽ ക്രീഡിപ്പാൻ നിനക്കു സംഗതി വരട്ടെ. ഈ നൃപൻ ഇന്ദീവരംപോലെ നീലവർണ്ണനാകുന്നു. നീ ഗോരോചനംപോലെ ഗൌരവർണ്ണയും ആണ്. നിങ്ങൾ രണ്ടുപേരുടേയും മേഘത്തിന്റെയും മിന്നൽപ്പിണരിന്റെയും എന്നപോലെ അന്യോന്യമുള്ള ശോഭയെ വർദ്ധിപ്പിക്കുമാറാകട്ടെ.''

അവളുടെ ഈ ഉപദേശത്തിന്നു, സൂര്യനെ കാണാഞ്ഞു കൂമ്പിയിരിക്കുന്ന താമരപ്പൂവിൽ ചന്ദ്രന്റെ രശ്മിക്കെന്നപോലെ, വിദർഭരാജസോദരിയുടെ മനസ്സിൽ പ്രവേശം ലഭിച്ചില്ല.

രാത്രിയിൽ സഞ്ചാരിണിയായ ദീപശിഖ രാജമാർഗ്ഗത്തിലുള്ള വെണ്മാടങ്ങളെയെന്നപോലെ പതിംവരയായ അവൾ ഏതേതു രാജാക്കന്മാരെ അ

തിക്രമിച്ചുപോയൊ, ആ രാജാക്കന്മാർ വൈവ ൎണ്ണ്യത്തെ പ്രാപിച്ചു. ആ ഇന്ദുമതി അടുക്കെ വ ന്നപ്പോൾ, രഘുകുമാരനായ അജൻ, അവൾ ത ന്നെ വരിക്കുമോ ഇല്ലയോ എന്നു സംശയിച്ചു. ആ സംശയത്തെ അദ്ദേഹത്തിൻെറ വലത്തു കൈ, കേ യൂരബന്ധസ്ഥാനത്തിനുണ്ടായ ചലനങ്ങളാൽ തീ ൎത്തു കളഞ്ഞു. ഒരു അവയവത്തിന്നും ദോഷമില്ലാ ത്ത ആ കുമാരനെ കണ്ടപ്പോൾ, കന്യക അന്യഗ മനത്തിൽനിന്നു വിമുഖിയായിത്തീൎന്നു. പ്രഫുല്ലമാ യ തേന്മാവിങ്കൽ ചെന്നാൽ പിന്നെ ഷൾപദാളി അന്യവൃക്ഷത്തെ കാംക്ഷിക്കാറില്ലല്ലോ. ചന്ദ്രനെ പ്പോലെ ലാവണ്യത്തോടുകൂടിയ ഇന്ദുമതി അജ നിൽ ചിത്തവൃത്തിയെ നിൎത്തിയതായി കണ്ടിട്ടു, സ ന്ദൎഭോചിതമായി സംസാരിപ്പാൻ വശതയുള്ള സു നന്ദ ഇപ്രകാരം സവിസ്തരമായി പറയുവാൻ തു ടങ്ങി.

"രാജാക്കന്മാരിൽവെച്ചു ശ്രേഷ്ഠനായി, ഗുണ ങ്ങളെക്കൊണ്ടു പ്രസിദ്ധനായി കകുൽസ്ഥൻ എന്നു പേരായി ഇക്ഷ്വാകുവംശത്തിൽ ഒരു രാജാവുണ്ടാ യിരുന്നു. അദ്ദേഹം വഴിക്കാണ് ശ്ലാഘ്യമായ കാ കുൽസ്ഥൻ എന്ന ശബ്ദത്തെ മഹാശയന്മാരായ ഉ

ത്തരകോസലരാജാക്കന്മാർ ധരിക്കുന്നത്. കകുൽസ്ഥൻ, യുദ്ധത്തിൽ കാളയുടെ രൂപം ധരിച്ച ദേവേന്ദ്രന്റെ പുറത്തു കയറി പരമേശ്വരനെപ്പോലെ ശോഭിച്ചുംകൊണ്ടു, ബാണങ്ങളാൽ അസുരസ്ത്രീകളുടെ ഗണ്ഡപ്രദേശങ്ങളിൽ പത്രലേഖയില്ലാതാക്കിത്തീൎത്തു. ഇന്ദ്രൻ സ്വശരീരത്തെ കൈക്കൊണ്ടപ്പോൾ, ഇദ്ദേഹം, ഐരാവതത്തെ പുറത്തു തട്ടുകകാരണം അയഞ്ഞിരിക്കുന്ന ദേവേന്ദ്രന്റെ തോൾവളയെ തന്റെ തോൾവളയാൽ ഉരസിയുംകൊണ്ടു, വജ്രപക്ഷച്ഛേദിയായ ഇന്ദ്രന്റെ അൎദ്ധാസനത്തിന്മേൽ ഇരിക്കുകയും ചെയ്തു. ആ കകുൽസ്ഥകുലത്തിന് ഒരു ദീപമായും വളരെ കീൎത്തിമാനായും ദിലീപൻ എന്ന ഒരു രാജാവുണ്ടായിരുന്നു. അദ്ദേഹം ദേവേന്ദ്രനുള്ള അസൂയകൂടാതെ കഴിപ്പാനായി ഏകോനശതക്രതുവായി യാഗം നിൎത്തി. അദ്ദേഹത്തിന്റെ ശാസനകാലത്തു, മുഗ്ദ്ധമാരായ സ്ത്രീകൾ ക്രീഡാമാൎഗ്ഗമദ്ധ്യത്തിൽ കിടന്നുറങ്ങിപ്പോയാൽ അവരുടെ വസ്ത്രങ്ങളെ കാററുപോലും ഇളക്കിയിരുന്നില്ല. എന്നിട്ടു വേണ്ടെ ആയത് അഴിപ്പാനായി ഒരാൾ കൈ നീട്ടുവാൻ? അദ്ദേഹത്തിന്റെ പുത്രനും വിശ്വജിത്ത് എന്ന യാഗം അനു

ഷിച്ചവനും ആയ രഘുവാണ് ഇപ്പോൾ അദ്ദേഹത്തിന്റെ സ്ഥാനത്തിരിക്കുന്നത്. രഘു ദിഗ്ജയം ചെയ്തു സമ്പാദിച്ച സമ്പത്തിൽ ഒരു മൺപാത്രമൊഴികെ ശേഷം മുഴുവനും ദാനം ചെയ്തുവാളാണ്. പർവ്വതങ്ങളെ അതിക്രമിച്ചും, സമുദ്രങ്ങളെ ലംഘിച്ചും, പാതാളത്തിൽ പ്രവേശിച്ചും ഇരിക്കുന്ന അദ്ദേഹത്തിന്റെ കീർത്തി ഇത്രയാണെന്നു കണക്കാക്കുവാൻ കഴിയുന്നതല്ല. സ്വർഗ്ഗനാഥനു ജയന്തൻ എന്നപോലെ, ആ രഘുവിന്ന്, ഈ കുമാരനായ അജൻ ജനിച്ചു. ഇദ്ദേഹം ചുമതലയേറിയ ഭാരത്തെ അച്ഛനോടു സദൃശമായി വഴിപോലെ ഭരിക്കുന്നു. വംശംകൊണ്ടും ലാവണ്യംകൊണ്ടും യൌവനംകൊണ്ടും, വിനയപ്രധാനങ്ങളായ മറ്റെല്ലാ ഗുണങ്ങളെക്കൊണ്ടും നീ ആത്മതുല്യനായ ഇദ്ദേഹത്തെ വരിച്ചാലും. മാണിക്യം സുവർണ്ണത്തോടു യോജിച്ചുകൂട്ടെ."

ഇന്ദുമതീസ്വയംവരം.

ഇപ്രകാരം സുനന്ദ പറഞ്ഞുകഴിഞ്ഞപ്പോൾ ഇന്ദുമതി ലജ്ജയെ അല്പം ഒതുക്കി, സന്തോഷത്താൽ തെളിഞ്ഞ കണ്ണുകൊണ്ടു, സ്വയംവരമാല കൊണ്ടെന്നപോലെ അജനെ പ്രതിഗ്രഹിച്ചു. അ

വും അധൈൎയ്യത്താൽ ആ യുവാവിങ്കലുണ്ടായ അനുരാഗബന്ധത്തെ പറവാൻ ശക്തയായില്ല. അതാകട്ടെ രോമാഞ്ചവ്യാജേന അരാളകേശിയായ അവളുടെ അംഗവല്ലിയെ ഭേദിച്ചു പുറത്തേക്കു നിൎഗ്ഗമിച്ചു. ആ നിലയായ സഖിയോടു വേത്രധാരിണിയായ സുനന്ദ "ആൎയ്യേ! നമുക്കിനി മറ്റൊരേടത്തു പോവുക" എന്നിങ്ങിനെ പരിഹാസപൂൎവ്വം പറഞ്ഞു. അപ്പോൾ കന്യക അവളെ അസൂയയോടെ ഒന്നു നോക്കി. കരഭോരുവായ ഇന്ദുമതി രാജകുമാരന്റെ കണ്ഠത്തിങ്കൽ ചൂൎണ്ണഗൌരവും, മൂൎത്തിമത്തായ അനുരാഗമോ എന്നു തോന്നുമാറു ശോഭിക്കുന്നതുമായ മാലയെ സഖിയുടെ കൈകളെക്കൊണ്ടു സ്ഥാനം തെറ്റാതെ അണിയിച്ചു. വരേണ്യനായ അജൻ, മംഗളപുഷ്പങ്ങളെക്കൊണ്ടു കെട്ടിയുണ്ടാക്കിയ ആ മാല വിരിഞ്ഞ മാറിൽ വീണപ്പോൾ വിദൎഭരാജാവിന്റെ സോദരി കണ്ഠത്തിങ്കൽ ആലിംഗനം ചെയ്യുന്നുണ്ടെന്നുതന്നെ വിചാരിച്ചു.

"ഇതാ കൌമുദി മേഘമുക്തനായ ചന്ദ്രനെ പ്രാപ്തയായി. ' ഗംഗ അനുരൂപനായ സമുദ്രത്തിൽ അവതീൎണ്ണയായി."

എന്നിങ്ങിനെ അവിടെ കൂടിയ പൌരന്മാരൊക്കെയും തുല്യഗുണന്മാരായ വധൂവരന്മാരുടെ ചേൎച്ചയാൽ സന്തുഷ്ടന്മാരായിട്ടു മറ്റു രാജാക്കന്മാൎക്കു കൎണ്ണശൂലമായ ഒരേ വാക്യത്തെ ഉച്ചരിച്ചു. ഒരിടത്തു വരന്റെ പക്ഷക്കാർ തെളിഞ്ഞും മറ്റൊരിടത്ത് ഇതരപക്ഷക്കാർ മങ്ങിയും ഇരിക്കുന്ന ആ രാജസമൂഹം പ്രഭാതത്തിൽ പത്മങ്ങൾ വിടൎന്നും ആമ്പലുകൾ കൂമ്പിയും ഇരിക്കുന്ന പൊയ്കയോടു തുല്യമായിത്തീൎന്നു.

# പദാൎത്ഥവിവരണം.

ഭാഗം. 1. ആദിത്യങ്കൽനിന്നുത്ഭവിച്ച വംശം= വൈവസ്വതമനു ആദിത്യന്റെ പുത്രനാകയാൽ ആ മനുവിന്റെ കുലമായ രഘുവംശം സൂൎയ്യവംശമാകുന്നു.

,, 6. പ്രഥിതമായ പദ്ധതി=നടന്ന വഴി; പണ്ടെയ്ക്കുപണ്ടേ ആചരിച്ചുവരുന്ന നടവടി.

,, 8. പുരുഷാൎത്ഥം=ധൎമ്മം, അൎത്ഥം, കാമം, മോക്ഷം എന്നു നാല്. ദിലീപന്റെ അൎത്ഥകാമങ്ങളും പരാൎത്ഥമാകയാൽ അവകൂടി അദ്ദേഹത്തിന്നു ധൎമ്മമായി എന്നു ഭാവം.

,, 9 ദക്ഷിണ=കൎമ്മാവസാനത്തിൽ കൎമ്മികൾക്കു കൊടുക്കുന്ന ധനം.

,, 11. ഷഡ്ജസ്വരം = സപ്തസ്വരങ്ങളിൽ ആദ്യത്തേതായ 'സ' എന്ന സ്വരം.
കേകാരവം=മയിലിന്റെ ശബ്ദം.

,, 14. അഗ്നിപ്രണയനം=അഗ്നിഹോത്രത്തിന്നുമുമ്പായി ചെയ്യുന്ന ഒരു അഗ്നി

൧ാം ഗം സംസ്കാരം. അരുന്ധതി=വസിഷ്ഠ
പത്നി. പാതിവ്രത്യത്തിൽ അ
രുന്ധതി കേൾവിപ്പെട്ടിരിക്കുന്നു.
സ്വാഹാ=അഗ്നിയുടെ ഭാൎയ്യ.

,, 19. കാമധേനു=കാമങ്ങളെ (ആഗ്രഹിക്കു
ന്ന വസ്തുക്കളെ) കൊടുക്കുന്ന പ
ശു; ഈ പശു ദക്ഷപ്രജാപതിയു
ടെ മകളാണ്.

,, 23. സൂനൃതവാക്ക് = സത്യമായും പ്രിയ
മായും സംസാരിക്കുന്നവൻ. കല്പ
ശാസ്ത്രം=കൎമ്മാനുഷ്ഠാനങ്ങളെ വി
ധിക്കുന്ന ഒരു ശാസ്ത്രം.

,, 25. മണ്ഡലേശ്വരൻ=അനേകം രാജ്യങ്ങ
ളെ കീഴടക്കി ഭരിക്കുന്ന രാജാവ്.

,, 28. ആസ്തിക്യബുദ്ധി=വിശ്വാസം; ശ്രദ്ധ.
അക്ഷതപാത്രം=അരിയും നെല്ലും
നിറച്ച പാത്രം.

,, 33. സുബ്രഹ്മണ്യൻ=താരകാസുരനെ കൊ
ല്ലുവാനായി ദേവകളുടെ അപേ
ക്ഷപ്രകാരം ശിവനു പാൎവ്വതി
യിൽ ഉണ്ടായ പുത്രൻ; ദേവസേ
നകളുടെ നാഥൻ.

,, 35. ആധാനം=ഒരു അഗ്നിസംസ്കാരം.
അഗ്നികാൎയ്യം=ഹോമാദികൾ.

ഭാഗം 37. കല്യാണപരമ്പരകൾ=മേൽക്കുമേൽ വരുന്ന ശുഭങ്ങൾ. ഉജ്ജ്വലം= ശക്തിയുള്ളത്.

" 40. "സംബന്ധമാഭാഷണപൂൎവ്വം" = ഒരാൾക്കു മറ്റൊരാളോടുള്ള സംബന്ധം (ബന്ധുത്വം) അന്യോന്യസംഭാഷണംകൊണ്ടാണുണ്ടാവുന്നതു. വിദ്യാധരന്മാർ=ഒരു ജാതി ദേവന്മാർ.

" 45. ദിക്പാലന്മാർ=എട്ടു ദിക്കുകളുടെ രക്ഷിതാക്കന്മാരായ എട്ടു ദേവന്മാർ. കിഴക്ക്, തെക്ക്, പടിഞ്ഞാറ്, വടക്ക് ഇവറ്റിൽ മുറയ്ക്ക് ഇന്ദ്രൻ, യമൻ, വരുണൻ, കുബേരൻ എന്നിവർ; കിഴക്കുതെക്കു, തെക്കുപടിഞ്ഞാറ് തുടങ്ങിയ നാലു മൂലയ്ക്കും ക്രമത്തിൽ അഗ്നി, നിരൃതി, വായു, ഈശാനൻ എന്നിവർ. ഈ അഷ്ടദിക്പാലന്മാരുടെ കലകളോടുകൂടിയാണ് രാജാവിന്റെ ജനനം എന്നു ശാസ്ത്രപ്രസിദ്ധം.

" 47. അധിജ്യധന്വാവ് = വില്ലുകുലയേററിയവൻ.

ഭാഗം 48. പുംസവനം= പുരുഷപ്രജയുണ്ടാവാനായി ചെയ്യുന്ന ഒരു സംസ്കാരം.

" 49 മൌഢ്യംകൂടാതെ=..........സ്വക്ഷേത്രത്തെ ആശ്രയിച്ചിരിക്കുന്നതും, സൂര്യനെ പ്രാപിക്കാത്തതും ആയ അഞ്ചു ഗ്രഹങ്ങൾ.

" 50. ചന്ദ്രദർശനംകൊണ്ടു പൊങ്ങിവരുന്ന വെള്ളം = വേലിയേററസമയത്തു ചന്ദ്രദർശനത്താൽ കടലിൽ വെള്ളം പൊങ്ങുന്നു.

" 52. ശചി=ഇന്ദ്രന്റെ പട്ടമഹിഷി; പുരന്ദരൻ=ദേവേന്ദ്രൻ; ജയന്തൻ= അവരുടെ പുത്രൻ. ഉപാന്തസമ്മീലിതലോചനൻ= കൺപോളകൾ അല്പം ചിമ്മിയവൻ; ഇതു പുത്രാലിംഗനസുഖത്തിന്റെ ചിഹ്നമാണ്.

" 53. ശബ്ദപ്രപഞ്ചം=ശബ്ദസമൂഹം. സൂര്യാശ്വങ്ങൾ=ഏഴു കുതിരകൾ.

" 54. രാജകന്യകമാർ.......... ...ശോഭിച്ചു= ഗോദാനം കഴിഞ്ഞ് വിവാഹാർഹനായ രഘുവിൽ ആശയോടുകൂടി ശോഭിച്ചു എന്നു ഭാവം.

ഭാഗം 55. താമരപ്പൂവിൽനിന്ന് ..........ഉൽപല
ത്തിലേക്ക്=വൈകുന്നേരം താമര
കൂമ്പുകയും ഉൽപലം വിടരുകയും
ചെയ്യുമ്പോൾ പത്മത്തിൽ പാൎക്കു
ന്ന ലക്ഷ്മി ഉൽപലത്തിലേക്കു പ
കരുന്നു.

„ 58. ശതക്രതു = നൂറു യാഗം ചെയ്യുവൻ
(ഇന്ദ്രൻ)

„ 59. കപിലമഹൎഷിയോടു തുല്യൻ=ഈ വി
ശേഷണത്താൽ ഇന്ദ്രൻ തന്റെ
ശക്തിയെ പ്രകടിക്കുന്നു. സഗര
ന്റെ ഹോമാശ്വത്തെ തിരഞ്ഞു
സഗരപുത്രന്മാർ പാതാളത്തിൽ
ചെന്നപ്പോൾ ഒരിടത്തു അശ്വ
ത്തെയും അതിന്നടുത്തു തപസ്സു
ചെയ്യുന്ന കപിലമഹൎഷിയേയും
കണ്ടു. അവർ ആ മഹൎഷിയെ ഉ
പദ്രവിപ്പാൻ ശ്രമിച്ചപ്പോൾ അ
ദ്ദേഹത്തിന്റെ ക്രോധാഗ്നിയിൽ
എല്ലാവരും ദഹിച്ചു. പിന്നീടവ
ൎക്കു ഗതി വരുവാൻ ഭഗീരഥപ്രയ
ത്നം വേണ്ടിവന്നു.

„ 60. നൂതനമേഘസമൂഹത്തിന്ന് അടയാ
ളമായ വില്ല്=ഇന്ദ്രചാപം (മഴ

ഭാഗം ചില്ല്). അനാസ്വാദിതപൂർവ്വം=മു
മ്പാസ്വദിച്ചിട്ടില്ലാത്തത്.

,, 61. മന്ദരപർവ്വതം=ഈ പർവ്വതത്തെ കട
കോലാക്കിയിട്ടാണ് പാലാഴി മ
ഥനം ചെയ്തത്.

,, 63. പരമേശ്വരന്റെ മൂർത്ത്യഷ്ടകം=പരമേ
ശ്വരന്നു ജലം, അഗ്നി, യജമാ
നൻ, സൂര്യൻ, ചന്ദ്രൻ, ആകാ
ശം, ഭൂമി, വായു എന്ന് എട്ടു മൂ
ർത്തികൾ ഉണ്ട്. യാഗം ചെയ്യു
മ്പോൾ ദിലീപൻ (യജമാനൻ)
അതിലൊന്നാണല്ലോ.

64. ശ്വേതച്ഛത്രം=വെങ്കൊറ്റക്കുട.

,, 70. നീരാജന=തിരിയുഴിയൽ.

,, 71. ഭഗീരഥൻ......ഗംഗയെ=കപില്കോ
പത്താൽ ദഹിച്ചുപോയ സഗര
പുത്രന്മാർക്കു ഗതി വരുത്തുവാൻ ഭ
ഗീരഥൻ തപസ്സു ചെയ്ത് ആകാ
ശഗംഗയെ ഭൂമിയിലേക്കു വരു
ത്തി. ഗംഗ ഭൂമിയിലേക്കു വീഴു
മ്പോൾ ശിവൻ അതിനെ തല
യിൽ വഹിച്ചു.

,, 74. മംഗലസ്നാനം=വിവാഹസ്നാനം. അ
ഗസ്ത്യൻ സഞ്ചരിക്കുന്ന..........ജ

ഭാഗം യാശംസ കൂടാതെ=ദക്ഷിണദിക്കി
ലാണഗസ്ത്യമഹൎഷി പാൎത്തുവന്ന
ത്. അവിടേക്ക തനിക്ക ജയം
ലഭിക്കേണമേ എന്ന പ്രാൎത്ഥനാ കൂ
ടാതെ പോയി. ജയത്തെപ്പററി
ശങ്ക കൂടാതെ എന്നു ഭാവം. കാ
വേരിയെപ്പററി ശങ്ക ജനിപ്പിച്ചു=
മദജലമണമുള്ള കാവേരി സമുദ്ര
ത്തിലെത്തുമ്പോൾ രഘുസൈന്യ
ങ്ങൾ കാവേരിയിലിറങ്ങിയ വസ്തു
ത സമുദ്രത്തിന്നറിയുമാറായി എ
ന്നൎത്ഥം. ഭൂൎജവൃക്ഷങ്ങൾ=പെരുമ
രങ്ങൾ. നമേരുവൃക്ഷങ്ങൾ=ഒരു
ജാതി പുന്നമരങ്ങൾ.

,, 89. അൎത്ഥകാൎശ്യം=ധനക്കുറവ്.

,, 91. മന്ത്രോക്ഷണം=മന്ത്രപൂതമായ ജലം തളിക്കൽ.

,, 92. അഭിയാസ്യമാനൻ=ആക്രമിക്കപ്പെടുവാൻ പോകുന്നവൻ.

,, 93 ബ്രാഹ്മമുഹൂൎത്തം=ബ്രഹ്മയാമം (പുലരുവാൻ കാലത്ത്)

,, 102 ഭാവാവബോധം=ഭാവത്തിന്റെ (അഭിപ്രായത്തിന്റെ) അറിവ്; അ

ഭാഗം ന്യസ്ത്രീയെ കാമിച്ചിരിക്കുന്നവനാണ് ഭൎത്താവ് എന്നറിഞ്ഞാൽ ഭാൎയ്യ പരകൃത്യ ചെയ്യുവാൻ മടിക്കുന്നതുപോലെ ഇന്ദുമതീസക്തനായ അജന്റെ അടുത്തുചെല്ലുവാൻ നിദ്ര മടിച്ചു എന്നു താല്പൎയ്യം.

„ 109. ദൂൎവ്വാകമധൂകമാല=ഇടയ്ക്കിടയ്ക്ക് കറുകനാമ്പുകളും കൂട്ടിത്തൊടുത്ത് മധൂക (ഇരിപ്പ) പ്പൂക്കളെക്കൊണ്ടു കെട്ടിയുണ്ടാക്കിയ മാല. വിവാഹസമയത്തു വധു ധരിക്കേണ്ടതായ ഒരു മാല. തലയിൽചൂടിട്ടുള്ള ആ മാല തല കുനിച്ചപ്പോൾ ആടി.

„ 112. മുഖത്തിൽ..........സഹസ്രം ബാഹുകൾ=കാൎത്തവീൎയ്യാൎജ്ജുനന്ന് ആയിരം കൈകളുണ്ടായിരുന്നു.

„ 118. സഞ്ചാരിണിയായ ദീപശിഖ=സഞ്ചരിക്കുന്നതായ ദീപജ്വാല ('കാളിദാസനും രഘുവംശവും' നോക്കുക)